# വാർഷിക റിപ്പോർട്ട്

## 2023-2024

***'Towards a safer state'***

സുരക്ഷായനം


കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം – 695033
Thiruvananthapuram, Kerala - 695033
ടെലിഫോൺ | Phone - 0471 2778855, 0471-2778888
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1070
www.sdma.kerala.gov.in

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022 , 2022-2023 , 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/DMD തീയതി,തിരുവനന്തപുരം, 18-07-2026

---

പരാമർശം:-

1. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30.07.2025 തീയതിയിലെ MTO I/1429/2025/Admin നമ്പർ കത്ത്
2. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 26.09.2025 തീയതിയിലെ MTO VI/2051/2025/Admin നമ്പർ കത്ത്
3. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 22.10.2025 തീയതിയിലെ MTO II/2317/2025/SDMA-KSDMA നമ്പർ കത്ത്.
4. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 14.01.2026 തീയതിയിലെ MTO VI/2017/2025/Admin നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി പരാമർശ പ്രകാരം ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പെടെ )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ) കേരള, തിരുവനന്തപുരം


പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 21-07-2026
10:48:23

സെക്ഷൻ ഓഫീസർ


KERALA
Multi Hazard Risk Index
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
LEGEND
No Risk
Low Risk
Moderate Risk
High Risk
Taluk Boundary
District Boundary
Km
0 15 30 60
75°0'0"E
75°50'0"E
76°40'0"E
77°30'0"E
12°30'0"N
11°40'0"N
10°50'0"N
10°0'0"N
9°10'0"N
8°20'0"N
Mangaluru
Hassan
Mandya
Mysure
Gundlupet
Erode
Coimbatore
Tiruppur
Palani
Kadayanallur
Tirunelveli
Rajapalay
RISK LAB, KSEOC
Kerala State Disaster Management Authority
Thiruvananthapuram

# ആമുഖം

ദുരന്തങ്ങളെ അതിജീവിക്കുവാൻ സംസ്ഥാനത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഗൗരവമായ ചിന്തകളും ഇടപെടലുകളും നടന്ന വർഷമാണ് 2023-24 സാമ്പത്തിക വർഷം. കേരളത്തിൻറെ സമീപ ഭാവിയുടെ ഗതി നിശ്ചയിക്കുന്നതിലേക്ക് നിസ്തുലമായ സംഭാവനകൾ കൂട്ടിച്ചേർക്കപ്പെട്ട വർഷം. വിവിധങ്ങളായ പ്രകൃതി ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടാൻ ഇക്കാലയളവിൽ സംസ്ഥാനത്തിന് സാധിച്ചു.

കേരളം നേരിടുന്ന പ്രകൃതിദുരന്തങ്ങളുടെ ആവർത്തനവും തീവ്രതയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയവും സമഗ്രവുമായ രീതിയിലേക്കാണ് മാറുന്നത്. 2023–24 കാലയളവിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) വിവിധ മേഖലകളിൽ നടത്തിയ ഇടപെടലുകൾ, നയനിർമ്മാണം മുതൽ ഗ്രാസ്റൂട്ട് തലത്തിൽ നടന്ന പരിശീലനങ്ങൾ വരെ, സംസ്ഥാനത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ഈ വാർഷിക റിപ്പോർട്ട്, അതോറിറ്റിയുടെ ദൗത്യം, പ്രവർത്തനരീതികൾ, പ്രധാന പദ്ധതികൾ, പങ്കാളിത്തങ്ങൾ, നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗം, സാമൂഹിക ഉൾപ്പെടുത്തൽ, നിയമപരമായ പുരോഗതികൾ എന്നിവയെ സമഗ്രമായി രേഖപ്പെടുത്തുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾ, സാമൂഹിക അസമത്വങ്ങൾ, വൈകല്യങ്ങൾ, ലിംഗസമത്വം എന്നിവ ഈ വർഷത്തെ പ്രവർത്തനങ്ങളിൽ വ്യക്തമായി പ്രതിഫലിക്കുന്നു.

കേരളത്തിന്റെ ദുരന്തനിവാരണ രംഗത്തെ ദിശാനിർണ്ണയത്തിനും, ഭാവിയിലേക്ക് നയിക്കുന്ന നയപരമായ ഇടപെടലുകൾക്കും ഈ റിപ്പോർട്ട് ഒരു ദിശാസൂചകമായി പ്രവർത്തിക്കുന്നു.

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| റവന്യൂ വകുപ്പ് മന്ത്രി | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman) |
| ആഭ്യന്തര വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| കൃഷി വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ചീഫ് സെക്രട്ടറി | മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം | അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary) |

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ ഇരുപതാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത

ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു. GO (Rt) No. 772/2020/DMD dated 1-10-2020 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ സഹായിക്കുവാൻ ആയി കമ്മീഷണർ ദുരന്ത നിവാരണം എന്ന പദവി സൃഷ്ട്ടിച്ച് ഒരു AIS ഉദ്യോഗസ്ഥനെ നിയോഗിച്ചു.

| | |
|---|---|
| ചീഫ് സെക്രട്ടറി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |

## അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Ms) No. 68/2011/DMD dated 8-2-2011.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Rt) No. 6410/2013/DMD dated 29-11-2013.

- ഖനന മേഖലയിലെ അപകടങ്ങളോട് പ്രതികരിക്കുന്നതിനുള്ള സമിതി: GO (Rt) No. 542/14/ID dated 26-05-2014.
- ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി: GO (Rt) No. 453/2021/DMD dated 3-6-2021

## ഉപദേശക സമിതികൾ

- ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ വിദഗ്ധ സംഘം: GO (Rt) No. 356/2020/DMD dated 17-03-2020
- മണ്ണിടിച്ചിൽ/ഉരുപൊട്ടൽ മേഖലയിലെ ഗൃഹ നിർമ്മാണം: GO (Rt) No. 644/2018/DMD dated 30-11-2018
- മിനിമം റിലീഫ് കോഡ്: GO (Ms) No. 7/2018/DMD dated 21-6-2018
- സ്കൂൾ സുരക്ഷ: GO (Rt) No. 271/2018/DMD dated 11-05-2018
- ദുരന്ത പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ: GO (Rt) No. 86/2017/DMD dated 12-12-2017
- ഭൂമി കുലുക്ക പ്രതിരോധ നിർമ്മാണം: GO (Rt) No. 1299/2015/DMD dated 12-03-2015
- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം: GO (Rt) No. 6084/2011/DMD dated 17-12-2011

## ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃതത്തിൽ, പോലീസ്, റവന്യു, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ കളക്ടർ | അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |

| | |
|---|---|
| ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman) |
| ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്) | മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ജില്ലാ പോലീസ് മേധാവി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)] | തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം |
| | പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് |
| | കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ |
| | ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത് |
| | പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ |
| | എറണാകുളം – റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി |

# Contents


1. പ്രവർത്തനങ്ങൾ ........ 15
1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ........ 15
1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ........ 15
1.3 ദുരന്ത പ്രതിരോധ നിധി (State Disaster Mitigation Fund - SDMF) സംബന്ധിച്ച ഓറിയന്റേഷൻ പരിപാടി ........ 15
1.4 സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകരുടെ ഏകദിന യോഗം ........ 15
1.5 ഒഡിഷ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം . 16
1.6 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS) പരിശീലന പരിപാടി ........ 17
1.7 ടാറ്റാ സസ്റ്റെയിനബിലിറ്റി ഗ്രൂപ്പിന്റെ ദുരന്ത ലഘൂകരണ പരിശീലനം18
1.8 എറണാകുളം - ഓറഞ്ച് ബുക്ക് പരിശീലന പരിപാടി ........ 18
1.9 എറണാകുളം - സ്കൂൾ സുരക്ഷാ അവലോകന യോഗവും USCHOOL ആപ്പിന്റെ പരിശീലനവും ........ 19
1.10 വയനാട് - സ്കൂൾ സുരക്ഷാ പരിശീലന പരിപാടി ........ 19
1.11 എറണാകുളം - USCHOOL ആപ്പിന്റെ രണ്ടാംഘട്ട ഓൺലൈൻ പരിശീലനം 20
1.12 ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല - സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികളുടെ സന്ദർശനം ........ 20
1.13 കണ്ണൂർ - ജില്ല വികസന സെമിനാർ ........ 21
1.14 കോഴിക്കോട് ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ആൻഡ് ഹെൽത്ത് - സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികളുടെ സന്ദർശനം21
1.15 ലോക ഹ്യൂമാനിറ്റേറിയൻ ദിനം ........ 22
1.16 കാസർഗോഡ് - ഫീൽഡ് തല ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം 22
1.17 ഇടുക്കി - ടൂറിസം ബോട്ട് തൊഴിലാളികൾക്കായി ദുരന്ത നിവാരണ പരിശീലന പരിപാടി ........ 23
1.18 ആലപ്പുഴ - ദുരന്ത അവബോധവും പ്രതിരോധ തന്ത്രങ്ങളും സംബന്ധിച്ച പരിശീലന പരിപാടി ........ 24
1.19 അന്താരാഷ്ട്ര പ്രാദേശിക കാലാവസ്ഥാ സമ്മേളനം (ICRC-CORDEX2023)24
1.20 ലോകാരോഗ്യ സംഘടനയുടെ (WHO) ഇന്ത്യാ ടീമിന്റെ സന്ദർശനം ... 25
1.21 തൃശൂർ - സ്കൂൾ സുരക്ഷയും മുങ്ങൽ അപകടങ്ങളും - അവബോധ പരിപാടി 26
1.22 ആലപ്പുഴ - ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണ പരിശീലന പരിപാടി 26

1.23 പാലക്കാട് - ടേബിൾടോപ്പ് എക്സർസൈസ്.......... 27
1.24 ലോക മാനസികാരോഗ്യ ദിനം.......... 27
1.25 തൃശൂർ - ഭിന്നശേഷിയുള്ള വ്യക്തികൾക്കായി പ്രത്യേക ദുരന്ത നിവാരണ പരിശീലന പരിപാടി.......... 28
1.26 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - കണ്ണൂർ.......... 28
1.27 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - പാലക്കാട്.......... 29
1.28 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - ഇടുക്കി.......... 30
1.29 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – മലപ്പുറം – പോസ്റ്റർ മത്സരം30
1.30 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - തൃശൂർ.......... 31
1.31 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - വയനാട്.......... 32
1.32 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - എറണാകുളം.......... 33
1.33 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - പത്തനംതിട്ട.......... 34
1.34 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - കാസർഗോഡ്.......... 35
1.35 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കോട്ടയം.......... 36
1.36 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - ആലപ്പുഴ.......... 36
1.37 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - കൊല്ലം.......... 37
1.38 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - മലപ്പുറം.......... 38
1.39 കോട്ടയം – കുമാരകം ഗ്രാമപഞ്ചായത്ത് - ദുരന്ത നിവാരണ പദ്ധതി പുതുക്കൽ 39
1.40 കേരള–നോർവെ ഉഭയകക്ഷി ദുരന്ത ലഘൂകരണ ശില്പശാല.......... 40
1.41 ദുരന്ത നിവാരണ മോക്ക് ഡ്രിൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ 41
1.42 2023ലെ ഓറഞ്ച് പുസ്തകം - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ.......... 42
1.43 കൊല്ലം - ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും വേണ്ടി ദുരന്ത നിവാരണ പരിശീലന പരിപാടി.......... 43
1.44 തിരുവനന്തപുരം - വെള്ളപ്പൊക്ക രക്ഷാപ്രവർത്തന മോക്ക് ഡ്രിൽ.. 44
1.45 ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി - വിദ്യാർത്ഥികളുടെ സന്ദർശനം.......... 44
1.46 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ്, കില - വിദ്യാർത്ഥികളുടെ സന്ദർശനം.......... 45
1.47 പാലക്കാട് - സ്കൂൾ സുരക്ഷയും 'ഉസ്കൂൾ' ആപ്പിന്റെ ഉപയോഗവും.. 45
1.48 കേരളീയം.......... 46
1.49 മലപ്പുറം - ആപ്ദാമിത്ര സന്നദ്ധസേവകർക്ക് ഉപകരണ വിതരണം...... 48

1.50 കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി ഫെലോകളുടെ സന്ദർശനം... 49

1.51 ആലപ്പുഴ – മിന്നൽ ബോധവത്കരണ പരിപാടി ........................................ 50

1.52 ആലപ്പുഴ – സ്കൂൾ സുരക്ഷ ബോധവത്കരണ പരിപാടി........................... 50

1.53 ഹഡിൽ ഗ്ലോബൽ 2023 – പങ്കാളിത്തം ............................................................ 51

1.54 എറണാകുളം - സ്കൂൾ ദുരന്തനിവാരണ ക്ലബ് ................................................ 51

1.55 കോട്ടയം – മേലുകാവ് ഗ്രാമപഞ്ചായത്തിൽ ദുരന്തനിവാരണ ബോധവത്കരണ പരിപാടി.......................................................................................................... 52

1.56 രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി52

1.57 Virtual Cadre Training പരിപാടി....................................................................... 53

1.58 കേരള സർവകലാശാല- വിദ്യാർത്ഥികളുടെ സന്ദർശനം...................... 54

1.59 ദുരന്ത നിവാരണത്തിൽ ബഹിരാകാശ സാങ്കേതികവിദ്യയുടെ പങ്ക് - ശിൽപ്പശാല...................................................................................................... 54

1.60 INSPIRE – Institutional Strengthening through Preparedness for Inclusive Response in India - ശ്രീലങ്കയിൽ, കൊളംബോയിൽ നടന്ന ശിൽപ്പശാല ........................................... 55

1.61 കാസർഗോഡ് - മാലിന്യ നിവാരണ പരിശീലന പരിപാടി .................... 55

1.62 കാസർഗോഡ് - മാർത്തോമാ ഹയർ സെക്കൻഡറി സ്കൂൾ ദുരന്ത നിവാരണ പരിശീലന പരിപാടി ........................................................................................ 56

1.63 കാസർഗോഡ് - മിനി സിവിൽ സ്റ്റേഷൻ - സ്കൂൾ ദുരന്ത നിവാരണ പരിശീലന പരിപാടി.......................................................................................................... 56

1.64 ദുരന്ത ആശയവിനിമയ രംഗത്തെ പരിശീലനം ........................................ 57

1.65 കണ്ണൂർ - 31 K BN NCC സംഘടിപ്പിച്ച റെസിഡൻഷ്യൽ ക്യാമ്പ് ................ 57

1.66 അൻപോട് കേരളം ............................................................................................ 58

1.67 LSG ദുരന്തനിവാരണ പദ്ധതി കോർഡിനേറ്റർമാരുടെ ഇൻഡക്ഷൻ പരിശീലന പരിപാടി.......................................................................................................... 59

1.68 താപം, മിന്നൽ, കാറ്റ് പ്രതിരോധ ഡിസൈൻ - പരിശീലന പരിപാടി.. 59

1.69 Sponge Cities: Emerging Concepts in Urban Flood Management - പരിശീലന പരിപാടി 60

1.70 2024 ജനുവരി 19-ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന 'Basics of Disaster Management - പരിശീലന പരിപാടി ........................................................................ 60

1.71 Early Warning and its Applications in Disaster Management - പരിശീലന പരിപാടി 61

1.72 Climate Change, Hazard, Disaster and Disaster Management - പരിശീലന പരിപാടി 61

1.73 സന്ദർശനം - ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം നഴ്സിംഗ് വിഭാഗത്തിലെ മൂന്നാം വർഷ വിദ്യാർത്ഥികൾ..................................................... 62

1.74 കോട്ടയം - IDRN വെബ്സൈറ്റ് അപ്ഡേഷൻ പരിശീലന പരിപാടി ..... 62
1.75 സന്ദർശനം - CHMM College of Advanced Studies-ലെ BSW വിദ്യാർത്ഥികൾ63
1.76 പാലക്കാട് - മോക്ക് ഡ്രിൽ ..... 63
1.77 സന്ദർശനം - Student Police Cadets ..... 64
1.78 സന്ദർശനം - Nehru College of Management, Pampady-യിൽ MBA ആദ്യ വർഷ വിദ്യാർത്ഥികൾ ..... 64
1.79 JTO ട്രെയിനിമാരുടെ സന്ദർശനം ..... 65
1.80 Inclusive Disaster Management for Migrant Workers - പോളിസി വർക്ക്ഷോപ്പ്65
1.81 Basics of Disaster Management and its Applications - കേന്ദ്രിയ വിദ്യാലയ, പട്ടം-ൽ സ്കൂൾ വിദ്യാർത്ഥികൾക്കായി വർക്ക്ഷോപ്പ് ..... 66
1.82 INICIO 2024 - അന്താരാഷ്ട്ര സമ്മേളനം ..... 66
1.83 കോട്ടയം - മെഡിക്കൽ ഓഫീസർമാരും നഴ്സിംഗ് ഓഫീസർമാരും പങ്കെടുത്ത "Disaster Management and Disaster Preparedness" പരിശീലന പരിപാടി 67
1.84 മലപ്പുറം - മോക്ക് ഡ്രിൽ ..... 67
1.85 മലപ്പുറം - ഉഷ്ണതരംഗം സാഹചര്യങ്ങളും തീപിടുത്തവും - പരിശീലന പരിപാടി 68
1.86 നെഹ്റു കോളേജ് ഓഫ് മാനേജ്മെൻറ് - Expert Talk Series ..... 68
1.87 ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ - സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം ..... 69
1.88 Expert Talk Series - Forest, Water & Meteorological Days ..... 69
1.89 മനുഷ്യ-വന്യജീവി സംഘർഷം – സംസ്ഥാന സവിശേഷ ദുരന്തം ..... 70
1.90 തൃശൂർ പൂരം - ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ ..... 70
1.91 സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചു 71
1.92 സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ പരിശോധനാ കമ്മിറ്റി ..... 71
1.93 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി ..... 72
1.94 കാര്യാലയ പ്രവർത്തനങ്ങൾ ..... 72
1.95 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി ..... 72
1.96 നീരറിവ് - മുങ്ങിമരണ അവബോധ സിനിമ ..... 73
1.97 ERSS112 - രാജ്യത്തെ അടിയന്തിര സഹായ നംബർ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലും ..... 73
1.98 കോമൺ അലേർട്ട് പ്രോട്ടോക്കോൾ - സ്ഥലാദ്ധിഷ്ഠിത മുന്നറിയിപ്പ് സംവിധാനം 74

1.99 അടിസ്ഥാന സൌകര്യ വികസന പ്രക്രിയയിൽ ദുരന്തം തടയുന്നതിനുള്ള ചെക്ക് ലിസ്റ്റ് ........ 74
1.100 ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ജല-കാലാവസ്ഥാ കൂട്ടായിമയായ South Asian Hydro-Met Forumത്തിന്റെ നാലാം സമ്മേളനം........ 75
1.101 അന്താരാഷ്ട്ര പരിശീലനം - ഫ്രാൻസ് ........ 76
1.102 അൾട്രാ വയലറ്റ് സൂചിക നിരീക്ഷണ സംവിധാനം........ 77
1.103 വേനൽക്കാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ........ 77
സാമ്പത്തിക വിനിയോഗം 2023-2024 ........ 83
ഉപസംഹാരം ........ 86

# 1. പ്രവർത്തനങ്ങൾ

## 1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം

2023-24 സാമ്പത്തിക വർഷത്തിൽ 30-5-2023ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു.

## 1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം

2022-23 സാമ്പത്തിക വർഷത്തിൽ 20-5-2023, 26-8-2023, 18-1-2024 എന്നീ ദിവസങ്ങളിൽ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ചേർന്നു.

## 1.3 ദുരന്ത പ്രതിരോധ നിധി (State Disaster Mitigation Fund - SDMF) സംബന്ധിച്ച ഓറിയന്റേഷൻ പരിപാടി

15-ആം ധനകാര്യ കമ്മീഷന്റെ (2021-22 മുതൽ 2025-26 വരെ) ശുപാർശയുടെ അടിസ്ഥാനത്തിൽ, ആഭ്യന്തര മന്ത്രാലയം (MHA) പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, 2022 ജനുവരി 14-നുള്ള കത്ത് നമ്പർ 33-02/2020-NDM-I പ്രകാരം ദേശീയ ദുരന്ത പ്രതിരോധ നിധി (State Disaster Mitigation Fund - SDMF) രൂപീകരിച്ചു. SDMF എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഫീൽഡ് വകുപ്പുകൾക്കും വിവിധ ദുരന്ത പ്രതിരോധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക ഉറവിടമാണ്. എന്നാൽ എല്ലാ പദ്ധതികൾക്കും SDMF വഴി ഫണ്ടിംഗ് ലഭ്യമാകില്ല.

SDMF വഴി നടപ്പിലാക്കാവുന്ന പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനായി, 2023 മേയ് 16-ന് രാവിലെ 10.30-ന് ഓൺലൈൻ ഓറിയന്റേഷൻ പരിപാടി സംഘടിപ്പിക്കപ്പെട്ടു.

കൺസൾട്ടേഷൻ മീറ്റിംഗിന്റെ ലക്ഷ്യങ്ങൾ:

- SDMF/NDMF മാർഗ്ഗനിർദ്ദേശങ്ങൾ പരിചയപ്പെടുത്തുക
- മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ സ്വീകരിക്കുക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ വകുപ്പ്, ജലസേചന വകുപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ എന്നിവയിലെ ഉദ്യോഗസ്ഥർ ഓൺലൈൻ ആയി പങ്കെടുത്തു.

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/05/Report_of_orientation_programme-Edited.pdf

## 1.4 സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകരുടെ ഏകദിന യോഗം

കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്ന സംസ്ഥാന സർക്കാരിൻറെ പ്രഖ്യാപിത നയത്തിൻറെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളും ജനകീയ പ്രസ്ഥാനങ്ങളും സംയുക്തമായി സംഘടിപ്പിക്കുന്ന പഞ്ചദിന പരിപാടിയായ സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ (ഫ്രീഡം ഫെസ്റ്റ്ന്റെ) മുന്നൊരുക്കത്തിന്റെ

ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേരളത്തിലെ സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകരുടെ ഏകദിന യോഗം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാനത്തു വച്ച് 2023 മെയ് 25നു സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകർ പങ്കെടുത്ത ചർച്ചകൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ് നേതൃത്വം നൽകി .



കേരളത്തിലെ വിവിധ ജില്ലകളിലെ സ്വതന്ത്ര കാലാവസ്ഥാ നിരീക്ഷകർ സജീവമായി പങ്കെടുത്ത പരിപാടിയിൽ, അവരുടെ വിലപ്പെട്ട ഉൾക്കാഴ്ചകളും വൈദഗ്ധ്യവും പങ്കു വെച്ചു. സംസ്ഥാനത്തിന്റെ ദുരന്തലഘൂകരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സ്വതന്ത്ര കാലാവസ്ഥാ നിരീക്ഷകർ തമ്മിലുള്ള സഹകരണം, അറിവ് പങ്കുവയ്ക്കൽ, ഏകോപനം എന്നിവ വർധിപ്പിക്കുക എന്നതായിരുന്നു യോഗത്തിന്റെ ലക്ഷ്യം.

സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകരായ ശ്രീ. ശരത് എസ്.കെ, ശ്രീ. എബി ഇമ്മാനുവേൽ, ശ്രീ. അഭിജിത്, ശ്രീ. രഘു റാം, ഡോ. ഗോപകുമാർ ചോലയിൽ, ഡോ. വേണു ജി നായർ, ഡോ. മധുസൂദനൻ, ശ്രീ. അഭിലാഷ് ജോസഫ്, ശ്രീ. ജംഷാദ് കെ, ശ്രീ. സോവിത് വി.എം, ഡോ. വിഷ്ണുദാസ്, ഡോ. മാർട്ടിൻ എന്നിവരും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാഡ് ആൻഡ് റിസ്ക് അനലിസ്റ്റ് പ്രദീപ് ജി എസ്, കാലാവസ്ഥ വിദഗ്ധരായ ശ്രീ. രാജീവൻ, ശ്രീമതി രമ്യ ആർ, ഡോ. ഷിനു ഷീല വിൽസൺ, ശ്രീ. ഫഹദ് മർസൂക്, മൾട്ടി ടാസ്കിങ് ഓഫീസർ ശ്രീമതി. അഷ്ന പണിക്കർ എന്നിവർ പങ്കെടുത്തു.

റിപോർട്ട്: http://sdma.kerala.gov.in/wp-content/uploads/2023/10/weather-observers-reprotpdf-1.pdf

## 1.5 ഒഡിഷ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സന്ദർശനം

2023 ജൂൺ 2 മുതൽ 5 വരെ, ഒഡിഷ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ (OSDMA) വിദഗ്ധർ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ (KSDMA) സന്ദർശിച്ചു. ഈ സന്ദർശനം സംസ്ഥാന അടിയന്തര പ്രവർത്തന കേന്ദ്രം (SEOC), GIS സെൽ, ദുരന്ത ശമന സംവിധാനങ്ങൾ, എന്നിവയുടെ പ്രവർത്തനം നേരിട്ട് കാണുന്നതിനും പഠിക്കുന്നതിനുമായിരുന്നു.

പ്രധാന സന്ദർശനങ്ങൾ:

🏢 KSDMA & SEOC സന്ദർശനം (ജൂൺ 3) Kerala Warning Communication and Hazard Management System (KaWaCHaM), Warning Dissemination, Geo Database, Inclusive DRR, HVRA, Volunteerism, Mitigation Measures എന്നിവയെക്കുറിച്ച് വിശദീകരണങ്ങൾ.

🛰️ KSREC സന്ദർശനം (ജൂൺ 4) Remote Sensing & GIS-ന്റെ ഉപയോഗം ഭൂമിയും ജല വിഭവങ്ങളും പരിസ്ഥിതി നിരീക്ഷണവും സംബന്ധിച്ച ഗവേഷണ-പരിശീലന പ്രവർത്തനങ്ങൾ.



💻 ICFOSS സന്ദർശനം ഓപ്പൺ സോഴ്സ് സാങ്കേതികവിദ്യകളുടെ പ്രചാരത്തിനായി കേരള സർക്കാർ ആരംഭിച്ച സംരംഭം.

പങ്കെടുത്ത പ്രതിനിധികൾ (OSDMA):

- ശ്രീ ധീരേന്ദ്ര കുമാർ സാഹു - ചീഫ് ജനറൽ മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്)
- ശ്രീ ജയജഗത് സാഹു - ഡെപ്യൂട്ടി ജനറൽ മാനേജർ (ഐ.ടി)
- ശ്രീ സാർഥക് സൗരവ് മോഹപാത്ര - ഡെപ്യൂട്ടി ജനറൽ മാനേജർ
- ഡോ. രാകേഷ് രഞ്ജൻ ഠാക്കൂർ - GIS പ്രൊഫഷണൽ

SDMA-യുടെ ഭാഗത്ത് നിന്ന്: ശ്രീമതി അമൃത (ഹെൽത്ത് & പരിസ്ഥിതി), ശ്രീ ആദർവ് (സേഫ്റ്റി എഞ്ചിനീയർ) എന്നിവർ സന്ദർശനം ഏകോപിപ്പിച്ചു.

റിപ്പോർട്ട്: http://sdma.kerala.gov.in/wp-content/uploads/2023/11/oSDMA_Visit.pdf

## 1.6 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS) പരിശീലന പരിപാടി

കേരളത്തിലെ എല്ലാ ജില്ലകളിലെയും താലൂക്ക് തല IRS ഉദ്യോഗസ്ഥർക്കായി ഓൺലൈൻ, ഓഫ്‌ലൈൻ രീതികളിൽ IRS പരിശീലനം സംഘടിപ്പിച്ചു. ദുരന്ത പ്രതികരണ ഘട്ടത്തിൽ അപ്രതീക്ഷിതത്വം കുറയ്ക്കുന്നതിനും, ഉത്തരവാദിത്തങ്ങൾ വ്യക്തമായി നിർവചിക്കുന്നതിനും IRS സംവിധാനം സഹായകരമാണെന്ന് പരിശീലനത്തിൽ വിശദീകരിച്ചു. പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഫിസിക്കൽ സെഷനുകൾ നടന്നു; മറ്റ് ജില്ലകളിൽ ഓൺലൈൻ സെഷനുകൾ ആയിരുന്നു.

പരിശീലന സെഷനുകൾ Mr. Rakesh M.C, Mr. Siji M Thankachan, Mr. Sathyakumar C J, Ms. Amrutha തുടങ്ങിയ വിദഗ്ധർ കൈകാര്യം ചെയ്തു. IRSയുടെ ചരിത്രം, ഘടന, വിവിധ ഉദ്യോഗസ്ഥരുടെ ചുമതലകൾ, രേഖപ്പെടുത്തലിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു. ഓരോ സെഷനും ജില്ലാനിരപ്പിൽ IRS ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പാക്കാൻ ലക്ഷ്യമിട്ടതായിരുന്നു.

പരിശീലന പരിപാടികൾ ഓരോ ജില്ലയിലും നിശ്ചിത സമയക്രമപ്രകാരം നടന്നു. Collectorate-കളിൽ നടന്ന ഓഫ്‌ലൈൻ സെഷനുകൾക്ക് പുറമെ, Zoom പോലുള്ള പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ



സെഷനുകൾ നടന്നു. പങ്കെടുത്ത ഉദ്യോഗസ്ഥരുടെ ലിസ്റ്റ്, സെഷനുകളുടെ ഫോട്ടോകൾ, പരിശീലന സമയക്രമം എന്നിവ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റിപോർട്ട്: http://sdma.kerala.gov.in/wp-content/uploads/2023/06/IRS_Training_Report.pdf

## 1.7 ടാറ്റാ സസ്റ്റെയിനബിലിറ്റി ഗ്രൂപ്പിന്റെ ദുരന്ത ലഘൂകരണ പരിശീലനം

ടാറ്റാ സസ്റ്റെയിനബിലിറ്റി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ, കേരളത്തിലെ പ്രധാന ദുരന്ത സാധ്യതയുള്ള സംസ്ഥാനങ്ങളിൽ ടാറ്റാ ഗ്രൂപ്പിന്റെ വിവിധ സ്ഥാപനങ്ങളിലെ മുതിർന്ന പ്രതിനിധികൾ പങ്കെടുത്ത സംസ്ഥാന ദുരന്ത പ്രതികരണ പ്ലാറ്റ്ഫോം മീറ്റിംഗ് 2023 ജൂൺ 15-ന് കൊച്ചിയിലെ ഹോട്ടൽ താജ് ഗേറ്റ്വേയിൽ നടന്നു. സാമൂഹിക ഉത്തരവാദിത്വ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സ്ഥാപനങ്ങൾ നടത്തുന്ന ദുരന്ത പ്രതികരണ ഇടപെടലുകൾ പങ്കുവെക്കാനും പഠിക്കാനും ഈ പ്ലാറ്റ്ഫോം അവസരം ഒരുക്കി.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ (KSDMA) പ്രതിനിധീകരിച്ച് ശ്രീ പ്രേം ജി പ്രകാശ് സെഷൻ നയിച്ചു. സെഷനിൽ കേരളത്തിന്റെ ഹാസർഡ് വൾണറബിലിറ്റി പ്രൊഫൈൽ, SDMAയുടെ ദുരന്ത അപകട സാധ്യത കുറയ്ക്കാനുള്ള വിവിധ പദ്ധതികൾ, മുൻകൂട്ടി മുന്നറിയിപ്പ് നൽകുന്ന സംവിധാനങ്ങൾ, ഇന്റർ ഏജൻസി ഗ്രൂപ്പുകളുടെ പങ്ക്, ദുരന്ത പ്രതികരണത്തിൽ സന്നദ്ധ സേവനത്തിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു.



20-ഓളം മുതിർന്ന മാനേജർമാർ പങ്കെടുത്ത ഈ സെഷൻ, ടാറ്റാ ഗ്രൂപ്പിന്റെ വിവിധ സ്ഥാപനങ്ങൾ തമ്മിൽ അറിവ് പങ്കുവെക്കുന്നതിനും, കേരളത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കൂടുതൽ സംയോജിതമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വഴിയൊരുക്കി.

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Report-of-the-Session-on-Disaster-Management-at-State-Disaster-Response-Platform-Meeting-of-TSG-on-15th-June-2023..pdf

## 1.8 എറണാകുളം - ഓറഞ്ച് ബുക്ക് പരിശീലന പരിപാടി

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (KSDMA) ഓറഞ്ച് ബുക്കിന്റെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (DDMA) പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ശ്രീ ഉമേഷ് NSK ഉദ്ഘാടനം നിർവഹിച്ചു. ഓറഞ്ച് ബുക്കിൽ പരാമർശിച്ചിരിക്കുന്ന മൺസൂൺ മുൻകരുതലുകളും പ്രതികരണ ചുമതലകളും സംബന്ധിച്ചുള്ള വിശദമായ ക്ലാസുകൾ സംഘടിപ്പിച്ചു.

പരിശീലനത്തിൽ ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ശ്രീമതി ഉഷ ബിന്ദുമോൾ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ ഷഫീഖ് എന്നിവർ പങ്കെടുത്തു. ഫണ്ടുകൾ സംബന്ധിച്ച സംശയങ്ങൾക്കും അവയുടെ വിനിയോഗത്തിനും ബന്ധപ്പെട്ട വിശദീകരണങ്ങൾ അവർ നൽകി. LSGD സെക്രട്ടറിമാർക്ക് അവരുടെ ചുമതലകൾ വ്യക്തമായി മനസ്സിലാക്കാനും, ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏകീകരിത സമീപനം സ്വീകരിക്കാനും ഈ സെഷനുകൾ സഹായകമായി.

പരിശീലനം ഓൺലൈൻ രീതിയിലായിരുന്നു, ജില്ലയിൽ നിന്നുള്ള 100 LSGD സെക്രട്ടറിമാർ പങ്കെടുത്തു. പങ്കെടുത്തവരുടെ സംശയങ്ങൾ പരിഹരിക്കുകയും, ഓറഞ്ച് ബുക്കിന്റെ പ്രായോഗിക പ്രാധാന്യം വിശദീകരിക്കുകയും ചെയ്തു. ഈ പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദുരന്തനിവാരണ ശേഷി വർദ്ധിപ്പിക്കുന്നതിൽ നിർണായകമായൊരു ഘട്ടമായി മാറി.

### 1.9 എറണാകുളം - സ്കൂൾ സുരക്ഷാ അവലോകന യോഗവും USCHOOL ആപ്പിന്റെ പരിശീലനവും

2023 ജൂലൈ 4-ന് എറണാകുളം കളക്ടറേറ്റിലെ സ്പാർക്ക് ഹാളിൽ നടന്ന സ്കൂൾ സുരക്ഷാ അവലോകന യോഗവും USCHOOL ആപ്പിന്റെ പരിശീലനവും സ്കൂൾ സുരക്ഷാ പദ്ധതികളുടെ പ്രാധാന്യവും ആപ്പിന്റെ ഉപയോഗവും വിശദീകരിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വികസിപ്പിച്ച USCHOOL ആപ്പ് സ്കൂളുകളുടെ ദുരന്ത പ്രതിരോധ പദ്ധതികൾ തയ്യാറാക്കാനും അപ്ഡേറ്റ് ചെയ്യാനും സഹായിക്കുന്നു. സ്കൂളുകളുടെ അപകട സാധ്യത, വിഭവങ്ങൾ, സുരക്ഷാ സമിതികളുടെ വിവരങ്ങൾ എന്നിവ ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, കെട്ടിടങ്ങളുടെ ഫിറ്റ്നസ്, ഫയർ ഓഡിറ്റ്, സ്വകാര്യ സ്കൂളുകളുടെ സുരക്ഷാ നടപടികൾ, അപകടകരമായ മരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിർദേശങ്ങളും ചർച്ചചെയ്തു. ഓരോ വിദ്യാഭ്യാസ ഉപവിഭാഗത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Report-of-the-School-Safety-Review-meeting-Training-on-USCHOOL-APP-DDMA-ERNAKULAM.pdf

### 1.10 വയനാട് - സ്കൂൾ സുരക്ഷാ പരിശീലന പരിപാടി

വയനാട് ജില്ലയിലെ സ്കൂൾ സുരക്ഷാ പരിശീലന പരിപാടികളുടെ റിപ്പോർട്ട് പ്രകാരം, എല്ലാ സർക്കാർ, സ്വകാര്യ, എയിഡെഡ് സ്കൂളുകളിലും ദുരന്ത നിവാരണ ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ ദുരന്ത പ്രതിരോധ ശേഷി

വളർത്തുന്നതിനുള്ള ശ്രമമാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ആരംഭിച്ചത്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ദേശീയ ദുരന്ത പ്രതികരണ സേനയും ചേർന്ന് സംഘടിപ്പിച്ച ഈ പരിശീലന പരിപാടിയിൽ അടിസ്ഥാന ദുരന്ത നിവാരണ ശബ്ദാവലി, ത്രിയാജ്, രക്തസ്രാവം നിയന്ത്രിക്കൽ, ശ്വാസതടസ്സം നീക്കംചെയ്യൽ, CPR, വെള്ളപ്പൊക്ക രക്ഷാപരിശീലനം, തീ നിയന്ത്രണം, പാമ്പ് കടിയുള്ള പ്രതിരോധം, കയറിന്റെ കുരുക്കുകൾ, ഭൂകമ്പ മോക്ക് ഡ്രിൽ എന്നിവ ഉൾപ്പെടുത്തി. ജൂലൈ 2023-ൽ വിവിധ സ്കൂളുകളിൽ പരിശീലനവും മോക്ക് ഡ്രില്ലുകളും നടന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Report-of-the-Training-Programs-on-School-Safety-conducted-in-Wayanad-District.pdf

## 1.11 എറണാകുളം - USCHOOL ആപ്പിന്റെ രണ്ടാംഘട്ട ഓൺലൈൻ പരിശീലനം

2023 ഓഗസ്റ്റ് 3-ന് എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ 550 സ്കൂളുകൾക്കായി USCHOOL ആപ്പിന്റെ രണ്ടാംഘട്ട ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ശ്രീ. എൻ.എസ്.കെ ഉമേഷ് IAS സ്കൂൾ സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. വിവിധ വിദ്യാഭ്യാസ വകുപ്പുകളിലെ ഉദ്യോഗസ്ഥരും സ്കൂൾ പ്രിൻസിപ്പല്മാരും പങ്കെടുത്തു. UNICEF-യും KSDMA-യും ചേർന്ന് ആപ്പ് ഉപയോഗിച്ച് സ്കൂൾ സുരക്ഷാ പദ്ധതികൾ തയ്യാറാക്കാനും അപ്ഡേറ്റ് ചെയ്യാനും ആവശ്യമായ രേഖകളും വിവരങ്ങളും വിശദീകരിച്ചു. പരിശീലനത്തിന് ശേഷം സ്കൂളുകൾ ആപ്പിൽ ലോഗിൻ ചെയ്ത് സുരക്ഷാ പദ്ധതികളും വിഭവ നക്ഷത്രീകരണവും ആരംഭിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Report-of-Second-Phase-Training-on-USCHOOL-APP-for-Schools-in-Ernakulam-District-District-Disaster-Management-Authority-on-3rd-August-2023.pdf

## 1.12 ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല - സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികളുടെ സന്ദർശനം

2023 സെപ്റ്റംബർ 26-ന് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികൾക്കായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിരീക്ഷണ സന്ദർശനം സംഘടിപ്പിച്ചു. KSDMAയും സർവകലാശാലയും സംയുക്തമായി സംഘടിപ്പിച്ച ഈ സന്ദർശനം വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായിരുന്നു. സന്ദർശനത്തിൽ KSDMAയുടെ പ്രവർത്തനരീതികൾ, കേരളത്തിലെ പ്രധാന ദുരന്തങ്ങൾ, അതോറിറ്റിയുടെ ഘടന, ദുരന്ത നിവാരണ തന്ത്രങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. ക്ലിന്റ് മാത്യു (Social

Capacity Building Specialist) വിവിധ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു. രാജീവൻ (മൗസം വിദഗ്ദൻ) അടിയന്തര പ്രവർത്തന കേന്ദ്രം, കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം എന്നിവയെക്കുറിച്ച് സംസാരിച്ചു. 1 മണി മുതൽ 2 മണി വരെ നടന്ന സെഷൻ വിദ്യാർത്ഥികളുടെ നന്ദി പ്രസംഗത്തോടെ സമാപിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/sankaracharyapdf.pdf

## 1.13 കണ്ണൂർ - ജില്ല വികസന സെമിനാർ

2023 ജൂലൈ 28-29 തീയതികളിൽ കണ്ണൂർ നയനാർ അക്കാദമിയിൽ പാട്ടിയം ഗോപാലൻ മെമ്മോറിയൽ സ്റ്റഡി & റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ നടന്ന ജില്ല വികസന സെമിനാറിൽ സാമൂഹ്യ-ആർത്ഥിക, സാംസ്കാരിക, കൃഷി, പരിസ്ഥിതി മേഖലകളുമായി ബന്ധപ്പെട്ട 22 വിഷയങ്ങൾ ചർച്ചചെയ്തു. കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന ദുരന്തങ്ങൾ — ഉരുൾപൊട്ടൽ, പെട്ടെന്നുള്ള വെള്ളപ്പൊക്കം, തീരക്ഷയം, ശക്തമായ കാറ്റ്, മിന്നൽ, മണ്ണിനടിയിലൂടെയുള്ള ജലചംക്രമം എന്നിവ - കണ്ണൂർ ജില്ലയെ ബാധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ "ദുരന്ത നിവാരണ" സെമിനാറിന്റെ പ്രധാന വിഷയമായി ഉയർന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ പ്രതിനിധീകരിച്ച് മിസ്സ്. രമ്യ ആർ (മൗസം വിദഗ്ധ) "മൺസൂൺ ദുരന്തങ്ങളും പ്രതിരോധ മാർഗങ്ങളും" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. കൂടാതെ, താപദുരന്തങ്ങൾ, മിന്നൽ സുരക്ഷ, കാലാവസ്ഥാ മാറ്റം അനുസരിച്ചുള്ള തന്ത്രങ്ങൾ, കാറ്റ് ദുരന്ത ശമനം, ഉരുൾപൊട്ടൽ നിയന്ത്രണം, തീരക്ഷയ പ്രതിരോധം തുടങ്ങിയ വിഷയങ്ങളും സെമിനാറിൽ ഉൾപ്പെടുത്തി. സർക്കാർ ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രവർത്തകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ ഉൾപ്പെടെ 30-ത്തിലധികം പേർ പങ്കെടുത്ത ഈ സെമിനാർ, ജില്ലയുടെ ദുരന്ത നിവാരണ വെല്ലുവിളികൾക്കുള്ള സംവേദനപരമായ സമീപനങ്ങൾക്കായി വേദിയൊരുക്കി. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Report-of-the-Session-on-Kannur-District-Development-Seminar-on-July-28-29-2023.pdf

## 1.14 കോഴിക്കോട് ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ആൻഡ് ഹെൽത്ത് - സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികളുടെ സന്ദർശനം

2023 ഓഗസ്റ്റ് 14-ന് കോഴിക്കോട് ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ആൻഡ് ഹെൽത്ത് (LISSAH) കോളേജിലെ Master of Social Work (MSW) വിദ്യാർത്ഥികൾക്കായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ

നിരീക്ഷണ സന്ദർശനം സംഘടിപ്പിച്ചു. KSDMAയും LISSAH കോളേജും സംയുക്തമായി സംഘടിപ്പിച്ച ഈ സന്ദർശനം പാഠ്യപദ്ധതിയുടെ ഭാഗമായിരുന്നു. സന്ദർശനത്തിൽ ഇന്ത്യയിലും കേരളത്തിലും ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്ഭവം, ഘടന, പ്രവർത്തനരീതികൾ, സംസ്ഥാനത്തെ പ്രധാന ദുരന്തങ്ങൾ, അതിനുള്ള പ്രതിരോധ തന്ത്രങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. KSDMAയിലെ ഹസാർഡ് ആൻഡ് റിസ്ക് അനലിസ്റ്റ് ശ്രീ. പ്രദീപ് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് കൃഷി വിദഗ്ധ ഡോ. അശ്വതി എസ്. നായർ വിവിധ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു. 12 മണി മുതൽ 1 മണി വരെ നടന്ന സെഷൻ വിദ്യാർത്ഥികളുടെ നന്ദി പ്രസംഗത്തോടെ സമാപിച്ചു. റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Observation-Visit-by-MSW-students-of-the-Little-Flower-Institute-of-Social-Sciences-and-Health-College-Kozhikode-on-14th-August-2023.pdf

## 1.15 ലോക ഹ്യൂമാനിറ്റേറിയൻ ദിനം

2023 ഓഗസ്റ്റ് 19-ന് തിരുവനന്തപുരത്തെ അറ്റുകാൽ ITI കോളേജിൽ ലോക ഹ്യൂമാനിറ്റേറിയൻ ദിനം ആചരിച്ചു. ഫാമിലി പ്ലാനിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം ശാഖയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ സോഷ്യൽ കപ്പാസിറ്റി ബിൽഡിംഗ് സ്പെഷ്യലിസ്റ്റ് ശ്രീ. ക്ലിന്റ് മാത്യു മുഖ്യ പ്രഭാഷകനായി പങ്കെടുത്തു. ലോകമാകെയുള്ള ദുരന്ത സാഹചര്യങ്ങളിൽ മനുഷ്യസേവന പ്രവർത്തകരുടെ പങ്ക്, അവരുടെ ന്യായബോധവും ജനങ്ങളുടെ ക്ഷേമം മുൻതൂക്കമുള്ള തീരുമാനങ്ങൾ എടുക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വിശദീകരിച്ചു. യുവജനങ്ങൾ സമൂഹത്തിൽ പോസിറ്റീവ് മാറ്റങ്ങൾ വരുത്താനും ഹ്യൂമാനിറ്റേറിയൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനും പ്രചോദനം നൽകുന്ന തരത്തിൽ അവബോധ ക്ലാസ് നടന്നു. റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/humanitarian_day_report.pdf

## 1.16 കാസർഗോഡ് - ഫീൽഡ് തല ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം

2023 സെപ്റ്റംബർ 15-ന് കാസർഗോഡ് ജില്ലാ ആശുപത്രിയിലെ ടെലിമെഡിസിൻ ഹാളിൽ ആശുപത്രി ജീവനക്കാർക്കും ഫീൽഡ് തല ആരോഗ്യ പ്രവർത്തകർക്കുമായി ദുരന്ത നിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഈ പരിശീലനത്തിൽ രണ്ട് സെഷനുകൾ ഉൾപ്പെടുത്തി. ആദ്യ സെഷനിൽ DEOC കാസർഗോഡിലെ ഹസാർഡ് അനലിസ്റ്റ് ശ്രീ. പ്രേം ജി പ്രകാശ് കാസർഗോഡ് ജില്ലയിലെ അപകട സാധ്യതാ പ്രൊഫൈൽ, ആരോഗ്യ

മേഖലയിലെ ദുരന്ത പ്രതിരോധ സജ്ജത, പ്രാഥമിക മുന്നറിയിപ്പ് ഉറവിടങ്ങൾ, ദുരന്തങ്ങളുടെ ആരോഗ്യ മേഖലയിലേക്കുള്ള ബാധങ്ങൾ, ദുരന്താനന്തര രോഗങ്ങൾ തുടങ്ങിയ വിഷയങ്ങൾ വിശദീകരിച്ചു. രണ്ടാം സെഷനിൽ കാഞ്ഞങ്ങാട് ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ സ്റ്റേഷൻ ഓഫീസർ ശ്രീ. പവിത്രൻ പി.വി ആശുപത്രി പരിസരങ്ങളിൽ തീപിടിത്തം, ഗ്യാസ് ചോർച്ച തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ പ്രതികരിക്കാനുള്ള തന്ത്രങ്ങൾ അവതരിപ്പിച്ചു. മൊത്തം 55 പേർ (33 വനിതകൾ, 22 പുരുഷൻമാർ) ഈ പരിശീലനത്തിൽ പങ്കെടുത്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Training-and-Workshops-conducted-by-the-District-Disaster-Management-Authority-Kasaragod-on-15th-September-2023.pdf



## 1.17 ഇടുക്കി - ടൂറിസം ബോട്ട് തൊഴിലാളികൾക്കായി ദുരന്ത നിവാരണ പരിശീലന പരിപാടി

ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ 2023 സെപ്റ്റംബർ 21-ന് തൊണ്ണക്കൽ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ടൂറിസം ബോട്ട് തൊഴിലാളികൾക്കായി പ്രത്യേക ദുരന്ത നിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. ബോട്ടുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് അഗ്നി സുരക്ഷയും അടിയന്തര രക്ഷാ നടപടികളും സംബന്ധിച്ച പരിശീലനം നൽകുന്നതിനായി തൊണ്ണക്കൽ ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ശ്രീ. പ്രദീപ് ടി.ആർ ക്ലാസുകൾ നയിച്ചു.

തുടർന്ന്, തൊണ്ണക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ജീവൻ രക്ഷാ തന്ത്രങ്ങൾ, പ്രഥമ ശുശ്രൂഷ, അപകടാനന്തര ആരോഗ്യ പ്രതിരോധ മാർഗങ്ങൾ എന്നിവ വിശദീകരിച്ചു. ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ഹസാർഡ് അനലിസ്റ്റ് ശ്രീ. രാജീവ് ടി.ആർ അവതരിപ്പിച്ചു. തൊണ്ണക്കൽ പഞ്ചായത്തിലും KDH വില്ലേജിലും ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന 58 തൊഴിലാളികൾ പരിശീലനത്തിൽ പങ്കെടുത്തു.



ഈ പരിപാടി, ജലസഞ്ചാര മേഖലയിൽ അപകട സാധ്യതകൾ

നേരിടുന്നതിനുള്ള പ്രായോഗിക അറിവ് വർദ്ധിപ്പിക്കുകയും, തൊഴിലാളികളുടെ സുരക്ഷാ സജ്ജത ഉറപ്പാക്കുകയും ചെയ്യുന്നതിൽ നിർണായകമായി പ്രവർത്തിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Training-Program-conducted-by-the-District-Disaster-Management-Authority-Idukki-on-21st-September-2023.pdf

## 1.18 ആലപ്പുഴ - ദുരന്ത അവബോധവും പ്രതിരോധ തന്ത്രങ്ങളും സംബന്ധിച്ച പരിശീലന പരിപാടി

2023 സെപ്റ്റംബർ 21-ന് ആലപ്പുഴ ജില്ലാ പോലീസ് ആസ്ഥാനത്തിലെ കോൺഫറൻസ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ പോലീസ് വകുപ്പും ചേർന്ന് സംയുക്തമായി ദുരന്ത അവബോധവും പ്രതിരോധ തന്ത്രങ്ങളും സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം അഡീഷണൽ എസ്. പി ശ്രീ. സുരേഷ് കുമാറും ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ശ്രീമതി ആശ സി. എബ്രഹാമും നിർവഹിച്ചു. പരിശീലനത്തിൽ ഫസ്റ്റ് എയ്ഡ് വിഷയത്തിൽ ഗവ. ജനറൽ ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. പ്രിയദർശൻ ക്ലാസെടുത്തു. മുങ്ങൽ അപകടങ്ങൾ ഉൾപ്പെടെയുള്ള തീപിടിത്തം, രക്ഷാപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് തകഴി ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ ASTO ശ്രീ. സുരേഷ് എസ്. ക്ലാസുകൾ നയിച്ചു. മൊത്തം 76 സിവിൽ പോലീസ് ഓഫീസർമാർ (61 പുരുഷൻമാർ, 15 വനിതകൾ) ഈ പരിശീലനത്തിൽ പങ്കെടുത്തു. റിപോർട്ട്: shttps://sdma.kerala.gov.in/wp-content/uploads/2023/10/Training-Program-conducted-by-the-District-Disaster-Management-Authority-Alappuzha-on-21st-September-2023.pdf

## 1.19 അന്താരാഷ്ട്ര പ്രാദേശിക കാലാവസ്ഥാ സമ്മേളനം (ICRC-CORDEX2023)

2023 സെപ്റ്റംബർ 25 മുതൽ 29 വരെ ഇന്ത്യൻ ട്രോപ്പിക്കൽ കാലാവസ്ഥാ ഗവേഷണ സ്ഥാപനത്തിൽ (IITM, പൂനെ) CORDEX, ICTP, Swedish Meteorological Institute, Indian Ministry of Earth Sciences എന്നിവയുടെ നേതൃത്വത്തിൽ നടന്ന അന്താരാഷ്ട്ര പ്രാദേശിക കാലാവസ്ഥാ സമ്മേളനത്തിൽ (ICRC-CORDEX2023) കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ പ്രതിനിധീകരിച്ച് മൗസം വിദഗ്ദ്ധ ഡോ. ഷിനു ഷീല വിൽസൺ പങ്കെടുത്തു.



അവരുടെ പ്രഭാഷണത്തിൽ, കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി CMIP5

അടിസ്ഥാനമാക്കിയുള്ള RCP 4.5, RCP 8.5 കാലാവസ്ഥാ സങ്കേതങ്ങൾ RegCM4, RCA4 മോഡലുകൾ ഉപയോഗിച്ച് ഡൗൺസ്കെയിൽ ചെയ്ത ഡാറ്റയുടെ പ്രാദേശിക ഉപയോഗം വിശദീകരിച്ചു. ഈ ഡാറ്റയുടെ അടിസ്ഥാനത്തിൽ മഴ, പരമാവധി താപനില, കുറഞ്ഞ താപനില എന്നിവയുടെ ഭാവി പ്രവചനം 2021 മുതൽ 2099 വരെയുള്ള കാലഘട്ടങ്ങൾക്കായി അവതരിപ്പിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/11/Event_report_ICRC_CORDEX.pdf

## 1.20 ലോകാരോഗ്യ സംഘടനയുടെ (WHO) ഇന്ത്യാ ടീമിന്റെ സന്ദർശനം

2023 സെപ്റ്റംബർ 25-ന് ലോകാരോഗ്യ സംഘടനയുടെ (WHO) ഇന്ത്യാ ടീമിന്റെ പ്രതിനിധികൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെയും സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്ററിനെയും സന്ദർശിച്ചു. ദേശീയ തലത്തിൽ മുങ്ങൽ അപകടങ്ങൾ തടയുന്നതിനുള്ള ഓറിയന്റേഷൻ മീറ്റിംഗിന്റെ ഭാഗമായി, കേരളത്തിലെ മുങ്ങൽ അപകടങ്ങൾ തടയുന്നതിനുള്ള നടപടികൾ വിലയിരുത്തുന്നതിനും മികച്ച പ്രാക്ടീസുകൾ പഠിക്കുന്നതിനും ഈ സന്ദർശനം നടന്നു.



KSDMA അംഗ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ് അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ട് WHO സംഘത്തെ സ്വാഗതം ചെയ്തു. ഹസാർഡ് അനലിസ്റ്റ് ശ്രീ. സത്യകുമാർ സി.ജെ ഫ്യൂഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിക്കു കയും, മുങ്ങൽ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സംസ്ഥാനതല ഇടപെടലുകൾ വിശദീകരിക്കുകയും ചെയ്തു. KSDMAയുടെ മുങ്ങൽ പ്രതിരോധ ക്യാമ്പെയ്നിന്റെ ഭാഗമായി നിർമ്മിച്ച 'നെറിവ്' എന്ന ഹ്രസ്വചിത്രം ടീമിന് പ്രദർശിപ്പിക്കുകയും മികച്ച പ്രതികരണം ലഭിക്കുകയും ചെയ്തു.

ഈ സന്ദർശനം, കേരളത്തിലെ ജലസഞ്ചാര സുരക്ഷയും ദുരന്ത പ്രതികരണ തന്ത്രങ്ങളും അന്താരാഷ്ട്ര തലത്തിൽ പങ്കുവെക്കുന്നതിനുള്ള വാതിലുകൾ തുറന്നുകൊടുത്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Report-on-the-WHO-team-visit-at-KSDMA-KSEOC-on-the-25th-September-2023.pdf

## 1.21 തൃശൂർ - സ്കൂൾ സുരക്ഷയും മുങ്ങൽ അപകടങ്ങളും - അവബോധ പരിപാടി

2023 സെപ്റ്റംബർ 25-26 തീയതികളിൽ തൃശൂർ കളക്ടറേറ്റിലെ ആനക്സ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും വിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് സ്കൂൾ സുരക്ഷയും മുങ്ങൽ അപകടങ്ങൾ തടയലുമായി ബന്ധപ്പെട്ട അവബോധ പരിപാടി സംഘടിപ്പിച്ചു. തൃശൂർ ജില്ലയിലെ മൂന്ന് വിദ്യാഭ്യാസ ഉപജില്ലകളിൽ നിന്നുള്ള അധ്യാപകർ രണ്ട് ദിവസത്തേക്ക് പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ഡോ. എം.സി. റെജിൽ നിർവഹിച്ചു. ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ. ഷാജുമോൻ ഡി, ജൂനിയർ സൂപ്രണ്ടൻറ് ശ്രീമതി രമാദേവി എന്നിവർ പങ്കെടുത്തു.

ഡോ. പ്രതീഷ് സി. മാമ്മൻ "സ്കൂൾ സുരക്ഷയും USCH OOL ആപ്പ് പരിചയവും" എന്ന വിഷയത്തിൽ ക്ലാസെടുത്തു. ജില്ലാ ഫയർ ഓഫീസർ ശ്രീ. അരുൺ ഭാസ്കർ "മുൻകരുതലുകളും മുങ്ങൽ അപകടങ്ങൾ തടയലും" എന്ന വിഷയത്തിൽ പരിശീലനം നൽകി. മൊത്തം 230 അധ്യാപകർ (130 വനിതകൾ, 100 പുരുഷൻമാർ) ഈ പരിപാടിയിൽ പങ്കെടുത്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Thrissur-Training-Programme.pdf



## 1.22 ആലപ്പുഴ - ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണ പരിശീലന പരിപാടി

2023 സെപ്റ്റംബർ 26-ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സാമൂഹ്യനീതി വകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് സംയുക്തമായി "ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണ പരിശീലന പരിപാടി" സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ശ്രീമതി ആശ സി. എബ്രഹാം നിർവഹിച്ചു. സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസർ ശ്രീ. അബീൻ, ജൂനിയർ സൂപ്രണ്ടൻറ്, ഹസാർഡ് അനലിസ്റ്റ് തുടങ്ങിയവർ പങ്കെടുത്തു.

പരിശീലനത്തിൽ ഡോ. സംഗീത ജോസഫ് (കൺസൾട്ടന്റ്, പീഡിയാട്രിക്സ്, ഗവ. ജനറൽ ആശുപത്രി, ആലപ്പുഴ) ഫസ്റ്റ് എയ്ഡ് ഉൾപ്പെടെയുള്ള ആരോഗ്യ വിഷയങ്ങൾ

അവതരിപ്പിച്ചു. തീപിടിത്തം, മുങ്ങൽ അപകടങ്ങൾ എന്നിവയെക്കുറിച്ചുള്ള സെഷൻ ആലപ്പുഴ ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ ഓഫീസർ ശ്രീ. സജീഷ് സി.കെ നയിച്ചു. മൊത്തം 42 പേർ (29 പുരുഷൻമാർ, 13 വനിതകൾ) ഈ പരിശീലനത്തിൽ പങ്കെടുത്തു റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Training-Program-conducted-by-the-District-Disaster-Management-Authority-Alappuzha-on-Disability-Inclusive-DRR-on-26-September-2023.pdf

## 1.23 പാലക്കാട് - ടേബിൾടോപ്പ് എക്സർസൈസ്

2023 സെപ്റ്റംബർ 29-30 തീയതികളിൽ പാലക്കാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ദേശീയ ദുരന്ത പ്രതികരണ സേനയും (NDRF) ചേർന്ന് മലമ്പുഴയിൽ CSSR (Collapsed Structure Search and Rescue) മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. 29-ന് പാലക്കാട് കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ടേബിൾടോപ്പ് എക്സർസൈസ് നടത്തി, റോപ്പ്‌വേ കേബിൾ കാർ അപകടസാധ്യതയ്ക്കുള്ള പ്രതികരണ തന്ത്രങ്ങൾ ചർച്ചചെയ്തു. 30-ന് മലമ്പുഴ ഗാർഡനിൽ സാങ്കേതിക തകരാറിനെ തുടർന്ന് കേബിൾ കാർയിൽ കുടുങ്ങിയ യാത്രക്കാരെ രക്ഷിക്കുന്നതിന്റെ അനുകരണ rescue drill നടന്നു.

ജില്ലാ, താലൂക്ക് തല ഇൻസിഡന്റ് റെസ്പോൺസ് ടീമുകൾ (IRT) സജീവമാക്കി, ഫയർ & റെസ്ക്യൂ, മെഡിക്കൽ ടീം, NDRF എന്നിവ ചേർന്ന് രക്ഷാപ്രവർത്തനം നടത്തി. സ്ഥലത്തും ജില്ലാ ഓഫീസിലും debriefing മീറ്റിംഗുകൾ നടന്നു. മൊത്തം 79 പേർ (60 വനിതകൾ, 19 പുരുഷൻമാർ) പങ്കെടുത്ത ഈ പരിപാടിയിൽ SDMA/DDMA-യെ പ്രതിനിധീകരിച്ച് ഹസാർഡ് അനലിസ്റ്റ് ശ്രീമതി ലേഖ ചാക്കോ നേതൃത്വം നൽകി. റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2025/07/NDRF_-_Malampuzha_Mockdrill_-_30.09.2023.docx_1.pdf

## 1.24 ലോക മാനസികാരോഗ്യ ദിനം

2023 ഒക്ടോബർ 10-ന് ലോക മാനസികാരോഗ്യ ദിനത്തിന്റെ ഭാഗമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിശീലന ഹാളിൽ സംസ്ഥാനതല മാനസികാരോഗ്യ-ദുരന്ത അവബോധ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള 39 കൗൺസിലർമാർ/മനോവിദഗ്ദർ പങ്കെടുത്ത പരിപാടിയിൽ, ദുരന്തങ്ങൾ മാനസികാരോഗ്യത്തിൽ ഉണ്ടാക്കുന്ന ദീർഘകാല സ്വാധീനങ്ങൾ, മനോവിദഗ്ദരുടെ പങ്ക്, കമ്മ്യൂണിറ്റി പിന്തുണ, സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ് എന്നിവ ചർച്ചചെയ്തു.

KSDMA അംഗ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ് ദുരന്താനന്തര മാനസിക സമ്മർദ്ദങ്ങൾക്കും ഭരണനിരയിലെ ഉദ്യോഗസ്ഥരുടെ മാനസികക്ഷേമത്തിനും ആവശ്യമായ ഇടപെടലുകൾ വിശദീകരിച്ചു. GMC തിരുവനന്തപുരം മാനസികാരോഗ്യ വിഭാഗത്തിലെ ഡോ. അരുൺ ബി. നായർ ദുരന്തങ്ങൾ ജീവിതം, സമ്പദ്‌വ്യവസ്ഥ, മനുഷ്യശേഷി, മാനസിക ക്ഷതങ്ങൾ എന്നിവയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിശദമായി അവതരിപ്പിച്ചു.



SAKHI കേന്ദ്ര koordinator ഡോ. മേഴ്സി അലക്സാണ്ടർ, സമുദായപരമായ ദൃശ്യകേന്ദ്രീകൃത സമീപനങ്ങൾ, ലിംഗസമത്വം, തീരദേ ശ സമൂഹങ്ങളുടെ പ്രതിരോധ ശേഷി എന്നിവ പങ്കുവെച്ചു. KSDMAയുടെ മാനസിക ആരോഗ്യ വിദഗ്ധയും, പബ്ലിക് ഹെൽത്ത് അനലിസ്റ്റും നയിച്ച പാനൽ ചർച്ചയിൽ കുട്ടികൾ, മുതിർന്നവർ, ഭിന്നശേഷിയുള്ളവർ, പൊതുസമൂഹം എന്നിവയെ കേന്ദ്രീകരിച്ച് ഗ്രൂപ്പ് പ്രവർത്തനങ്ങൾ നടന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/mental_health_day_report111.pdf

## 1.25 തൃശൂർ - ഭിന്നശേഷിയുള്ള വ്യക്തികൾക്കായി പ്രത്യേക ദുരന്ത നിവാരണ പരിശീലന പരിപാടി

2023 ഒക്ടോബർ 11-ന് തൃശൂർ കളക്ടറേറ്റിലെ ആനക്സ് ഹാളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സാമൂഹ്യനീതി വകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് ഭിന്നശേഷിയുള്ള വ്യക്തികൾക്കായി പ്രത്യേക ദുരന്ത നിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം തൃശൂർ ജില്ലാ കളക്ടർ ശ്രീ. വി.ആർ. കൃഷ്ണതേജ IAS നിർവഹിച്ചു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ശ്രീ. ടി. മുരളി, ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ഡോ. എം.സി. റെജിൽ, ജില്ലാ സാമൂഹ്യനീതി ഓഫീസർ ശ്രീമതി ജോഷ്‌നി സ്റ്റീഫൻ, ജൂനിയർ സൂപ്രണ്ടന്റ് ശ്രീമതി രമാദേവി എന്നിവർ പങ്കെടുത്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Report_thrissur_11_october-_Susmi.pdf

## 1.26 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - കണ്ണൂർ

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ ആറളം ഫാമിൽ ജില്ലാ ദുരന്ത നിവാരണ

അതോറിറ്റിയുടെ നേതൃത്വത്തിൽ ആദിവാസി സമൂഹത്തിനായി പ്രത്യേക പരിശീലനവും മോക്ക് ഡ്രിലും സംഘടിപ്പിച്ചു. ഫയർ ഓഫീസർ നേതൃത്വം നൽകിയ ക്ലാസുകൾക്ക് ശേഷം വിവിധ വകുപ്പുകൾ - പോലീസ്, ഫയർ ഫോഴ്സ്, വനം, ആരോഗ്യ, മാധ്യമങ്ങൾ - ഉൾപ്പെട്ട സംയുക്ത മോക്ക് ഡ്രിൽ നടന്നു. സിവിൽ ഡിഫൻസ് വോളണ്ടീയ ർമാരും പരിപാടിയിൽ സജീവമായി പങ്കെടുത്തു.




അതോടൊപ്പം, ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി "നമ്മുടെ ദുരന്ത നിവാരണ" എന്ന വിഷയത്തിൽ പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. 32 പോസ്റ്റുകൾ ലഭിച്ച മത്സരത്തിൽ മികച്ച മൂന്ന് പോസ്റ്റുകൾ തിരഞ്ഞെടുക്കാൻ പ്രത്യേക ജഡ്ജിംഗ് പാനൽ രൂപീകരിച്ചു.

മൊത്തം 67 പേർ (11 വനിതകൾ, 18 പുരുഷൻമാർ, 38 കുട്ടികൾ) ഈ പരിപാടികളിൽ പങ്കെടുത്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/2-_idrr_day-Kannur-1.pdf

## 1.27 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - പാലക്കാട്

ആനക്കൽ ട്രൈബൽ വെൽഫയർ ഹൈസ്കൂളിൽ ട്രൈബൽ വിദ്യാർത്ഥികൾക്കും സമീപത്തെ ആദിവാസി സമൂഹത്തിനും വേണ്ടി അഗ്നി സുരക്ഷ, ജലസുരക്ഷ, CPR പരിശീലനം ഉൾപ്പെടെയുള്ള പ്രായോഗിക സെഷനുകൾ നടന്നു. 89 പേർ പങ്കെടുത്ത ഈ പരിപാടിയിൽ ഫയർ എക്സ്റ്റിംഗ്വിഷർ ഉപയോഗം, ജലാപകട പ്രതിരോധം, വീടുകളുടെ സുരക്ഷാ മാർഗങ്ങൾ എന്നിവ വിശദീകരിച്ചു.

മലമ്പുഴ ഡാമിലെ പിക്നിക് ഹാളിൽ ജലസേചന, സുരക്ഷ, റോപ്പ്‌വേ, ഡാം വാച്ചർമാർ ഉൾപ്പെടെയുള്ള വകുപ്പുകളിലെ ജീവനക്കാർക്കായി ഫസ്റ്റ് എയ്ഡ് പരിശീലനം നടന്നു. 32 പേർ പങ്കെടുത്ത പരിശീലനത്തിൽ പാമ്പ് കടിയ്ക്കുള്ള പ്രതികരണം, മുങ്ങൽ അപകടങ്ങൾ, വീഴ്ചകൾ, Heimlich maneuver തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി.

ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി "ഞങ്ങളുടെ ദുരന്ത നിവാരണ" എന്ന വിഷയത്തിൽ പോസ്റ്റർ മത്സരവും സംഘടിപ്പിച്ചു. 29 പോസ്റ്റുകൾ ലഭിച്ച മത്സരത്തിൽ കലാ അധ്യാപകരടങ്ങിയ പാനൽ മൂന്നു മികച്ച പോസ്റ്റുകൾ

തിരഞ്ഞെടുത്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/7-Palakkad_District_-_IDDRR_2023_activities.docx.pdf



## 1.28 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - ഇടുക്കി

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് മണിയാറൻകുടിയിലെ സമൂഹിക പഠനമുറിയിൽ ആദിവാസി സമൂഹത്തിനായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ശ്രീമതി ഷീബ ജോർജ് IAS ഉദ്ഘാടനം നിർവഹിച്ചു. തഹസിൽദാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ, ഹസാർഡ് അനലിസ്റ്റ്, ദുരന്ത നിവാരണ വിഭാഗത്തിലെ ഉദ്യോഗസ്ഥർ, ആദിവാസി വകുപ്പ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ഫയർ ആൻഡ് റെസ്ക്യൂ വിഭാഗവും ആരോഗ്യ വകുപ്പും ചേർന്ന് അഗ്നി സുരക്ഷ, പ്രഥമ ശുശ്രൂഷ, ജലസുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലന സെഷനുകൾ നയിച്ചു. മൊത്തം 87 പേർ (47 വനിതകൾ, 22 പുരുഷൻമാർ, 18 കുട്ടികൾ) പങ്കെടുത്ത ഈ പരിപാടി, ആദിവാസി സമൂഹത്തിൽ ദുരന്തസുരക്ഷാ അവബോധം വർദ്ധിപ്പിക്കുകയും, പ്രായോഗിക പ്രതിരോധ ശേഷി ശക്തിപ്പെടുത്തുകയും ചെയ്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/6-IDRR_2023_reort_idukki-1.pdf

## 1.29 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – മലപ്പുറം – പോസ്റ്റർ മത്സരം

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി മലപ്പുറം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് ജില്ലയിലെ ഹൈസ്കൂളുകൾക്കായി പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. "ഞങ്ങളുടെ ദുരന്ത നിവാരണം" എന്ന വിഷയത്തിൽ 8 മുതൽ 10 ക്ലാസുകളിലേക്കുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു. ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ സഹകരണത്തോടെയും സാമൂഹ്യമാധ്യമ പ്രചാരണത്തിലൂടെയും 61 പോസ്റ്റർ എൻട്രികൾ ലഭിച്ചു - 47 പെൺകുട്ടികളും 14 ആൺകുട്ടികളും പങ്കെടുത്തു.

വിദ്യാർത്ഥികൾ ദുരന്ത നിവാരണത്തിന്റെ വിവിധ ഘട്ടങ്ങൾ, രക്ഷാപ്രവർത്തനത്തിൽ അഗ്നിശമന സേന, പോലീസ്, ആരോഗ്യ പ്രവർത്തകർ എന്നിവയുടെ പങ്ക് എന്നിവ സൃഷ്ടിപരമായി ചിത്രീകരിച്ചു. Google Form വഴി സമർപ്പിച്ച എൻട്രികൾക്ക് മലപ്പുറം ജില്ലാ വിവരാവകാശ വകുപ്പ് ജഡ്ജിംഗ് നിർവഹിച്ചു. CHSS അടക്കകുണ്ടിലെ നെഹ ഫാത്തിമ കെ ഒന്നാം സ്ഥാനം, GHS പെരകമ്മനയിലെ യദു പി. മഹേഷ് രണ്ടാം സ്ഥാനം, Benchmark International School, തിരൂരിലെ ഹൈബ എം.പി മൂന്നാം സ്ഥാനം നേടി.

ഈ മത്സരം വിദ്യാർത്ഥികളിൽ ദുരന്തസുരക്ഷാ അവബോധം വർദ്ധിപ്പിക്കുകയും, സൃഷ്ടിപരമായ സമീപനത്തിലൂടെ സമൂഹത്തിൽ പ്രാധാന്യമുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/4-IDRR_report_2023_Malappuram_DEOC.pdf

## 1.30 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - തൃശൂർ

തൃശൂർ ജില്ലയിലെ പാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ താമരവെള്ളച്ചാൽ ട്രൈബൽ കോളനിയിൽ 2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ട്രൈബൽ വകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് സംയുക്തമായി ദുരന്ത പ്രതിരോധ പരിശീലന പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ അദ്ധ്യക്ഷത ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി അജിത മോഹൻദാസ് വഹിച്ചു. ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സാവിത്രി സദാനന്ദൻ നിർവഹിച്ചു. ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ഡോ. എം.സി. റെജിൽ, തഹസിൽദാർ ശ്രീമതി ജയശ്രീ ടി, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശ്രീ ഹെറാൾഡ് ജോൺ, കോളനിയിലെ മൂപ്പൻ ശ്രീ വാസു, ജൂനിയർ സൂപ്രണ്ടന്റ് ശ്രീമതി രമാദേവി എന്നിവർ പങ്കെടുത്തു.

ഡോ. സുധീഷ് (മെഡിക്കൽ ഓഫീസർ) പ്രഥമ ശുശ്രൂഷ സംബന്ധിച്ച ക്ലാസുകൾ നയിച്ചു. തൃശൂർ ഫയർ സ്റ്റേ ഷനിലെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ശ്രീ. ഷാനവാസ് അഗ്നി സുരക്ഷാ തന്ത്രങ്ങൾ വിശദീകരിക്കുകയും ഫയർ മോക്ക് ഡ്രിൽ നടത്തുകയും ചെയ്തു. SDMA/DDMAയെ പ്രതിനിധീകരിച്ച് ഹസാർഡ് അനലിസ്റ്റ് ശ്രീമതി സുസ്മി സണ്ണി പങ്കെടുത്തു.

മൊത്തം 50 പേർ (40 വനിതകൾ, 10 പുരുഷൻമാർ) ഈ പരിശീലനത്തിൽ പങ്കെടുത്തു. പരിപാടി, ആദിവാസി സമൂഹത്തിൽ ദുരന്തസുരക്ഷാ അവബോധം വർദ്ധിപ്പിക്കുകയും, പ്രായോഗിക പ്രതിരോധ ശേഷി ശക്തിപ്പെടുത്തുകയും ചെയ്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/5-iDDRRD_REPORT_THRISSUR.pdf



## 1.31 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - വയനാട്

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററും ചേർന്ന് കല്പറ്റയിലെ ചന്ദ്രഗിരി ഓഡിറ്റോറിയത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.

പരിപാടിയുടെ സ്വാഗതം ജില്ലാ കളക്ടർ ഡോ. റെനു രാജ IAS നിർവഹിച്ചു. അദ്ധ്യക്ഷത മാനന്തവാടി എം.എൽ.എ ശ്രീ. ഒ.ആർ. കെളു വഹിച്ചു. കേരള സർക്കാർ വൻകെട്ടിട, ടൂറിസം, യുവജനകാര്യ വകുപ്പ് മന്ത്രി അഡ്വ. പി.എ. മുഹമ്മദ് റിയാസ് വയനാടിനെ ആദിവാസി ദുരന്ത നിവാരണ പദ്ധതി നടപ്പിലാക്കിയ കേരളത്തിലെ ആദ്യ ജില്ലയായി പ്രഖ്യാപിച്ചു. വനവകുപ്പ് മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ CDMC (College Disaster Management Club) ഓൺലൈൻ ഉദ്ഘാടനം നിർവഹിച്ചു. വയനാട് എം.പി ശ്രീ. രാഹുൽ ഗാന്ധി മുഖ്യ പ്രഭാഷണം ഓൺലൈനായി നടത്തി.

പ്രധാന ഹൈലൈറ്റുകൾ:

- ആദിവാസി ദുരന്ത നിവാരണ പദ്ധതി: 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 27 ആദിവാസി കോളനികളിൽ നിന്നുള്ള 1212 പേരെ ഉൾപ്പെടുത്തി. 126 പേർക്ക് നീന്തൽ, CPR പരിശീലനം നൽകി. 45 കേന്ദ്രങ്ങളിൽ മഴമാപിനികൾ സ്ഥാപിച്ചു; മൊബൈൽ ആപ്പിലൂടെ മഴ വിവരങ്ങൾ കൈമാറുന്നു.




- DM Suite വെബ്സൈറ്റ് & CDMC ലോഗോ: Dr. ശേഖർ ലൂക്കോസ് കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു.

ദുരന്തങ്ങൾ തടയുന്നതിനുള്ള സംയോജിത പ്ലാറ്റ്ഫോം ആയി DM Suite പ്രവർത്തിക്കുന്നു.

- AapdaMitra കിറ്റ് വിതരണം: ഓരോ താലൂക്കിലും നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർമാർക്ക് അടിയന്തര കിറ്റുകൾ വിതരണം ചെയ്തു.
- SDMC ക്വിസ് മത്സരം: 128 സ്കൂളുകൾ പങ്കെടുത്ത മൂന്ന് ഘട്ടങ്ങളുള്ള ക്വിസ് മത്സരത്തിൽ MGM HSS മാനന്തവാടി ഒന്നാം സ്ഥാനം നേടി.
- മോക്ക് ഡ്രിൽ & സാംസ്കാരിക പരിപാടികൾ: ഫയർ ആൻഡ് റെസ്ക്യൂ വിഭാഗം വാഹന തീപിടിത്ത മോക്ക് ഡ്രിൽ നടത്തി. നാടൻ പാട്ട്, വട്ടക്കളി, ഫ്ലാഷ് മോബ് എന്നിവയും അരങ്ങേറി.
- അവബോധ പരിപാടികൾ: Sarvodaya HSS-ൽ Human Society International India സംയുക്തമായി വിദ്യാർത്ഥികൾക്കായി സംവാദവും അവബോധ ക്ലാസും നടത്തി.

ഈ പരിപാടികൾ "Fighting Inequality for a Resilient Future" എന്ന തീമിന്റെ ഭാഗമായി, സമത്വം, ഉൾപ്പെടുത്തൽ, സമൂഹ പ്രതിരോധശേഷി എന്നിവയെ മുൻതൂക്കമിട്ട് സംഘടിപ്പിക്കപ്പെട്ടു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/3-_IDRR_REPORT_waynad-1.pdf

## 1.32 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - എറണാകുളം

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മാമലക്കണ്ടം കമ്മ്യൂണിറ്റി ഹാളിൽ ആദിവാസി സമൂ ഹത്തിനായി പ്രത്യേക പരിശീലനവും സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചു.

പരിപാടിയുടെ സ്വാഗതം കോതമംഗലം തഹസിൽദാർ നിർവഹിച്ചു. ഉദ്ഘാടനം എം.എൽ.എ ശ്രീ. ആന്റണി ജോൺ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ശ്രീ. ഉമേഷ് NSK IAS മുഖ്യ പ്രഭാഷണം നടത്തി. ആദിവാസി വികസന ഓഫീസർ, IAG കൺവീനർ, പഞ്ചായത്തംഗങ്ങൾ എന്നിവർ അഭിനന്ദനങ്ങൾ അർപ്പിച്ചു.



ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ സഹകരണത്തോടെ ബേസിക് ലൈഫ് സേഫ്റ്റി, ദുരന്ത നിവാരണ തന്ത്രങ്ങൾ, ഫസ്റ്റ്



എയ്ഡ് എന്നിവയുമായി ബന്ധപ്പെട്ട പരിശീലനം tribal വിദ്യാർത്ഥികൾക്കും സമൂഹാംഗങ്ങൾക്കും നൽകി. തുടർന്ന് ആദിവാസി സമൂഹം തങ്ങളുടെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം പ്രകടിപ്പിച്ച കലാപരിപാടികൾ അവതരിപ്പിച്ചു.

പരിപാടിയുടെ സമാപനത്തിൽ ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ശ്രീമതി ഉഷ ബിന്ദുമോൾ നന്ദി പ്രസംഗം നടത്തി. "നമ്മുടെ ദുരന്ത നിവാരണം" എന്ന വിഷയത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി പോസ്റ്റർ മത്സരം സംഘടിപ്പിക്കുകയും, വിവിധ ചാനലുകൾ വഴി പ്രചാരണം നടത്തുകയും ചെയ്തു.

മൊത്തം 128 പേർ (55 വനിതകൾ, 48 പുരുഷൻമാർ, 25 കുട്ടികൾ) പങ്കെടുത്ത ഈ പരിപാടി, tribal സമൂഹത്തിൽ ദുരന്തസുരക്ഷാ അവബോധം വർദ്ധിപ്പിക്കുകയും, ഉൾപ്പെടുത്തലും പ്രതിരോധശേഷിയും ശക്തിപ്പെടുത്തുകയും ചെയ്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/9-IDDRR_Ernakula_Report.pdf

## 1.33 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - പത്തനംതിട്ട

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ പെരുനാട് താലൂക്കിലെ മഞ്ഞത്തോട് പ്രദേശത്തെ വനഭാഗത്തുള്ള അധിവാസി സമുദായത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു.

"അധിവാസി സമൂഹവും ദുരന്തനിവാരണ തയാറെടുപ്പുകളും" എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ IAS നിർവഹിച്ചു. റാണിയിലെ ഫയർ & റെസ്ക്യൂ വിഭാഗം ഫസ്റ്റ് എയ്ഡ് പരിശീലനം നയിച്ചു, അടിയന്തര സാഹചര്യങ്ങളിൽ പ്രതികരിക്കാൻ ആവശ്യമായ പ്രാഥമിക ശുശ്രൂഷാ അറിവുകളും കഴിവുകളും പങ്കുവെച്ചു.

പങ്കെടുത്തവർ:

- മൊത്തം 84 പേർ
- 34 വനിതകൾ
- 44 പുരുഷൻമാർ
- 6 കുട്ടികൾ

SDMA/DDMA പ്രതിനിധികൾ:

- ഫയർ & റെസ്ക്യൂ ഓഫീസർമാർ
- ഹസാർഡ് അനലിസ്റ്റ് ശ്രീമതി ചന്ദിനി പി.സി. സെനൻ - IDDRR ദിനത്തിന്റെ പ്രാധാന്യം വിശദീകരിച്ചു

ഈ പരിപാടി, വനമേഖലയിൽ താമസിക്കുന്ന അധിവാസി സമൂഹത്തിനുള്ള ദുരന്തപ്രതികരണ ശേഷി വർദ്ധിപ്പിക്കുന്നതിലും, സുരക്ഷാ അവബോധം വളർത്തുന്നതിലും നിർണായകമായി പ്രവർത്തിച്ചു.

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/8-IDDRR_Report_Pathanamthitta.pdf

## 1.34 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - കാസർഗോഡ്

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വെല്ലരിക്കുണ്ട് താലൂക്കിലെ മാലോത്ത് ഗ്രാമത്തിലെ G.L.P.S. പുഞ്ചാ സ്കൂളിൽ "വിവേചനം ഇല്ലാത്ത പുനരുദ്ധാനം" എന്ന തലക്കെട്ടിൽ പ്രത്യേക ദുരന്ത അവബോധ പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ ഉദ്ഘാടനം ബാലാൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാജു കട്ടക്കയം നിർവഹിച്ചു. താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. നവാസ് ഇ. അദ്ധ്യക്ഷത വഹിച്ചു. കുഡുംബശ്രീ CDS ചെയർപേഴ്സൺ ശ്രീമതി മേരി ബാബു, ജില്ലാ പ്രോജക്റ്റ് മാനേജർ ശ്രീ. രത്നേഷ് പി., PTA പ്ര സിഡന്റ് ശ്രീമതി കുഞ്ഞമ്മു, മാതൃ PTA പ്രസിഡന്റ് ശ്രീമതി ശരിക, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ഷൈനി മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു.

പരിശീലന സെഷനുകൾ കാഞ്ഞങ്ങാട് ഫയർ & റെസ്ക്യൂ ഓഫീസർ ശ്രീ. അരുൺ കൊന്നക്കാട്, HC.S, ശ്രീമതി സലിം കുര്യൻ എന്നിവർ നയിച്ചു. മാലോത്ത് ഗ്രാമത്തിലെ വില്ലേജ് ഓഫീസർ ശ്രീ. എലിയാസ് ദാസ് സ്വാഗതവും നന്ദിയും രേഖപ്പെടുത്തി.




ഈ പരിപാടി, പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും തദ്ദേശീയ സമൂഹങ്ങളിലൂടെയും ദുരന്തസുരക്ഷാ അവബോധം വളർത്തുന്നതിനുള്ള ഒരു മാതൃകയായി പ്രവർത്തിച്ചു.

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/1-EVENT_1_-_IDDR_-_DDMA_KASARAGOD-1.pdf

## 1.35 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – കോട്ടയം

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു.

മത്സരത്തിന്റെ വിവരങ്ങൾ ജില്ലാ ഡെപ്യൂട്ടി എജുക്കേഷൻ ഓഫീസറുടെ മുഖേന എല്ലാ ഹൈസ്കൂളുകളിലേക്കും പ്രചരിപ്പിച്ചു. ഒക്ടോബർ 15-നാണ് പോസ്റ്റർ സമർപ്പണത്തിന് അവസാന തീയതി നിശ്ചയിച്ചത്. കോട്ടയം ജില്ലയിലെ 15 സ്കൂളുകൾ 積 ് മത്സരത്തിൽ സജീവമായി പങ്കെടുത്തു. മൊത്തം 80 വിദ്യാർത്ഥികൾ അവരുടെ സൃഷ്ടികൾ സമർപ്പിച്ചു — ദുരന്ത നിവാരണത്തിന്റെ പ്രാധാന്യവും, സമൂഹത്തിൽ അതിന്റെ പ്രചാരവും ഊന്നിപ്പെടുത്തുന്ന രീതിയിൽ.



മത്സരത്തിന് വിലയിരുത്തൽ കമ്മിറ്റി കോട്ടയം കളക്ടറേറ്റിലെ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ നിന്നുള്ള വിദഗ്ദരാൽ രൂപീകരിച്ചു. സൃഷ്ടികളുടെ സാങ്കേതികത, തീമിനോടുള്ള അനുരൂപത, ദൃശ്യപ്രഭാവം എന്നിവയെ അടിസ്ഥാനമാക്കി വിജയികളെ തിരഞ്ഞെടുത്തു.

വിജയികൾ:

- ഒന്നാം സ്ഥാനം: അഞ്ജലി കെ.ബി — Crossroads H.S.S., Pampady
- രണ്ടാം സ്ഥാനം: ഇനിയ എ. — Baker  Memorial G.H.S.S.
- മൂന്നാം സ്ഥാനം: ബിബിൻ കെ. ബാബു — G.H.S.S. Edakoly

ഈ പരിപാടി, വിദ്യാർത്ഥികളിൽ ദുരന്തസുരക്ഷാ അവബോധം വളർത്തുന്നതിനും, സൃഷ്ടിപരമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ഒരു ഉത്തമ മാതൃകയായി പ്രവർത്തിച്ചു.

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/11-IDDRR_KottayamReport_2.pdf

## 1.36 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - ആലപ്പുഴ

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കുമാരപുരം പഞ്ചായത്തിലെ ചെന്നാട്ട് കോളനിയിലെ സമൂഹ

പഠനമുറിയിൽ ആദിവാസി സമൂഹത്തിനായി ദുരന്ത തയാറെടുപ്പ് പരിശീലന പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ ഉദ്ഘാടനം കുമാരപുരം പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സുചി ഒ. നിർവഹിച്ചു. വാർഡ് മെമ്പർ ശ്രീ ശ്ലാമി വലടിയിലിന്റെ സ്വാഗത പ്രസംഗത്തിന് ശേഷം ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണ) ശ്രീമതി ആശ സി. എബ്രഹാം മുഖ്യ പ്രഭാഷണം നടത്തി. കാർത്തികപ്പള്ളി തഹസിൽദാർ ശ്രീ സജീവ് കുമാർ, ജൂനിയർ സൂപ്രണ്ടൻറ്, ഹസാർഡ് അനലിസ്റ്റ്, മറ്റ് ദുരന്ത നിവാരണ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

പ്രധാന സെഷനുകൾ:

- അഗ്നി രക്ഷാ തന്ത്രങ്ങൾ - ഹരിപ്പാട് ഫയർ & റെസ്ക്യൂ വിഭാഗം
- ഫസ്റ്റ് എയ്ഡ് പരിശീലനം - ആരോഗ്യ വകുപ്പ്

പങ്കെടുത്തവർ:

- 38 വനിതകൾ
- 13 പുരുഷൻമാർ

ഈ പരിപാടി, ആദിവാസി സമൂഹത്തിൽ ദുരന്തസുരക്ഷാ അവബോധം വർദ്ധിപ്പിക്കുകയും, പ്രതികരണ ശേഷി ശക്തിപ്പെടുത്തുകയും ചെയ്യുന്നതിൽ നിർണായകമായി പ്രവർത്തിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/12-_IDDRR_2023_allapy.pdf

## 1.37 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - കൊല്ലം

2023 ഒക്ടോബർ 13-ന് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിന്റെ ഭാഗമായി കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വിവിധ താലൂക്കുകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കും ആദിവാസി സമൂഹത്തിനും ലക്ഷ്യമിട്ടുള്ള അവബോധ പരിപാടികളും മത്സരങ്ങളും സംഘടിപ്പിച്ചു.

പ്രധാന പരിപാടികൾ:

◆ വിദ്യാർത്ഥികൾക്കായുള്ള അവബോധ പരിപാടികൾ കൊല്ലം ജില്ലയിലെ ആറു താലൂക്കുകളിലായി സർക്കാർ ഹൈസ്കൂളുകളിൽ ഫയർ & റെസ്ക്യൂ, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ദുരന്തപ്രതികരണവും ഫസ്റ്റ് എയ്ഡും സംബന്ധിച്ച ക്ലാസുകൾ നടന്നു.

◆ Karunagappally, Kottarakkara, Sasthamcotta, Pathanapuram, Punalur താലൂക്കുകളിലും പരിപാടികൾ നടന്നു.

◆ ആദിവാസി സമൂഹത്തിനായുള്ള പരിശീലനം കുലത്തുപുഴ Tribal Extension Office-ൽ Tribal Development Office-ിന്റെ സഹകരണത്തോടെ അടിയന്തര പ്രതികരണ പരിശീലനം നടന്നു.

◆ കുലത്തുപുഴ Model Residential School-ൽ "Our Disaster Management" എന്ന വിഷയത്തിൽ പോസ്റ്റർ മത്സരം സംഘടിപ്പിച്ചു.

◆ ജില്ലാതല പോസ്റ്റർ മത്സരം Deputy Director of Education-ന്റെ സഹകരണത്തോടെ വിവിധ സ്കൂളുകളിൽ പോസ്റ്റർ മത്സരം നടന്നു.

വിജയികൾ:

🥇 Ananya Subhash (Vimalahridaya HSS for Girls, Pattathanam)

🥈 Ayana Asok (NSSHSS, Chathannoor)

🥉 Sreehari A R (NSSHSS, Chathannoor)

ഈ പരിപാടികൾ "Fighting Inequality for a Resilient Future" എന്ന ആഗോള തീമിന്റെ ഭാഗമായി, സമത്വം, ഉൾപ്പെടുത്തൽ, സമൂഹ പ്രതിരോധശേഷി എന്നിവയെ മുൻതൂക്കമിട്ട് സംഘടിപ്പിക്കപ്പെട്ടു

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/12-_IDDRR_2023_allapy.pdf

## 1.38 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം - മലപ്പുറം

2024 ജനുവരി 18-ന് മലപ്പുറം ജില്ലാ കോൺഫറൻസ് ഹാളിൽ നടന്ന International Day for Disaster Risk Reduction (IDDRR) പോസ്റ്റർ ഡിസൈൻ മത്സരത്തിന്റെയും Basic Life Support (BLS) പരിശീലനത്തിന്റെയും ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ 22 സ്കൂളുകളിൽ നിന്നുള്ള 61 കുട്ടികൾ പങ്കെടുത്തു. CHHS അടക്കകുണ്ട് സ്കൂളിലെ നെഹ ഫാത്തിമ കെ. ആദ്യ സമ്മാനം നേടി; GHS പെരകമ്മണ്ണയിലെ യദു പി. മഹേഷ് രണ്ടാം സമ്മാനവും Benchmark International School, തിരൂരിലെ ഹിബ എം. പി. മൂന്നാം സമ്മാനവും നേടി. മലപ്പുറം ഫയർഫോഴ്സ് സ്റ്റേഷൻ ഓഫീസർ ശ്രീ. അബ്ദുൽ സലീം നയിച്ച BLS പരിശീലനം കുട്ടികൾക്ക് പ്രായോഗിക അറിവ് നൽകുകയും ചെയ്തു. അസിസ്റ്റന്റ് കളക്ടർ ശ്രീ. സുമിത് കുമാർ താക്കൂർ IAS, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ശ്രീ. മെഹ്റാലി എൻ. എം., ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ശ്രീ. ബിനുമോൻ, LR സെക്ഷൻ ഡെപ്യൂട്ടി കളക്ടർ ശ്രീ. അന്വർ സാദത്ത് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. 12 സ്ത്രീകളും 11 പുരുഷന്മാരും 35 കുട്ടികളും പങ്കെടുത്ത ഈ പരിപാടി സൃഷ്ടിപരമായ പങ്കാളിത്തം, അവാർഡ് അംഗീകാരം, പരിശീലനം എന്നിവ

സംയോജിപ്പിച്ച സമഗ്രമായ ഒരു വിദ്യാഭ്യാസ അനുഭവമായി മാറി. റിപോർട്ട്: https://shorturl.at/aEVEr

### 1.39 കോട്ടയം – കുമാരകം ഗ്രാമപഞ്ചായത്ത് - ദുരന്ത നിവാരണ പദ്ധതി പുതുക്കൽ

2023 ഒക്ടോബർ 17-ന് കോട്ടയം ജില്ലയിലെ കുമാരകം ഗ്രാമപഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിൽ ദുരന്ത നിവാരണ പദ്ധതി പുതുക്കൽ സെഷൻ സംഘടിപ്പിച്ചു. 2020-ൽ രൂപപ്പെടുത്തിയ പദ്ധതി പുതുക്കുന്നതിനുള്ള ഉദ്ദേശത്തോടെ, കുമാരകം ഗ്രാമപഞ്ചായത്തിന്റെ സാങ്കേതിക പങ്കാളിയായ ടെൻസിംഗ് നേച്ചർ ആൻഡ് അഡ്വഞ്ചർ ക്ലബ്ബ് ഈ പരിപാടി സംഘടിപ്പിച്ചു.



പ്രധാന ഘടകങ്ങൾ:

പദ്ധതി അവലോകനം: 2020-ലെ ദുരന്ത നിവാരണ പദ്ധതിയുടെ ഘടനയും പരിഷ്കരണ ആവശ്യകതകളും വിശദീകരിച്ചു.

ഗ്യാപ് അനാലിസിസ്: പദ്ധതിയുടെ 6-ാം അധ്യായത്തിൽ ഉൾപ്പെട്ട പദ്ധതികളും നിർദ്ദേശങ്ങളും വിശകലനം ചെയ്യുന്നതിനായി ഫീൽഡ് ഡാറ്റ ശേഖരണവും ഗ്യാപ് അനാലിസിസും MG യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ നിർവഹിച്ചു.

പ്രഭാഷണങ്ങൾ:

ഹസാർഡ് അനലിസ്റ്റ് ശ്രീമതി ഗായത്രി പി. നായർ (DEOC കോട്ടയം) മുഖ്യ പ്രഭാഷകയായി. LSGD ദുരന്ത നിവാരണ കോർഡിനേറ്റർ ശ്രീ. ആനി ഇടിക്കുള സെഷൻ അദ്ധ്യക്ഷത വഹിച്ചു. ടെൻസിംഗ് ക്ലബ്ബ് സെക്രട്ടറി ശ്രീ. റഹീം ഡാറ്റ ശേഖരണ രീതികൾ വിശദീകരിച്ചു. MG യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ പഠന വിലയിരുത്തലുകൾ പങ്കുവെച്ചു.

പങ്കെടുത്തവർ:

- 14 വനിതകൾ
- 3 പുരുഷൻമാർ

പരിപാടിയുടെ സമാപനം ടെൻസിംഗ് ക്ലബ്ബിന്റെ എക്സിക്യൂട്ടീവ് അംഗം ശ്രീമതി ഷീബ നന്ദി പ്രസംഗം നടത്തി. ഈ സെഷൻ, പഞ്ചായത്ത് തലത്തിൽ ദുരന്ത നിവാരണ

പദ്ധതികൾ കൂടുതൽ കാര്യക്ഷമവും പങ്കാളിത്തപരവുമാക്കുന്നതിനുള്ള ഒരു മാതൃകയായി പ്രവർത്തിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/kottayam_report.pdf

## 1.40 കേരള–നോർവെ ഉഭയകക്ഷി ദുരന്ത ലഘൂകരണ ശില്പശാല

ശില്പശാലയുടെ പശ്ചാത്തലം കേരളം, അതിന്റെ മനോഹരമായ പ്രകൃതിദൃശ്യങ്ങൾക്കൊപ്പം, ഉരുൾപൊട്ടലുകൾ, തീരദേശ മണ്ണൊലിപ്പുകൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയാൽ സൃഷ്ടിക്കപ്പെടുന്ന സങ്കീർണ്ണ ജിയോടെക്നിക്കൽ വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനമാണ്. ഈ വെല്ലുവിളികൾക്ക് ശാസ്ത്രീയവും പ്രാദേശികമായി അനുയോജ്യവുമായ പരിഹാരങ്ങൾ ആവശ്യമാണ്. ഈ ആവശ്യകത തിരിച്ചറിഞ്ഞാണ് NGI, KSDMA, ആസൂത്രണ ബോർഡ് എന്നിവ ചേർന്ന് ഈ 5-ദിവസത്തെ ശില്പശാല സംഘടിപ്പിച്ചത്.

🎯 ശില്പശാലയുടെ ലക്ഷ്യങ്ങൾ

NGIയുടെ ആഗോള സാങ്കേതിക വൈദഗ്ധ്യവും KSDMAയുടെ പ്രാദേശിക അറിവും സംയോജിപ്പിച്ച് പ്രായോഗിക പരിഹാരങ്ങൾ രൂപപ്പെടുത്തുക



സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs), Sendai Framework, Towards a Safer State തുടങ്ങിയ ആഗോള ദിശാനിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്ന തന്ത്രങ്ങൾ വികസിപ്പിക്കുക

കേരള സർക്കാർ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ - എഞ്ചിനീയർമാർ, ജിയോളജിസ്റ്റുകൾ, മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥർ, ദുരന്ത നിവാരണ ഉദ്യോഗസ്ഥർ — എന്നിവരെ സജ്ജമാക്കുക.

🧠 ശില്പശാലയുടെ ഉള്ളടക്കം

- പ്രഭാഷണങ്ങൾ: NGI, KSDMA, ആസൂത്രണ ബോർഡ് എന്നിവിടങ്ങളിലെ വിദഗ്ധർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി
- പ്രായോഗിക സെഷനുകൾ: Kerala-യിലെ ഭൂപ്രകൃതിയും മണ്ണ് ഘടനയും അടിസ്ഥാനമാക്കി case study-കൾ

- സംവാദങ്ങൾ: വിവിധ വകുപ്പുകൾ തമ്മിൽ സംയോജിത പ്രതികരണ തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങൾ
- തന്ത്രപരമായ പരിശീലനം: ഉരുൾപൊട്ടലുകൾ തടയൽ, coastal erosion management, geotechnical mapping, early warning systems

👥 പങ്കാളിത്തം

- NGI–KSDMA വിദഗ്ദർ
- കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകൾ

🔍 പ്രതീക്ഷിച്ച ഫലങ്ങൾ

- തിരഞ്ഞെടുത്ത 50+ ഉദ്യോഗസ്ഥർക്ക് ചുവടെ ചേർക്കുന്ന അവബോധം നൽകുക.
- ജിയോടെക്നിക്കൽ അപകടങ്ങൾക്കുള്ള തന്ത്രപരമായ ഇടപെടലുകൾ
- പ്രാദേശികതയോടും ശാസ്ത്രീയതയോടും ചേർന്ന പദ്ധതി രൂപീകരണം
- അന്താരാഷ്ട്ര സഹകരണത്തിലൂടെ കേരളത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കൽ

ഈ ശില്പശാല, കേരളം നേരിടുന്ന ജിയോടെക്നിക്കൽ വെല്ലുവിളികൾക്കുള്ള നൂതന പരിഹാരങ്ങൾ രൂപപ്പെടുത്തുന്നതിനും, അന്താരാഷ്ട്ര സഹകരണത്തിലൂടെ പ്രാദേശിക ശേഷിവളർച്ച ഉറപ്പാക്കുന്നതിനും ഒരു മാതൃകയായി മാറുന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/05/NGI_Report.pdf


## 1.41 ദുരന്ത നിവാരണ മോക്ക് ഡിൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ

2022ൽ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച മോക്ക് ഡ്രില്ലിൽ നടത്തിയപ്പോൾ പത്തനംതിട്ട ജില്ലയിൽ ശ്രീ. ബിനു സോമന് എന്ന സന്നദ്ധ പ്രവർത്തകൻ മരണപ്പെടുവാൻ ഇടയായ സംഭവത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ വകുപ്പ് തല റിപോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപോർട്ട് പരിഗണിച്ച് മോക്ക് ഡ്രിൽ നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള മർഗ്ഗനിർദേശങ്ങൾ സർക്കാർ GO (Rt) No. 619/2023/DMD dated 19-10-2023 ആയി പുറപ്പെടുവിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും Incident Response System പരിശീലക കൂടി ആയ കുമാരി. അമൃത കെ, ഹസർഡ് അനലിസ്റ്റ് അന്വേഷണത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറെ സഹായിച്ചു.

## 1.42 2023ലെ ഓറഞ്ച് പുസ്തകം - കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ

ദുരന്തങ്ങളെ നേരിടുന്നതിന്റെ കാര്യക്ഷമത ദുരന്തങ്ങളെ നേരിടുന്നതിന് എത്രകണ്ട് തയ്യാറെടുക്കുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും. കേരളത്തിൽ ഏറ്റവും അധികം ദുരന്ത സാഹചര്യം ഉണ്ടാകുന്ന സമയം കാലവർഷ-തുലാവർഷ കാലം ആണ്. 2012 മുതൽ എല്ലാ വർഷവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കാലവർഷ-തുലാവർഷ മുന്നൊരുക്കയോഗം സർക്കാർ തലത്തിൽ നടത്തി വരുന്നു. മുഖ്യമന്ത്രി മന്ത്രിമാരുടെയും വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും യോഗം 30-05-2023ന് വിളിച്ചു ചേർത്ത് തയ്യാറെടുപ്പുകൾ അവലോകനം ചെയ്തു.

സംസ്ഥാന, ജില്ലാ, താലൂക്ക് തലത്തിൽ അടിയന്തിരഘട്ട പ്രവർത്തന സംവിധാനം (Incident Response System) സ്ഥാപിച്ച്, വിവിധ വകുപ്പുകളുടെ പ്രവർത്തന മേഖല വ്യക്തമാക്കി ഒരു പ്രത്യേക രൂപ രേഖയുടെ ആവശ്യം ഓഖി ചുഴലിക്കാറ്റ്, 2018ലെ പ്രളയം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. മേൽ അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടാണ് ഇത്തരം ഒരു മാർഗ്ഗരേഖ (ഓറഞ്ച് പുസ്തകം) ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 22 (2) (f) പ്രകാരം കാലവർഷ-തുലാവർഷ കാലത്തേക്ക് തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത്.




അതാത് ജില്ലയുടെ സാഹചര്യം പരിഗണിച്ച് ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശ സർക്കാരുകളും, വകുപ്പുകളും മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ഈ പ്രവർത്തങ്ങൾക്ക് ജില്ല ദുരന്ത നിവാരണ അതോറിറ്റി നേതൃത്വം നൽകേണ്ടതുണ്ട്. പ്രതികരണ സമയത്തും, അടിയന്തിര ദുരിതാശ്വാസ സഹായ സമയത്തും സ്വീകരിക്കേണ്ട നടപടികളും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലവർഷ-തുലാ വർഷ കാലം അല്ലാത്ത മാസങ്ങളിലും, പ്രളയം, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, എന്നീ സാഹചര്യങ്ങളിലും ഈ മാർഗ്ഗരേഖ പ്രകാരം ആണ് വകുപ്പുകൾ പ്രവർത്തിക്കേണ്ടത്.

ഈ കൈപുസ്തകത്തിന്റെ ആദ്യ പതിപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി 6-05-2019ന് അംഗീകരിക്കുകയും സർക്കാർ GO (Rt) No. 280/2019/DMD dated 9-05-2019 എന്ന ഉത്തരവായി

പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ പുസ്തകം ഓരോ വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുതുക്കി പ്രസിദ്ധീകരിക്കുവാൻ സംസ്ഥാന ഇ.ഒ.സിയെ 30-4-2020ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി. 25-5-2023ന് സംസ്ഥാന ഇ.ഒ.സിയിലെ വിദഗ്ദ്ധർ യോഗം ചേർന്ന് 2023ലെ ഓറഞ്ച് പുസ്തകം അംഗീകരിച്ചു. തുടർന്ന് 30-5-2023ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഈ പുസ്തകം അംഗീകരിക്കുകയും, GO (Rt) No. 368/2023/DMD dated 9-6-2023 പ്രകാരം സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. ലിങ്ക് https://shorturl.at/OhNBo

### 1.43 കൊല്ലം - ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും വേണ്ടി ദുരന്ത നിവാരണ പരിശീലന പരിപാടി

2023 ഒക്ടോബർ 18-ന് കൊല്ലം ജില്ലയിലെ അരിപ്പയിലെ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും വേണ്ടി ദുരന്ത നിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു.

പരിശീലനം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ നടന്നു. ഹസാർഡ് അനലിസ്റ്റ് ശ്രീ. പ്രേം ജി. പ്രകാശ് (DEOC, കൊല്ലം) വിവിധ സെഷനുകൾ നയിച്ചു.

പ്രധാന വിഷയങ്ങൾ:

- പ്രകൃതിദുരന്തങ്ങളും മനുഷ്യനിർമ്മിത അപകടങ്ങളും
- കേരളത്തിലെ ഹസാർഡ് പ്രൊഫൈൽ
- ഇന്ത്യയിലെ ദുരന്ത നിവാരണ സ്ഥാപന ഘടന
- കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കുന്ന സ്രോതസ്സുകൾ
- വനപ്രദേശങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക അപകടങ്ങൾ (ഉരുൾപൊട്ടൽ, വനാഗ്നി, മൃഗ–മനുഷ്യ സംഘർഷം, മരം വീഴൽ മുതലായവ)
- ഫോറസ്റ്റ് സ്റ്റാഫിന്റെ തൊഴിൽ സുരക്ഷയും ഇടപെടൽ തന്ത്രങ്ങളും

പങ്കെടുത്തവർ:

- മൊത്തം 16 ഉദ്യോഗസ്ഥർ
- 5 വനിതകൾ

ഈ പരിശീലനം, വനപ്രദേശങ്ങളിലെ ദുരന്ത സാധ്യതകൾ തിരിച്ചറിയാനും, സമൂഹ സുരക്ഷയും ഉദ്യോഗസ്ഥരുടെ occupational safety-യും ഉറപ്പാക്കുന്നതിനും സഹായകമായി. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Brief_Report_on_Trainings_Workshops_18.10.2023_prem_kasargode.pdf

## 1.44 തിരുവനന്തപുരം - വെള്ളപ്പൊക്ക രക്ഷാപ്രവർത്തന മോക്ക് ഡ്രിൽ




തൃശ്ശൂർ എൻഡിആർഎഫ് ടീമിന്റെ നേതൃത്വത്തിൽ 2023 ഒക്ടോബർ 19-ന് തിരുവനന്തപുരം ജില്ലയിലെ കരമന താലൂക്കിൽ തളിയിൽ കടവിൽ നടത്തിയ വെള്ളപ്പൊക്ക രക്ഷാപ്രവർത്തന മോക്ക് ഡ്രിൽ, ദുരന്തനിവാരണ സംവിധാനങ്ങളുടെ തയ്യാറെടുപ്പും പ്രതികരണ ശേഷിയും വിലയിരുത്തുന്നതിനായുള്ള ഒരു പ്രധാന പരിശീലനമായിരുന്നു. കരമന നദി കരകവിഞ്ഞ് വീടുകൾ മുങ്ങിയെന്ന കൃത്രിമ സാഹചര്യത്തിൽ, രക്ഷാപ്രവർത്തനത്തിനും മെഡിക്കൽ സഹായത്തിനും ആവശ്യമായ താത്കാലിക ഇടപെടലുകൾ പരിശീലനം ഉൾപ്പെടുത്തി. ജില്ലാ ദുരന്തനിവാരണ അതോറിറ്റി, താലൂക്ക്-ഗ്രാമ തല ഉദ്യോഗസ്ഥർ, ഫയർഫോഴ്സ്, പോലീസ്, മെഡിക്കൽ ടീം, സിവിൽ ഡിഫൻസ്, ആപ്പ്ദാമിത്രാ സന്നദ്ധസേവകർ എന്നിവരുടെ ഏകോപിത പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

മോക്ക് ഡ്രിൽ രാവിലെ 9:45ന് ആരംഭിച്ച് 10:40ന് സമാപിച്ചു. അടിയന്തര സേവനങ്ങൾ 15 മിനിറ്റിനുള്ളിൽ സ്ഥലത്തെത്തി, രക്ഷാപ്രവർത്തനങ്ങൾ ത്വരിതമായി നടന്നു. ഫയർഫോഴ്സ്, എൻഡിആർഎഫ്, മെഡിക്കൽ ടീം എന്നിവരുടെ ഇടപെടലിലൂടെ നാല് പേരെ രക്ഷപ്പെടുത്തി, ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു. സന്നദ്ധസേവകരുടെ സഹായത്തോടെ കൂടുതൽ ആളുകളെ സൈക്ലോൺ ഷെൽട്ടറിലേക്ക് മാറ്റി. വിവിധ ഏജൻസികൾ തമ്മിലുള്ള സംവാദവും ഏകോപനവും കാര്യക്ഷമമായിരുന്നു. ഈ മോക്ക് ഡ്രിൽ, ദുരന്തനിവാരണ രംഗത്തെ തയ്യാറെടുപ്പിന്റെ ശക്തിയും മെച്ചപ്പെടുത്തേണ്ട മേഖലകളും വ്യക്തമാക്കുന്നതായി വിലയിരുത്താം.

റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Flood_Rescue_Mock_Drill_Report_19-10-2023_1.pdf

## 1.45 ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി - വിദ്യാർത്ഥികളുടെ സന്ദർശനം

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കേന്ദ്രത്തിൽ നിന്നുള്ള പി.ജി വിദ്യാർത്ഥികൾക്കായി 2023 ഒക്ടോബർ 21-ന് കേരള

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ (KSDMA) നിരീക്ഷണ സന്ദർശനം സംഘടിപ്പിച്ചു. KSDMAയും IGNOUയും സംയുക്തമായി സംഘടിപ്പിച്ച ഈ സന്ദർശനം വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായിരുന്നു. സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ: KSDMAയുടെ ഘടനയും പ്രവർത്തനരീതിയും, ഇന്ത്യയും കേരളവും ഉൾപ്പെടെ ദുരന്തനിവാരണ അതോറിറ്റികളുടെ ഉത്ഭവവും, സംസ്ഥാനത്തെ പ്രധാന ദുരന്തങ്ങൾ, ദുരന്തനിവാരണ തത്വങ്ങളും തന്ത്രങ്ങളും എന്നിവയെക്കുറിച്ചുള്ള ദൃശ്യവത്കരണം നൽകുന്നതായിരുന്നു.

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/10/Observation-visit-by-PG-students-of-IGNOU.pdf

### 1.46 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ്, കില - വിദ്യാർത്ഥികളുടെ സന്ദർശനം

2023 ഒക്ടോബർ 27-ന് ഇന്റർൻഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി ഐപിപിഎൽ (MA Public Policy and Development) വിദ്യാർത്ഥികൾ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ (KSDMA) പഠനസന്ദർശനം നടത്തി. അതോറിറ്റിയുടെ പ്രവർത്തനരീതികളും ഘടനയും നേരിട്ട് പരിചയപ്പെടുക എന്നതാണ് സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യം. ഏകദേശം ഒരു മണിക്കൂർ നീണ്ട സന്ദർശനത്തിൽ, വിദ്യാർത്ഥികൾ KSDMAയുടെ പ്രവർത്തനപരിസരം നിരീക്ഷിക്കുകയും അതോറിറ്റിയുടെ ആകൃതിയും പ്രവർത്തനശൈലിയുമെക്കുറിച്ച് പ്രാഥമിക ധാരണ നേടുകയും ചെയ്തു.

സംസ്ഥാന പ്രോജക്റ്റ് ഓഫീസറുമായുള്ള സംവാദവും ചോദ്യോത്തര സെഷനും വിദ്യാർത്ഥികൾക്ക് ദുരന്തനിവാരണ നയങ്ങൾ, തന്ത്രങ്ങൾ, നടപ്പാക്കൽ നടപടികൾ എന്നിവയെക്കുറിച്ച് വിശദമായി മനസ്സിലാക്കാൻ അവസരമൊരുക്കി. സമയപരിമിതിയുണ്ടായിരുന്നെങ്കിലും, KSDMAയുടെ പ്രവർത്തനങ്ങളിൽ നിന്നുള്ള അടിസ്ഥാന അറിവുകൾ വിദ്യാർത്ഥികൾക്ക് ലഭിച്ചു. അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ പ്രതിബദ്ധതയും സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങളിലേക്കുള്ള ദൃഢമായ സമീപനവും വിദ്യാർത്ഥികൾ ശ്രദ്ധിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/11/interns_visit_report.pdf

### 1.47 പാലക്കാട് - സ്കൂൾ സുരക്ഷയും 'ഉസ്കൂൾ' ആപ്പിന്റെ ഉപയോഗവും

2023 ഒക്ടോബർ 27-ന് പാലക്കാട് ജില്ലാ കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ, സ്കൂൾ സുരക്ഷയും 'ഉസ്കൂൾ' ആപ്പിന്റെ ഉപയോഗവും സംബന്ധിച്ച് ഹൈസ്കൂൾ



ഫോകൽ അധ്യാപകർക്ക് പരിശീലന സെഷനുകൾ സംഘടിപ്പിച്ചു. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും (KSDMA), പാലക്കാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും (DDMA) സംയുക്തമായി സംഘടിപ്പിച്ച ഈ പരിപാടിയിൽ, രാവിലെ മണ്ണാർക്കാട്, ഒറ്റപ്പാലം ഡിഇഒമാരുടെ കീഴിലുള്ള സ്കൂളുകൾക്കും, ഉച്ചയ്ക്ക് പാലക്കാട് ഡിഇഒയുടെ കീഴിലുള്ള സ്കൂളുകൾക്കും പരിശീലനം നൽകി. റവന്യൂ ഡെപ്യൂട്ടി കളക്ടർ സച്ചിൻ കൃഷ്ണൻ KAS സെഷൻ ഉദ്ഘാടനം ചെയ്തു. ഡോ. പ്രതീഷ് മാമ്മൻ (UNICEF സംസ്ഥാന പ്രോഗ്രാം കോർഡിനേറ്റർ, KSDMA) പരിശീലന സെഷനുകൾ നയിച്ചു.

പരിശീലനത്തിൽ, സ്കൂൾ സുരക്ഷാ പദ്ധതികളുടെ രൂപീകരണം, ദുരന്തനിവാരണ പദപ്രയോഗങ്ങൾ, ബന്ധപ്പെട്ട സർക്കാർ നിയമങ്ങൾ, 'ഉസ്കൂൾ' ആപ്പിന്റെ ഉപയോഗം എന്നിവ വിശദമായി അവതരിപ്പിച്ചു. അധ്യാപകർ തമ്മിൽ ആശയവിനിമയം നടത്തി, അനുഭവങ്ങൾ പങ്കുവെച്ച്, സംവാദങ്ങൾ നടത്തി. 103 അധ്യാപകർ പങ്കെടുത്ത ഈ സെഷനുകൾ, സ്കൂൾ തലത്തിൽ ദുരന്തനിവാരണ തന്ത്രങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രാധാന്യവും, അധ്യാപക പങ്കാളിത്തത്തിന്റെ ശക്തിയും തെളിയിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/Palakkad_District_School_Safety_and_USchool_App_Training_-_27.10.2023.docx-1.pdf

## 1.48 കേരളീയം

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കേരളീയം 2023, ആപ്ദാമിത്ര സന്നദ്ധസേവകരുടെയും സിവിൽ ഡിഫൻസ് പ്രവർത്തകരുടെയും ശേഷി വർദ്ധിപ്പിക്കുന്നതും, വിദ്യാർത്ഥികളിൽ സന്നദ്ധതയുടെ മനോഭാവം വളർത്തുന്നതുമായ ഒരു സമഗ്ര പരിപാടിയായിരുന്നു. തിരുവനന്തപുരം KSDMA ഓഫീസിൽ നടന്ന ഈ ഏഴുദിന പരിപാടിയിൽ, ശാസ്ത്രീയ



പ്രദർശനങ്ങൾ, പരിശീലന സെഷനുകൾ, മോഡലുകൾ, ഗെയിമുകൾ, കാവചം (KaWaCHaM) അടക്കമുള്ള അടിയന്തര മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി. 300-ത്തിലധികം ആപ്താമിത്ര പ്രവർത്തകരും നിരവധി വിദ്യാർത്ഥികളും പങ്കെടുത്തു.



കേരളീയം 2023-ന്റെ ആശയരൂപീകരണത്തിൽ ARR-T (Awareness, Response, Resilience, Training) എന്ന സങ്കേതം മുഖ്യമായിരുന്നു. ഈ മാതൃക പ്രകാരം, സന്നദ്ധ പ്രവർത്തകരെ ദുരന്തനിവാരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പരിശീലിപ്പിക്കുകയും, അവരെ സമൂഹത്തിൽ പ്രതിരോധശേഷി വളർത്തുന്ന നേതാക്കളായി മാറ്റുകയും ചെയ്യുകയായിരുന്നു ലക്ഷ്യം. 2018-ലെ കേരള വെള്ളപ്പൊക്കത്തിൽ സന്നദ്ധതയുടെ ശക്തി തെളിയിച്ചതിന്റെ പശ്ചാത്തലത്തിൽ, ഈ പരിപാടി സന്നദ്ധതയെ ഒരു ദീർഘകാല തന്ത്രമായി പ്രചരിപ്പിക്കുകയാണ് ഉദ്ദേശിച്ചത്.



KSDMA ഓഫീസിന്റെ മൂന്ന് നിലകളിലായി വിവിധ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. താളംനൽകിയ പ്രവേശന കവാടം, ഫോട്ടോ പോയിന്റ്, ഹെൽപ് ഡെസ്ക്, അടിയന്തര പ്രവർത്തന കേന്ദ്രം (EOC), ഷോർട്ട് ഫിലിം സ്ക്രീനിംഗ്, ഗാലറിയയിലെ മോഡലുകൾ, ഗെയിം സോണുകൾ, KaWaCHaM മുന്നറിയിപ്പ് സംവിധാനം, ഫീഡ്ബാക്ക് ബോർഡ് എന്നിവയിലൂടെ സന്ദർശകർക്ക് ദുരന്തനിവാരണത്തിന്റെ താത്വികവും പ്രായോഗികവുമായ അറിവുകൾ ലഭിച്ചു. പ്രത്യേകിച്ച് കുട്ടികൾക്കായി രൂപകൽപ്പന ചെയ്ത ഗെയിമുകൾ, പഠനവും വിനോദവും സംയോജിപ്പിച്ച രീതിയിലായിരുന്നു.

വിദ്യാർത്ഥികളുടെ പങ്കാളിത്തം ഈ പരിപാടിയുടെ പ്രധാന സവിശേഷതയായിരുന്നു. തിരുവനന്തപുരം, കൊല്ലം, വയനാട് ജില്ലകളിൽ നിന്നുള്ള 679 വിദ്യാർത്ഥികൾ പങ്കെടുത്തതോടൊപ്പം, വയനാട് ജില്ലയിലെ ആദിവാസി വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ഷണവും ഒരുക്കി. "Disseminating Indigenous Knowledge for Disaster Resilience" എന്ന പദ്ധതിയുടെ ഭാഗമായി, തദ്ദേശീയ അറിവുകൾ പങ്കുവെക്കാനും കുട്ടികളിൽ പ്രതിരോധശേഷി വളർത്താനും ഈ ഇടപെടൽ സഹായിച്ചു. കുട്ടികളെ

മാറ്റത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതിനിധികളായി വളർത്തുക എന്നതാണ് KSDMAയുടെ ദീർഘകാല ലക്ഷ്യം.

കേരളീയം 2023-ൽ UNICEF പ്രതിനിധികളുടെ സന്ദർശനം, കുട്ടികേന്ദ്രിത ദുരന്തനിവാരണ ശ്രമങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം നൽകുന്നതായിരുന്നു. ഗെയിം സോണിലെ പ്രവർത്തനങ്ങൾ, മാധ്യമങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റുകയും, സമൂഹത്തിൽ പ്രതിരോധശേഷി വളർത്തുന്നതിനുള്ള മാതൃകാപരമായ ഇടപെടലായി മാറുകയും ചെയ്തു. ഫീഡ്ബാക്ക് ബോർഡിലൂടെ സന്ദർശകരുടെ അഭിപ്രായങ്ങൾ ശേഖരിക്കുകയും, ഭാവിയിലേക്കുള്ള പദ്ധതികൾക്ക് ദിശാബോധം നൽകുകയും ചെയ്തു. ഈ പരിപാടി, കേരളത്തിൽ സന്നദ്ധതയും സമൂഹപങ്കാളിത്തവും അടിസ്ഥാനമാക്കിയുള്ള ദുരന്തനിവാരണത്തിന്റെ പുതിയ മാതൃകയായി നിലനിൽക്കുന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/04/Final_Keraleeyam-Report-pdf.io_.pdf. കേരളീയത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച പരിപാടികളുടെ ഒരു ചെറു വീഡിയോ ഇവിടെ ലഭ്യമാണ്. https://youtu.be/QnRt69Uo1ws

## 1.49 മലപ്പുറം - ആപ്ദാമിത്ര സന്നദ്ധസേവകർക്ക് ഉപകരണ വിതരണം

2023 നവംബർ 10-ന് മലപ്പുറം ജില്ലയിലെ നിലമ്പൂർ ഫയർ സ്റ്റേഷനിൽ, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സംസ്ഥാനതല പരിശീലന പരിപാടിയുടെ ഭാഗമായി, മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ഫയർഫോഴ്സ് വകുപ്പും സംയുക്തമായി Scheduled Tribe വിഭാഗത്തിൽ ഉള്ള ആപ്ദാമിത്ര സന്നദ്ധസേവകർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തു. പ്രകൃതിദുരന്തങ്ങൾക്ക് അതീവ ബാധ്യതയുള്ള നിലമ്പൂർ മേഖലയിലെ 102 ആദിവാസി സന്നദ്ധസേവകർക്ക് പ്രത്യേക പരിശീലനം നൽകുകയും, 500 പേരടങ്ങുന്ന ജില്ലാതല ആപ്ദാമിത്ര സംഘത്തിൽ നിന്ന് തിരഞ്ഞെടുക്കുകയും ചെയ്തു.





പരിപാടിയിൽ മലപ്പുറം സ്റ്റേഷൻ ഓഫീസർ ഇ.കെ. അബ്ദുൽ സലിം അധ്യക്ഷനായിരുന്നു. മഞ്ചേരി സ്റ്റേഷൻ ഓഫീസർ പ്രദീപ് പമ്പലത്ത് സ്വാഗതം

പറഞ്ഞു. പ്രധാന പങ്കാളികളായി നിലമ്പൂർ മുനിസിപ്പൽ കൗൺസിലർ സ്വപ്ന ടീച്ചർ, ഹസാർഡ് അനലിസ്റ്റ് ആദിത്യ ടി.എസ്., ആദിവാസി ക്ഷേമ സമിതി ജില്ലാ കോർഡിനേറ്റർ ഷാനവാസ് ടി.കെ., അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ അബ്ദുൽ നസർ, നിലമ്പൂർ സ്റ്റേഷൻ ഓഫീസർ കെ.പി. ബാബുരാജ എന്നിവർ പങ്കെടുത്തു. 33 സ്ത്രീകളും 69 പുരുഷന്മാരും ഉൾപ്പെടെ ആകെ 102 പേർ പങ്കെടുത്ത ഈ പരിപാടി, ആദിവാസി സമൂഹത്തിൽ ദുരന്തനിവാരണ സന്നദ്ധതയും പ്രതിരോധശേഷിയും വളർത്തുന്നതിനുള്ള നിർണായക ഇടപെടലായി വിലയിരുത്താംശക്തിപ്പെടുത്തുന്നതിനുള്ള മാതൃകാപരമായ ഇടപെടലായി വിലയിരുത്താം. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/11/EVENT_REPORT_MALAPPURAM-_AAPDA_MITRA.pdf

## 1.50 കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി ഫെലോകളുടെ സന്ദർശനം

2023 നവംബർ 13-ന് കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയിലെ 13 യുവ ഫെലോകൾ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലേക്കുള്ള പഠനസന്ദർശനം നടത്തി. സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനങ്ങൾ നേരിട്ട് പരിചയപ്പെടുകയും, വിവിധ വിഷയവിദഗ്ദ്ധരുമായി സംവദിക്കുകയും ചെയ്യുക എന്നതായിരുന്നു സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഫ്യൂഷൻ സെന്ററിലെ സന്ദർശനത്തിൽ, അടിയന്തര പ്രവർത്തന കേന്ദ്രത്തിന്റെ (EOC) പ്രവർത്തനങ്ങൾ, സ്റ്റാഫ് ക്രമീകരണങ്ങൾ, ദിനസൂചനകൾ, ERSS, DSS തുടങ്ങിയ സംവിധാനങ്ങളെക്കുറിച്ച് ഹസാർഡ് അനലിസ്റ്റ് ശ്രീമതി നീതു വിശദീകരിച്ചു. കാലാവസ്ഥാ മുന്നറിയിപ്പുകൾ, അവ നൽകുന്ന ഏജൻസികൾ, KSDMAയിൽ ഉപയോഗിക്കുന്ന കാലാവസ്ഥാ മോഡലുകൾ എന്നിവയെക്കുറിച്ച് മെടിയറോളജിസ്റ്റ് ശ്രീമതി രമ്യ വിശദമായി അവതരിപ്പിച്ചു. കൃഷി വിദഗ്ദ്ധ ഡോ. അശ്വതി, ആപ്ദാമിത്ര, സ്കൂൾ സുരക്ഷ, Sendai, NITI Aayog, RKI, കാലാവസ്ഥ ഡൗൺസ്കേലിംഗ് തുടങ്ങിയ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. GIS ടെക്നീഷ്യന്മാർ റിസ്ക് ലാബിന്റെ പ്രവർത്തനങ്ങളും ജിയോഡാറ്റാബേസും അവതരിപ്പിച്ചു. വിവിധ വിഷയവിദഗ്ദ്ധരുമായി ഫെലോകൾ സംവദിക്കുകയും, ദുരന്തനിവാരണ രംഗത്തെ പ്രായോഗിക അറിവുകൾ സമ്പാദിക്കുകയും ചെയ്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/11/IMG_YP_Visit.pdf

## 1.51 ആലപ്പുഴ – മിന്നൽ ബോധവത്കരണ പരിപാടി

2023 നവംബർ 13-ന് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ, മിന്നൽ ബോധവത്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിൽ ഉറപ്പു പദ്ധതി (MGNREGS) ഓഫീസിന്റെ സഹകരണത്തോടെ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും (DDMA) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും (KSDMA) സംയുക്തമായി പരിപാടി സംഘടിപ്പിച്ചു. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി രുക്മിണി രാജു ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ജൂനിയർ സൂപ്രണ്ടൻറ്, ഹസാർഡ് അനലിസ്റ്റ്, മറ്റ് ദുരന്തനിവാരണ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

പരിശീലനത്തിൽ, മിന്നലിന്റെ സ്വഭാവം, മുൻകരുതൽ നടപടികൾ, അപകട സാധ്യതകൾ എന്നിവയെക്കുറിച്ച് KSDMA ഹസാർഡ് അനലിസ്റ്റ് ശ്രീ ഫഹദ് മർസൂക്ക് വിശദീകരിച്ചു. കായംകുളം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിലെ ഓഫീസർ ശ്രീ സന്തോഷ് കുമാർ, തീപിടിത്തം, മുങ്ങൽ തടയൽ, രക്ഷാപ്രവർത്തന തന്ത്രങ്ങൾ എന്നിവ അവതരിപ്പിച്ചു. മുഴുവൻ 65 വനിതാ തൊഴിലാളികൾ പങ്കെടുത്ത ഈ സെഷൻ, ഗ്രാമീണ തൊഴിലാളികളിൽ ദുരന്തബോധവും സുരക്ഷാ ജാഗ്രതയും വളർത്തുന്നതിനുള്ള പ്രാധാന്യപ്പെട്ട ഇടപെടലായി വിലയിരുത്താം. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/11/lightning_alappy_report.pdf



## 1.52 ആലപ്പുഴ – സ്കൂൾ സുരക്ഷ ബോധവത്കരണ പരിപാടി

2023 നവംബർ 18-ന് ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് SCUG VHSS-ൽ നടന്ന സ്കൂൾ സുരക്ഷ ബോധവത്കരണ പരിപാടിയും ഫയർ മോക്ക് ഡ്രില്ലും, വിദ്യാർത്ഥികളിൽ ദുരന്തസാധ്യതകളെക്കുറിച്ചുള്ള ബോധവും പ്രതികരണ ശേഷിയും വളർത്തുന്നതിനുള്ള പ്രാധാന്യപ്പെട്ട ഇടപെടലായിരുന്നു. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് (ചെർതല സ്റ്റേഷൻ) അഗ്നിശമന സാങ്കേതിക വിദ്യകളും പ്രാഥമിക ചികിത്സാ മാർഗങ്ങളും അവതരിപ്പിച്ചു, ഹസാർഡ് അനലിസ്റ്റ് സ്കൂൾ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ സംബന്ധിച്ച പരിശീലനം നൽകി. തുടർന്ന് ഫയർ മോക്ക് ഡ്രിൽ നടത്തി,

വെള്ളപ്പൊക്കവും മിന്നലും സംബന്ധിച്ച ബുക്ക്ലറ്റുകൾ വിതരണം ചെയ്തു. ആകെ 220 വിദ്യാർത്ഥികൾ (112 പുരുഷൻമാർ, 108 സ്ത്രീകൾ) പങ്കെടുത്ത ഈ പരിപാടി, സ്കൂൾ തലത്തിൽ സുരക്ഷയും പ്രതിരോധശേഷിയും ഉറപ്പാക്കുന്നതിനുള്ള മാതൃകാപരമായ ശ്രമമായി വിലയിരുത്താം. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/School_safety_Programme_SCUGVHSS_-_Pattanakkad__Alappuzha.pdf

## 1.53 ഹഡിൽ ഗ്ലോബൽ 2023 – പങ്കാളിത്തം

2023 നവംബർ 16 മുതൽ 18 വരെ തിരുവനന്തപുരം ജില്ലയിലെ അഴിമലയിലെ അടിമലതുര ബീച്ചിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഹഡിൽ ഗ്ലോബൽ 2023, ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ ബീച്ച് സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായി മാറി. 5,000-ത്തിലധികം സ്റ്റാർട്ടപ്പുകൾ, 300 മെന്റർമാർ, 150 കോർപ്പറേറ്റുകൾ, 100 നിക്ഷേപകർ, 200 എക്സിബിറ്റർമാർ, 10,000-ത്തിലധികം പങ്കാളികൾ തുടങ്ങിയവയുടെ സാന്നിധ്യം ഈ പരിപാടിയെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിനുള്ള ഒരു വിപുലമായ വേദിയായി മാറ്റി. "Empowering Startups", "Fostering Innovation", "Promoting Collaboration" എന്നീ മൂന്നു പ്രധാന തീമുകൾ ചുറ്റിപ്പറ്റിയാണ് പരിപാടി രൂപകൽപ്പന ചെയ്തത്. പ്രൊഡക്റ്റ് എക്സ്പോ, ടോപ്പ് 100 കോഡർമാരുടെ അംഗീകാരം, നിക്ഷേപകർക്കുള്ള പിച്ചിംഗ് സെഷനുകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്ക് മാർഗനിർദേശവും ഫണ്ടിംഗിനുള്ള അവസരങ്ങളും ലഭിച്ചു. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ (KSDMA) പ്രതിനിധികൾ വിവിധ സ്റ്റാർട്ടപ്പുകളുമായി സംവദിക്കുകയും, AI അടിസ്ഥാനമാക്കിയുള്ള ഓഫീസ് അനുയോജ്യമായ ആപ്ലിക്കേഷനുകൾക്കായുള്ള സാധ്യതകൾ വിലയിരുത്തുകയും ചെയ്തു. ഹഡിൽ ഗ്ലോബൽ 2023, സംരംഭകത്വം, സാങ്കേതികവിദ്യ, സഹകരണം എന്നിവയുടെ സമന്വയത്തിലൂടെ ഇന്ത്യയിലെ സ്റ്റാർട്ടപ്പ് ഭാവിയെ രൂപപ്പെടുത്തുന്ന ഒരു മാതൃകാപരമായ വേദിയായി മാറി. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/report_huddle_edited.pdf

## 1.54 എറണാകുളം - സ്കൂൾ ദുരന്തനിവാരണ ക്ലബ്

2023 നവംബർ 9-ന് എറണാകുളം ജില്ലയിലെ മുപ്പത്തടം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂൾ ദുരന്തനിവാരണ ക്ലബിന്റെ ജില്ലാതല ഉദ്ഘാടനം സംഘടിപ്പിച്ചു. വിദ്യാഭ്യാസ മന്ത്രി ശ്രീ വി. ശിവൻകുട്ടി ക്ലബിന്റെ ലോഗോയും മാർഗനിർദേശങ്ങളും പ്രകാശനം ചെയ്തു. ജില്ലാ കളക്ടർ ശ്രീ ഉമേഷ് NSK IAS

മുഖ്യപ്രഭാഷണം നടത്തി. 58 ഹൈസ്കൂളുകളിൽ ക്ലബുകൾ രൂപീകരിക്കുന്നതിന്റെ തുടക്കമായ ഈ പരിപാടിയിൽ, 40 കേഡറ്റുകൾ ഉൾപ്പെടെ 300 വിദ്യാർത്ഥികൾ പങ്കെടുത്തു. ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ നേതൃത്വം നൽകിയ പരിശീലന സെഷനിൽ, ദുരന്തനിവാരണത്തിന്റെ അടിസ്ഥാനങ്ങൾ, ഫയർ സുരക്ഷ, ഫസ്റ്റ് എയ്ഡ്, മയക്കുമരുന്ന് പ്രതിരോധം, റോഡ് സുരക്ഷ, മാലിന്യ നിവാരണം, മോക്ക് ഡ്രിൽ എന്നിവ ഉൾപ്പെടുത്തി. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ, യുവതലമുറയിൽ പ്രതിരോധശേഷിയും സന്നദ്ധതയും വളർത്തുന്നതിനുള്ള ഈ സംരംഭം, സമൂഹ സുരക്ഷയിലേക്കുള്ള ഒരു ദിശാബോധമായി മാറുന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/School-DM-Club.pdf

## 1.55 കോട്ടയം – മേലുകാവ് ഗ്രാമപഞ്ചായത്തിൽ ദുരന്തനിവാരണ ബോധവത്കരണ പരിപാടി

2023 നവംബർ 23-ന് കോട്ടയം ജില്ലയിലെ മേളുകാവ് ഗ്രാമപഞ്ചായത്ത് ഹാളിൽ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും (DDMA) മേളുകാവ് പഞ്ചായത്ത് ഭരണസമിതിയും സംയുക്തമായി സംഘടിപ്പിച്ച ദുരന്തനിവാരണ ബോധവത്കരണ ക്ലാസിൽ, CPR പരിശീലനം, അഗ്നിശമന ഉപകരണങ്ങളുടെ ഉപയോഗം, അടിയന്തര പ്രതികരണ തന്ത്രങ്ങൾ എന്നിവ പ്രായോഗികമായി അവതരിപ്പിച്ചു. എറാറ്റുപേട്ട ഫയർ ആൻഡ് റെസ്ക്യൂ ഉപവിഭാഗത്തിലെ ഫയർ ഓഫീസർമാരായ ശ്രീ വിഷ്ണുവും ശ്രീ അൻസിലും സെഷനുകൾ നയിച്ചു. ഹസാർഡ് അനലിസ്റ്റ് ഗായത്രി പി. നായർ (KSDMA) പരിപാടിയുടെ കോർഡിനേഷൻ നിർവഹിച്ചു. 30-ഓളം ആളുകൾ പങ്കെടുത്ത ഈ സെഷനിൽ 18 സ്ത്രീകളും 14 പുരുഷന്മാരുമാണ് പങ്കെടുത്തത്. പങ്കാളികളെ നേരിട്ട് പരിശീലിപ്പിച്ച ഈ പരിപാടി, ഗ്രാമതലത്തിൽ ദുരന്തപ്രതികരണ ശേഷി വർദ്ധിപ്പിക്കുന്നതിൽ നിർണായകമായ ഇടപെടലായി വിലയിരുത്താം. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/kottayam_training_report_gayathri.pdf

## 1.56 രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി

2023 നവംബർ 24-ന് രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിലെ (RIET) സിവിൽ എഞ്ചിനീയറിംഗ് വിഭാഗം, RACE (Rajadhani Association of Civil Engineering) സംയുക്തമായി "ദുരന്തനിവാരണം – ഒരു സിവിൽ എഞ്ചിനീയറുടെ ദൃഷ്ടികോണത്തിൽ" എന്ന വിഷയത്തിൽ ബോധവത്കരണ സെഷൻ സംഘടിപ്പിച്ചു. S5, S7 ബാച്ചുകളിലെ 76 വിദ്യാർത്ഥികൾ പങ്കെടുത്ത സെഷനിൽ, KSDMAയിലെ ഹസാർഡ് അനലിസ്റ്റ് (സിവിൽ) ശ്രീമതി കീർത്തന രമേഷ് മുഖ്യപ്രഭാഷണം നടത്തി.

ദുരന്തനിവാരണത്തിന്റെ ലക്ഷ്യങ്ങൾ, ഹസാർഡും ദുരന്തവും തമ്മിലുള്ള വ്യത്യാസം, ഹസാർഡ് മാപ്പിംഗ്, റിസ്ക് അസസ്മെന്റ്, വൾണറബിലിറ്റിയുടെ തരംതിരുമാനങ്ങൾ, ropeway-യുടെ അപകട സാധ്യതാ കണക്കുകൂട്ടൽ, Nagaroor ഗ്രാമപഞ്ചായത്തിലെ Grievance Redressal Mechanism തുടങ്ങിയ വിഷയങ്ങൾ വിശദമായി അവതരിപ്പിച്ചു. വിദ്യാർത്ഥികളുടെ പ്രതികരണത്തിൽ, സെഷൻ പ്രായോഗികവും വിവരസമ്പന്നവുമായിരുന്നു എന്നതും, ഇത്തരത്തിലുള്ള കൂടുതൽ സംവേദനപരമായ സെഷനുകൾ ആവശ്യമുണ്ടെന്നും വ്യക്തമാക്കപ്പെട്ടു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/DM_Report.pdff

## 1.57 Virtual Cadre Training പരിപാടി

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, UNICEFയും SEEDS Technical Servicesഉം സഹകരിച്ച് 2023 നവംബർ 27-28 തീയതികളിൽ തിരുവനന്തപുരം ക്ലാസിക് സാരോവർ പോർട്ടിക്കോ ഹോട്ടലിൽ വച്ച് രണ്ട് ദിവസത്തെ Virtual Cadre Training പരിപാടി സംഘടിപ്പിച്ചു. NORKA Roots, കേരള മാരിടൈം ബോർഡ്, പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ്, ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ് ഡിപ്പാർട്ട്മെന്റ് എന്നീ നാല് വകുപ്പുകളിൽ നിന്നുള്ള 20 ഉദ്യോഗസ്ഥർ പങ്കെടുത്ത ഈ പരിശീലനം, വകുപ്പുതല ദുരന്തനിവാരണ പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള അടിസ്ഥാന ധാരണയും പരിശീലനവും നൽകുന്നതിനായി രൂപകൽപ്പന ചെയ്തതായിരുന്നു. Kerala SDMP 2016, Orange Book, Post Disaster Needs Assessment തുടങ്ങിയ രേഖകൾ പങ്കുവെച്ചതോടെ, പങ്കെടുത്തവർക്ക് തന്ത്രപരമായ അറിവുകൾ ലഭിച്ചു.

പരിശീലനത്തിൽ ദുരന്തനിവാരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ, സ്ഥാപന ഘടനകളും ഗവർണൻസ് മാതൃകകളും, കേരളത്തിലെ ഹസാർഡ് പ്രൊഫൈലും മുന്നറിയിപ്പ് സംവിധാനങ്ങളും, DRR നയങ്ങൾ വകുപ്പുകളിൽ എങ്ങനെ സംയോജിപ്പിക്കാം എന്നതും ഉൾപ്പെടുത്തി. ഓരോ വകുപ്പും നേരിട്ട അനുഭവങ്ങൾ പങ്കുവെച്ച്, തങ്ങളുടെ മേഖലയിൽ നേരിട്ട ദുരന്തങ്ങൾ, അതിന്റെ പ്രത്യാഘാതങ്ങൾ, പ്രതികരണ തന്ത്രങ്ങൾ എന്നിവ ചർച്ച ചെയ്തു. പരിശീലനത്തിന്റെ അവസാന ദിവസം, Disaster Management Plan രൂപപ്പെടുത്തുന്നതിനുള്ള മാർഗരേഖകളും, ഓരോ വകുപ്പിന്റെ പ്രത്യേക ചുമതലകളും വിശദീകരിച്ചു. പങ്കെടുത്തവർ പരിശീലനം തങ്ങളുടെ വകുപ്പുകളിൽ DRR സംയോജിപ്പിക്കാൻ സഹായകമാകുമെന്ന് വിലയിരുത്തി. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/01/Basic_Batch_1_Training_Report.pdf

### 1.58 കേരള സർവകലാശാല- വിദ്യാർത്ഥികളുടെ സന്ദർശനം

2023 നവംബർ 28-ന് കേരള സർവകലാശാലയിലെ 28 പി.ജി വിദ്യാർത്ഥികളും നാല് അധ്യാപകരും കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലേക്ക് (KSDMA) പഠനസന്ദർശനം നടത്തി. KSDMAയുടെ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് War Room, Fusion Centre, Kerala State Emergency Operation Centre (KSEOC), Incident Response System (IRS), Weather Forecasting Models, Lightning & Heat Action Plans എന്നിവയെക്കുറിച്ച് വിശദമായ അവതരണങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിച്ചു. ഹസാർഡ് അനലിസ്റ്റ് ശ്രീമതി നീതു, ഡെവിക ബി.എസ്, ഡോ. ഷിനു, GIS ടെക്നീഷ്യന്മാർ, കമ്മ്യൂണിക്കേഷൻ എഞ്ചിനീയർ ശ്രീമതി ഗീതു എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

ജിയോഡാറ്റാബേസ്, റിസ്ക് ലാബ്, KaWaCHaM ഡെസിഷൻ സപ്പോർട്ട് സിസ്റ്റം, അടിയന്തര സാഹചര്യങ്ങളിൽ ആശയവിനിമയ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രായോഗിക വിശദീകരണങ്ങൾ വിദ്യാർത്ഥികൾക്ക് ദുരന്തനിവാരണ രംഗത്തെ ആഴത്തിലുള്ള ധാരണ നൽകാൻ സഹായിച്ചു. ഈ സന്ദർശനം, വിദ്യാർത്ഥികൾക്ക് കേരളത്തിലെ ദുരന്തനിവാരണ സംവിധാനങ്ങളുടെ ഘടനയും പ്രവർത്തനശൈലിയുമെക്കുറിച്ച് നേരിട്ട് അനുഭവപ്പെടുന്ന ഒരു സമ്പന്നമായ പഠനാനുഭവമായി മാറി. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2023/12/report-_Visit.pdff

### 1.59 ദുരന്ത നിവാരണത്തിൽ ബഹിരാകാശ സാങ്കേതികവിദ്യയുടെ പങ്ക് - ശിൽപ്പശാല

2023 ഡിസംബർ 4–5 തീയതികളിൽ ഡൽഹിയിലെ ദേശീയ ദുരന്ത നിവാരണ സ്ഥാപനത്തിൽ (NIDM) നടന്ന "ദുരന്ത നിവാരണത്തിൽ ബഹിരാകാശ സാങ്കേതികവിദ്യയുടെ പങ്ക്" എന്ന ശീർഷകത്തിലുള്ള പരിപാടിയുടെ പശ്ചാത്തലത്തിൽ, ബഹിരാകാശ സാങ്കേതികവിദ്യ ദുരന്ത നിവാരണത്തിൽ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നതിനെക്കുറിച്ചുള്ള വിദഗ്ധ പ്രഭാഷണങ്ങളും സംവാദങ്ങളും നടന്നു. ISRO, NRSC, IIRS, CWC, IIT Bombay തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദർ ജലപ്രളയം, വരൾച്ച, ഹിമപാതം, ഭൂപ്രകോപനം തുടങ്ങിയ വിവിധ ദുരന്തങ്ങളുമായി ബന്ധപ്പെട്ട് റിമോട്ട് സെൻസിംഗ്, ഡാറ്റാബേസ് മാനേജ്മെന്റ്, കാലാവസ്ഥാ മോഡലിംഗ്, മുൻകൂട്ടി മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവയുടെ പ്രായോഗിക സാധ്യതകൾ അവതരിപ്പിച്ചു. കേരള SDMA-യെ പ്രതിനിധീകരിച്ച് ഡോ. ശേഖർ എൽ. കുര്യാക്കോസ് പങ്കെടുത്തു. പരിപാടി

പ്രധാനമന്ത്രിയുടെ 10-പോയിന്റ് ആജൻഡയുമായി ബന്ധപ്പെട്ട് ബഹിരാകാശ സാങ്കേതികവിദ്യയുടെ സംഭാവനകൾ വിലയിരുത്തുന്നതിനും നയരൂപീകരണത്തിനും അറിവ് പങ്കുവെക്കുന്നതിനും ഒരു വേദിയായി പ്രവർത്തിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/03/BTOR_-_NIDM_report.pdf

## 1.60 INSPIRE – Institutional Strengthening through Preparedness for Inclusive Response in India - ശ്രീലങ്കയിൽ, കൊളംബോയിൽ നടന്ന ശിൽപ്പശാല

2023 ഡിസംബർ 15-ന് ശ്രീലങ്കയിൽ, കൊളംബോയിൽ നടന്ന "INSPIRE – Institutional Strengthening through Preparedness for Inclusive Response in India" എന്ന ബ്രെയിൻസ്റ്റോർമിംഗ് മീറ്റിംഗിൽ, ദുരന്ത നിവാരണത്തിനുള്ള പ്രാദേശികതലത്തിലുള്ള തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനായി ADPC, BMGF, NDMA, NDRF, KSDMA, KILA തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുത്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാ പങ്കാളികളും തങ്ങളുടെ ശക്തികളും ആവശ്യങ്ങളും പങ്കുവെച്ച് INSPIRE പദ്ധതിയുടെ താത്പര്യ മേഖലകൾ ചർച്ച ചെയ്തു. പുതിയ സ്ഥാപനങ്ങൾ സ്ഥാ പിക്കാതെ നിലവിലുള്ള സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെയാണ് പദ്ധതി മുന്നോട്ട് പോകുന്നത്. കേരള SDMA-യെ പ്രതിനിധീകരിച്ച് ഡോ. അഞ്ജലി പരമേശ്വരൻ പങ്കെടുത്തു. പദ്ധതിയുടെ തുടക്ക ഘട്ടത്തിൽ സ്കോപ്പിംഗ് സ്റ്റഡി, പ്രവർത്തന പദ്ധതികൾ, വിജയ സൂചികകൾ എന്നിവ രൂപപ്പെടുത്തും. എല്ലാ പങ്കാളികളുടെയും സീനിയർ പ്രതിനിധികൾ ഉൾപ്പെടുന്ന പ്രോഗ്രാം അഡ്വൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പാക്കും. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/02/BTOR_Anjaly_Paramewaran_.docx.pdf




## 1.61 കാസർഗോഡ് - മാലിന്യ നിവാരണ പരിശീലന പരിപാടി

2023 ഡിസംബർ 15-ന് മഞ്ചേശ്വരത്തെ ഗോവിന്ദ പൈ മെമ്മോറിയൽ ഗവ. കോളേജിലെ സെമിനാർ ഹാളിൽ നടന്ന "മംഗൽപാടി പഞ്ചായത്തിൽ ഫലപ്രദമായ മാലിന്യ നിവാരണ പരിശീലനം" NSS സന്നദ്ധപ്രവർത്തകരെ ലക്ഷ്യമാക്കി ജില്ലാ സുചിത്വ മിഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു. മാലിന്യ കൈമാറ്റത്തിൽ ശാസ്ത്രീയ സമീപനം, ജനസമൂഹത്തെ സമീപിക്കുന്നതിന്റെ തന്ത്രങ്ങൾ, ഹരിത പ്രോട്ടോകോൾ പാലനത്തിന്റെ പ്രാധാന്യം എന്നിവയെ ആസ്പദമാക്കി പരിശീലനം

നടന്നു. 45 NSS സന്നദ്ധപ്രവർത്തകർ പങ്കെടുത്ത പരിപാടിയിൽ, ശാസ്ത്രീയ മാലിന്യ കൈമാറ്റം പ്രചാരിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗങ്ങൾ പങ്കുവെക്കുകയും, മംഗൽപാടി പഞ്ചായത്തിൽ ജനസമൂഹത്തെ നേരിട്ട് സമീപിക്കുന്നതിനുള്ള ചുമതല നൽകുകയും ചെയ്തു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/03/15december23-Training_waste_management-_Kasaragod.pdf

## 1.62 കാസർഗോഡ് - മാർത്തോമാ ഹയർ സെക്കൻഡറി സ്കൂൾ ദുരന്ത നിവാരണ പരിശീലന പരിപാടി

2023 ഡിസംബർ 18-ന് ചെർക്കളയിലെ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിലെ റൂബി ജൂബിലി ഹാളിൽ നടന്ന "Uschool App Dissemination and School Safety Training Programme – Day 1" എന്ന പരിപാടിയിൽ കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളുടെ ഹെഡ്മാസ്റ്റർമാർ പങ്കെടുത്തു. SDMAയുടെ സംസ്ഥാന പരിപാടി കോർഡിനേറ്റർ ഡോ. പ്രതീഷ് സി. മാമ്മൻ നേതൃത്വം നൽകിയ സെഷനുകൾ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ, പിന്നീട് 2 മുതൽ 4.30 വരെ നടന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ തുടങ്ങിയവർ




പരിപാടിയിൽ സജീവമായി പങ്കെടുത്തു. Uschool ആപ്പിന്റെ പ്രചാരണം, സ്കൂൾ സുരക്ഷാ മാനദണ്ഡങ്ങൾ, ദുരന്തബോധം എന്നിവയെ ആസ്പദമാക്കിയ പരിശീലനം 146 ഹെഡ്മാസ്റ്റർമാരെ ഉൾപ്പെടുത്തി, സ്കൂൾ തലത്തിൽ സുരക്ഷാ സംസ്കാരം വളർത്തുന്നതിനും സാങ്കേതിക ഉപകരണങ്ങളുടെ പ്രായോഗിക ഉപയോഗം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/03/18_decem-23uschool_training__-_day_1-.pdf

## 1.63 കാസർഗോഡ് - മിനി സിവിൽ സ്റ്റേഷൻ - സ്കൂൾ ദുരന്ത നിവാരണ പരിശീലന പരിപാടി

2023 ഡിസംബർ 19-ന് കാഞ്ഞങ്ങാടിലെ മിനി സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ നടന്ന "Uschool App Dissemination and School Safety Training Programme – Day 2" എന്ന പരിപാടിയിൽ ഹോസ്ദുർഗ് ഉപവിദ്യാഭ്യാസ ജില്ലയിൽപ്പെട്ട സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് പ്രൈമറി, ലവർ പ്രൈമറി സ്കൂളുകളുടെ ഹെഡ്മാസ്റ്റർമാർ പങ്കെടുത്തു. SDMAയുടെ സംസ്ഥാന പരിപാടി കോർഡിനേറ്റർ ഡോ. പ്രതീഷ് സി. മാമ്മൻ നേതൃത്വം

നൽകിയ സെഷനുകൾ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ, പിന്നീട് 2 മുതൽ 4.30 വരെ നടന്നു. DEO കാഞ്ഞങ്ങാട് ശ്രീമതി ബാലാദേവി KAS, AEO ഹോസ്ദുർഗ് ശ്രീ ഗംഗാധരൻ പി., DDE, KSDMA, DDMA കാസർഗോഡ് തുടങ്ങിയവർ പരിപാടിയിൽ സജീവമായി പങ്കെടുത്തു. Uschool ആപ്പിന്റെ പ്രചാരണം, സ്കൂൾ സുരക്ഷാ മാനദണ്ഡങ്ങൾ, ദുരന്തബോധം എന്നിവയെ ആസ്പദമാക്കിയ പരിശീലനം 147 ഹെഡ്മാസ്റ്റർമാരെ ഉൾപ്പെടുത്തി, സ്കൂൾ തലത്തിൽ സുരക്ഷാ സംസ്കാരം വളർത്തുന്നതിനും സാങ്കേതിക ഉപകരണങ്ങളുടെ പ്രായോഗിക ഉപയോഗം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/03/19-d3c-23uschool_training_program_-_Day_2-.pdf

## 1.64 ദുരന്ത ആശയവിനിമയ രംഗത്തെ പരിശീലനം

2023 ഡിസംബർ 27-ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ (KSDMA) നടന്ന "Training for the ITS Trainee Officers in the field of disaster-related communication" എന്ന പരിപാടിയിൽ ITS ട്രെയിനി ഓഫീസർമാരായ ശ്രീ. അയൂഷ് കൃഷ്ണ തിവാരി, ശ്രീ. വിശാൽ സാഹ എന്നിവർ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റിനൊപ്പം സന്ദർശനം നടത്തി. KSDMAയിലെ കമ്മ്യൂണിക്കേഷൻ



എഞ്ചിനീയറായ ശ്രീമതി ഗീതു എസ്.എസ് വിവിധ ദുരന്ത ആശയവിനിമയ സംവിധാനങ്ങൾ - VSAT, ISAT, ഹോട്ട്ലൈൻ, IPPBX, ERSS, CAP, സിറൺ സിസ്റ്റം, 'കാവചം' DSS, സിറ്റിസൺ ഹെൽപ്ഡെസ്ക് തുടങ്ങിയവ - വിശദീകരിച്ചു. ടെലികമ്മ്യൂണിക്കേഷൻ സംവിധാനങ്ങളുടെ പ്രായോഗിക ഉപയോഗം, സംയോജിത പ്രതികരണ സംവിധാനങ്ങൾ, പൊതുജനങ്ങളുമായി ആശയവിനിമയത്തിനുള്ള സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവ് പങ്കുവെക്കുന്നതിനും ITS ഉദ്യോഗസ്ഥരുടെ മേഖലാ പരിചയം വർദ്ധിപ്പിക്കുന്നതിനും ഈ പരിശീലനം ലക്ഷ്യമിട്ടിരുന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/01/Training_of_ITS_officer_2023.pdf

## 1.65 കണ്ണൂർ - 31 K BN NCC സംഘടിപ്പിച്ച റെസിഡൻഷ്യൽ ക്യാമ്പ്

2023 ഡിസംബർ 28-ന് കണ്ണൂരിലെ അഞ്ചരക്കണ്ടി ഹയർ സെക്കൻഡറി സ്കൂളിൽ 31 K BN NCC സംഘടിപ്പിച്ച റെസിഡൻഷ്യൽ ക്യാമ്പിന്റെ ഭാഗമായി "ദുരന്ത നിവാരണത്തിന്റെ അടിസ്ഥാനങ്ങൾ" എന്ന സെഷൻ സംഘടിപ്പിച്ചു. SDMA/DDMAയെ



പ്രതിനിധീകരിച്ച് ഹാസർഡ് അനലിസ്റ്റായ ഐശ്വര്യ എസ്. നേതൃത്വം നൽകിയ സെഷനിൽ, ദുരന്ത നിവാരണത്തിൽ ഉപയോഗിക്കുന്ന അടിസ്ഥാന പദങ്ങൾ, സ്ഥാപന സംവിധാനങ്ങൾ, വിവിധ തരം ഹാസാർഡുകൾ, ദുരന്ത സമയത്തെ ചെയ്യേണ്ടതും ഒഴിവാക്കേണ്ടതുമായ കാര്യങ്ങൾ, മുൻകൂട്ടി മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ വിശദീകരിച്ചു. 320 കുട്ടികൾ പങ്കെടുത്ത ഈ സെഷൻ, NCC ക്യാമ്പ് പ്രവർത്തനങ്ങളിൽ ദുരന്തബോധം ഉൾപ്പെടുത്തുന്നതിനും വിദ്യാർത്ഥികളിൽ പ്രതിരോധശേഷി വളർത്തുന്നതിനും ലക്ഷ്യമിട്ടിരുന്നു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/03/BN-NCC-camp-kannur.pdf

## 1.66 അൻപോട് കേരളം

2023 ഡിസംബർ 22 മുതൽ 29 വരെ, തമിഴ്നാട്ടിലെ തെക്കൻ ജില്ലകളിൽ ഉണ്ടായ കനത്ത മഴയും വെള്ളപ്പൊക്കവും മൂലം ദുരിതം അനുഭവിച്ചവർക്കായി കേരള സർക്കാർ "അൻപോട് കേരളം" എന്ന പേരിൽ സഹായ സമാഹരണ പ്രവർത്തനം സംഘടിപ്പിച്ചു. കേരള സംസ്ഥാന ദുരന്ത നിവാ രണ അതോറിറ്റിയുടെ (KSDMA) നേതൃത്വത്തിൽ നടന്ന ഈ സംരംഭത്തിൽ ഭക്ഷ്യകിറ്റുകൾ, വസ്ത്രങ്ങൾ, പാത്രങ്ങൾ, ഗ്യാസ് സ്റ്റോവുകൾ, മൃഗങ്ങൾക്ക് ഭക്ഷണം, ശുചിത്വ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 16 തരം സഹായങ്ങൾ 16 ലോഡുകളിലായി സമാഹരിച്ച് തമിഴ്നാട്ടിലെ ദുരിതബാധിത പ്രദേശങ്ങളിലേക്ക് അയച്ചു. Aapda Mitra, സിവിൽ ഡിഫൻസ്, സ്റ്റുഡന്റ് പോലീസ് കാഡറ്റ് (SPC), NSS, കുടുംബങ്ങൾ, വിദ്യാർത്ഥികൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയുടെ സജീവ പങ്കാളിത്തം ഈ പ്രവർത്തനത്തെ ജനപങ്കാളിത്തത്തിന്റെ ഉത്തമ മാതൃകയാക്കി. സംസ്ഥാനങ്ങൾക്കിടയിലെ സഹകരണത്തിന്റെ ശക്തിയും, ദുരന്തകാലങ്ങളിൽ സമൂഹങ്ങൾ ഒരുമിച്ച് പ്രവർത്തിക്കാനുള്ള ശേഷിയും ഈ സംരംഭം തെളിയിച്ചു. റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/04/TamilNaduAK2023.pdf. അൻപോട് കേരളം സംബന്ധിച്ച ഒരു ചെറു വീഡിയോ ഇവിടെ ലഭ്യമാണ്. https://youtu.be/NX048x3Ian

## 1.67 LSG ദുരന്തനിവാരണ പദ്ധതി കോർഡിനേറ്റർമാരുടെ ഇൻഡക്ഷൻ പരിശീലന പരിപാടി

2024 ജനുവരി 10-11 തീയതികളിൽ തിരുവനന്തപുരം ഗ്രാൻഡ് ചൈത്രം ഹോട്ടലിൽ സംഘടിപ്പിച്ച LSG ദുരന്തനിവാരണ പദ്ധതി കോർഡിനേറ്റർമാരുടെ ഇൻഡക്ഷൻ പരിശീലന പരിപാടിയിൽ 13 പേർ പങ്കെടുത്തു. പുതിയ കോർഡിനേറ്റർമാരെ പരിചയപ്പെടുത്തുകയും നിലവിലുള്ളവരുടെ കഴിവുകൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. പ്രാദേശിക തലത്തിൽ ദുരന്തനിവാരണ നേതൃത്വം ശക്തിപ്പെടുത്തുന്നതിനും പ്രായോഗിക കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും ഈ രണ്ട് ദിവസത്തെ താമസപരിശീലനം ശ്രദ്ധ കേന്ദ്രീകരിച്ചു. ഡോ. ശേഖർ എൽ കുറിയാക്കോസ്, ഡോ. മിധില മല്ലിക, ശ്രീ. പ്രദീപ് ജി.എസ്, ശ്രീമതി രേമ്യ ആർ, ഡോ. ജസീല, ശ്രീ. ജോ ജോൺ ജോർജ്, ശ്രീ. ക്ലിന്റ് മാത്യു എന്നിവരാണ് പ്രധാന റിസോഴ്സ് വ്യക്തികൾ. 10 സ്ത്രീകളും 4 പുരുഷന്മാരുമാണ് പങ്കെടുത്തത്. റിപ്പോർട്ട്: https://sdma.kerala.gov.in/wp-content/uploads/2024/11/LSG-DM-Plan-Cordinators-Induction-Training-Prgm-report_fortmat.pdf

## 1.68 താപം, മിന്നൽ, കാറ്റ് പ്രതിരോധ ഡിസൈൻ - പരിശീലന പരിപാടി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG), തിരുവനന്തപുരം കേന്ദ്രമായി 2024 ജനുവരി 10-ന് നടന്ന 'താപം, മിന്നൽ, കാറ്റ് പ്രതിരോധ ഡിസൈൻ' വിഷയത്തിലുള്ള LSGD എഞ്ചിനീയർമാർക്കായുള്ള സെഷനിൽ 32 പേർ പങ്കെടുത്തു. നഗര വികസനത്തിനായി പുനർവികസനം, പുനർനിർമ്മാണം, പുനർഡിസൈൻ എന്നിവയുടെ ഭാഗമായാണ് ഈ പരിശീലനം IMG-KSDMA സംയുക്തമായി സംഘടിപ്പിച്ചത്. പാസീവ്, ആക്റ്റീവ് തരം നിർമ്മാണ തന്ത്രങ്ങൾ, ദുരന്ത പ്രതിരോധ മാർഗങ്ങൾ, Sendai Framework-ന്റെ നാലാം മുൻഗണന (Build Back Better), പ്രധാനമന്ത്രിയുടെ 10-പോയിന്റ് അജണ്ടയിലെ ആദ്യത്തെ പോയിന്റ്, SDG ലക്ഷ്യങ്ങൾ (Goal 9 & 11) എന്നിവയുമായി സെഷൻ സംയോജിപ്പിച്ചിരിക്കുന്നു. അവസാന പകുതിയിൽ സംവാദപരമായ ഘടകവും ഉൾപ്പെടുത്തിയിരുന്നു. 15 സ്ത്രീകളും 17 പുരുഷന്മാരുമാണ് പങ്കെടുത്തത്. സെഷന്റെ പ്രധാന ഉദ്ദേശ്യം, താപം, മിന്നൽ, കാറ്റ് തുടങ്ങിയ അപകടങ്ങളിൽ നിർമ്മിത ഘടനകളെ സംരക്ഷിക്കുന്നതിൽ എഞ്ചിനീയർമാരുടെ പങ്ക് ശക്തിപ്പെടുത്തുക എന്നതാണ്. റിപ്പോർട്ട്: https://shorturl.at/RlTv7

### 1.69 Sponge Cities: Emerging Concepts in Urban Flood Management - പരിശീലന പരിപാടി

2024 ജനുവരി 10-ന് തിരുവനന്തപുരം IMG-യിൽ നടന്ന 'Sponge Cities: Emerging Concepts in Urban Flood Management' സെഷനിൽ നഗര വികസനവുമായി ബന്ധപ്പെട്ട എഞ്ചിനീയർമാർ പങ്കെടുത്തു. GOI-18/23 പദ്ധതിയുടെ ഭാഗമായും 'Redesigning Urban Kerala' സംരംഭത്തിന്റെയും ഭാഗമായി IMG ഈ സെഷൻ സംഘടിപ്പിച്ചു. Sponge City ആശയത്തിന്റെ അടിസ്ഥാന തത്വങ്ങൾ, നഗര ജലനിരപ്പ് നിയന്ത്രണം, സ്റ്റോംവാട്ടർ മാനേജ്മെന്റ്, ഉപരിതല വെള്ളപ്പൊക്കങ്ങൾ എന്നിവയെക്കുറിച്ചുള്ള ഇടപെടലുകൾ വിശദീകരിക്കപ്പെട്ടു. Sendai Framework-ന്റെ SF1, SF3, SF4 മുൻഗണനകൾ, പ്രധാനമന്ത്രിയുടെ 10-പോയിന്റ് അജണ്ടയിലെ PM1, PM5, SDG ലക്ഷ്യങ്ങളായ SDG 11, SDG 13 എന്നിവയുമായി സെഷൻ സംയോജിപ്പിച്ചിരിക്കുന്നു. നഗര അടിസ്ഥാനസൗകര്യങ്ങൾ ദുരന്തനിവാരണപരമായി പുനർനിർമ്മിക്കാൻ എഞ്ചിനീയർമാരെ പ്രാപ്തമാക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. റിപോർട്ട്: https://shorturl.at/eheG3

### 1.70 2024 ജനുവരി 19-ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന 'Basics of Disaster Management - പരിശീലന പരിപാടി

2024 ജനുവരി 19-ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ സെമിനാർ ഹാളിൽ SDMA സംഘടിപ്പിച്ച 'Basics of Disaster Management' സെഷനിൽ 45 വിദ്യാർത്ഥികൾ പങ്കെടുത്തു. Audit course സിലബസിന്റെ ഭാഗമായ MA ഡെവലപ്മെന്റ് സ്റ്റഡീസ്, MSc ഫിസിക്സ്, കെമിസ്ട്രി തുടങ്ങിയ വിഷയങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത സെഷനിൽ അപകടങ്ങൾ തിരിച്ചറിയൽ, അപകട സാധ്യതാ വിലയിരുത്തൽ, അടിയന്തര പ്രതികരണ തത്വങ്ങൾ, കമ്മ്യൂണിറ്റി ഇടപെടലുകൾ, തൊഴിൽ സാധ്യതകൾ, കേസ്സ്റ്റഡി വിശകലനങ്ങൾ എന്നിവ ഉൾപ്പെടുത്തി. SDMA-യുടെ ഹസാർഡ് അനലിസ്റ്റ് ഫഹദ് മാർസൂക് TU സെഷൻ നയിച്ചു. 27 വനിതകളും 18 പുരുഷന്മാരുമാണ് പങ്കെടുത്തത്. സെഷൻ, വിദ്യാർത്ഥികളുടെ അക്കാദമിക് പശ്ചാത്തലത്തിൽ ദുരന്തനിവാരണ തത്വങ്ങൾ സമഗ്രമായി ഉൾപ്പെടുത്തുകയും, പ്രായോഗികവും സഹകരണപരവുമായ സമീപനം വളർത്തുകയും ചെയ്തു. റിപോർട്ട്: https://shorturl.at/AUBp7.

### 1.71 Early Warning and its Applications in Disaster Management - പരിശീലന പരിപാടി

2024 ജനുവരി 22-ന് കേരളത്തിലെ കാലാവസ്ഥാ വ്യതിയാനങ്ങളെയും ദുരന്തനിവാരണ സംവിധാനങ്ങളെയും അടിസ്ഥാനമാക്കി SDMA ഹസാർഡ് അനലിസ്റ്റ് ഫഹദ് മാർസൂക് കേരള കാർഷിക സർവകലാശാലയിലെ College of Climate Change and Environmental Science (CCCES) സെമിനാർ ഹാളിൽ നയിച്ച പരിശീലന പരിപാടി, കാലാവസ്ഥാ മാറ്റ പഠനവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രായോഗികവും നൈതികവും ആയ അറിവുകൾ പങ്കുവെച്ചു. കേരള സ്റ്റേറ്റ് ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനരീതികളും മുന്നൊരുക്കൽ തന്ത്രങ്ങളും, എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിൽ അവതരിപ്പിച്ചു. കാലാവസ്ഥാ വെല്ലുവിളികൾ നേരിടുന്നതിനുള്ള മുൻകരുതൽ സംവിധാനങ്ങളുടെ പ്രാധാന്യവും, അവയെ ദുരന്തനിവാരണ പദ്ധതികളിൽ എങ്ങനെ സംയോജിപ്പിക്കാമെന്നതും ചർച്ചയായി. 87 വനിതകളും 28 പുരുഷന്മാരുമാണ് പങ്കെടുത്തത്. സെഷൻ, കാലാവസ്ഥാ നേതാക്കളെ വളർത്തുന്നതിനുള്ള ഒരു പ്രായോഗിക പഠനാനുഭവമായി മാറി. റിപോർട്ട്: https://shorturl.at/HuzlM

### 1.72 Climate Change, Hazard, Disaster and Disaster Management - പരിശീലന പരിപാടി

2024 ജനുവരി 22-ന് KSDMA-യുടെ Rebuild Kerala Development Program-ന്റെ ഭാഗമായ Resilient Kerala Program for Results (PforR) പദ്ധതിയിൽ ഉൾപ്പെടുത്തി, വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി 'Climate Change, Hazard, Disaster and Disaster Management' എന്ന വിഷയത്തിൽ മുളങ്കുന്നത്തുകാവ് KILA-യിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ദുരന്തനിവാരണ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള റിസ്ക്-ഇൻഫോംഡ് സമീപനം വികസിപ്പിക്കുക എന്നതാണ് സെഷന്റെ പ്രധാന ലക്ഷ്യം. കാലാവസ്ഥാ മാറ്റം, അപകടങ്ങൾ, ദുരന്തങ്ങൾ എന്നിവയുടെ അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുകയും, അവയെ പ്രായോഗികമായി പ്ലാനിംഗിൽ എങ്ങനെ സംയോജിപ്പിക്കാമെന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തു. സെഷൻ സംവാദപരവും പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതുമായ രീതിയിൽ നടന്നു. SDMA-യുടെ ഹസാർഡ് അനലിസ്റ്റ് ലേഖ ചാക്കോ സെഷൻ നയിച്ചു. 20 വനിതകളും 32 പുരുഷന്മാരുമാണ് പങ്കെടുത്തത്. റിപോർട്ട്: https://tinyurl.com/52fwbbef

## 1.73 സന്ദർശനം - ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം നഴ്സിംഗ് വിഭാഗത്തിലെ മൂന്നാം വർഷ വിദ്യാർത്ഥികൾ

ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം നഴ്സിംഗ് വിഭാഗത്തിലെ മൂന്നാം വർഷ വിദ്യാർത്ഥികൾ പഠന സന്ദർശനത്തിന്റെ ഭാഗമായി 2024 ജനുവരി 23-നും 24-നും KSDMA ഓഫീസിൽ സന്ദർശനം നടത്തി. ഓരോ ദിവസവും 42 വിദ്യാർത്ഥികൾ ഉൾപ്പെട്ട ഗ്രൂപ്പുകൾ പങ്കെടുത്തു. കേരളത്തിലെ ദുരന്തനിവാരണ സംവിധാനത്തെക്കുറിച്ചുള്ള അടിസ്ഥാന ധാരണ നേടുക എന്നതാണ് സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശ്യം. ജനുവരി 23-ന് hazard & risk അനലിസ്റ്റ് ശ്രീ. പ്രദീപ് ജി.എസ് സെഷൻ നയിച്ചപ്പോൾ, 24-ന് കാർഷിക വിദഗ്ധയായ ഡോ. അശ്വതി എസ്. നായർ ക്ലാസുകൾ നയിച്ചു. സെഷനുകൾ രാവിലെ 11 മണിക്ക് ആരംഭിച്ച്, കേരളത്തിലെ പ്രധാന ദുരന്തങ്ങൾ, അവയുടെ മാനേജ്മെന്റ് സമീപനങ്ങൾ, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ദുരന്തനിവാരണ തത്വങ്ങൾ എന്നിവ ഉൾപ്പെടുത്തി. 80 വനിതകളും 4 പുരുഷന്മാരുമാണ് പങ്കെടുത്തത്. സെഷൻ, ആരോഗ്യ മേഖലയിലെ വിദ്യാർത്ഥികൾക്ക് ദുരന്തനിവാരണത്തെക്കുറിച്ചുള്ള പ്രായോഗിക അറിവ് നൽകുന്ന ഒരു സമഗ്ര പഠനാനുഭവമായി മാറി.. റിപ്പോർട്ട്: https://tinyurl.com/yymmdj7r

## 1.74 കോട്ടയം - IDRN വെബ്സൈറ്റ് അപ്ഡേഷൻ പരിശീലന പരിപാടി

2024 ജനുവരി 30-ന് കോട്ടയം കളക്ടറേറ്റിലെ തൂളിക കോൺഫറൻസ് ഹാളിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ IDRN വെബ്സൈറ്റ് അപ്ഡേഷൻ പരിശീലന പരിപാടി നടന്നു. പോലീസ്, ഫയർ & റെസ്ക്യൂ, ജില്ലാ മെഡിക്കൽ ഓഫീസ്, LSGD, RTO തുടങ്ങിയ വകുപ്പുകൾ സജീവമായി പങ്കെടുത്തു. SDMA-യുടെ ഹസാർഡ് അനലിസ്റ്റ് ശ്രീമതി ഗായത്രി പി. നായർ സെഷൻ നയിച്ചു. വെബ്സൈറ്റ് പരിചയപ്പെടുത്തൽ, അപ്ഡേഷൻ പ്രക്രിയ, ഡാറ്റാ എൻട്രി മാർഗങ്ങൾ എന്നിവ വിശദീകരിച്ചു. സെഷൻ വൈകുന്നേരം 3 മണിവരെ നീണ്ടു, അതിനിടെ LSGD ഏകമായി 165 റെക്കോർഡുകൾ അപ്ഡേറ്റ് ചെയ്തു. ചില വകുപ്പുകൾക്ക് ആവശ്യമായ ഡാറ്റാ ലഭ്യമല്ലാത്തതിനാൽ, ഫെബ്രുവരി അവസാനവാരം വരെ വെബ്സൈറ്റ് അപ്ഡേഷൻ പൂർത്തിയാക്കുമെന്ന് ഉറപ്പുനൽകി. റോഡ് ട്രാഫിക് വകുപ്പ് എല്ലാ വിവരങ്ങളും സമർപ്പിച്ചു. 5 വനിതകളും 9 പുരുഷന്മാരുമാണ് പങ്കെടുത്തത്. സെഷൻ, ഡാറ്റാ മാനേജ്മെന്റിലും വകുപ്പുതല സഹകരണത്തിലും ഒരു മാതൃകയായി മാറി. റിപ്പോർട്ട്: https://tinyurl.com/yymmdj7r.

## 1.75 സന്ദർശനം - CHMM College of Advanced Studies-ലെ BSW വിദ്യാർത്ഥികൾ

2024 ഫെബ്രുവരി 1-ന് രാവിലെ 11 മണിക്ക് CHMM College of Advanced Studies-ലെ BSW ആദ്യ സെമസ്റ്റർ വിദ്യാർത്ഥികളും Master of Social Science വിദ്യാർത്ഥികളും കേരള സ്റ്റേറ്റ് ദുരന്തനിവാരണ അതോറിറ്റിയിൽ പഠന സന്ദർശനം നടത്തി. കേരളത്തിലെ ദുരന്തനിവാരണ സംവിധാനത്തെക്കുറിച്ചുള്ള അടിസ്ഥാന ധാരണ നേടുക, സാമൂഹ്യപ്രവർത്തകരുടെ പങ്ക് മനസ്സിലാക്കുക, SDMAയുടെ പ്രവർത്തനരീതി നേരിട്ട് അനുഭവപ്പെടുക എന്നിവയാണ് സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. “Basics of Disaster Management”, “Disaster Management Cycle”, ഇന്ത്യയും കേരളവും ഉൾപ്പെടുന്ന ദുരന്തനിവാരണ ചരിത്രം, SDMAയുടെ ഘടന, സാമൂഹ്യപ്രവർത്തകരുടെ പങ്ക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലന പരിപാടി നടന്നു. Dr. അശ്വതി എസ്. നായർ (കാർഷിക വിദഗ്ധ), Mr. Clint Mathew (Social Capacity Builder) എന്നിവർ ക്ലാസുകൾ നയിച്ചു. സെഷൻ 12 മണിയോടെ അവസാനിച്ചു, തുടർന്ന് വിദ്യാർത്ഥികൾ SDMA fusion centre സന്ദർശിച്ചു. അവിടെ ഡ്യൂട്ടി ഹസാർഡ് അനലിസ്റ്റ് SDMAയുടെ ദിനംപ്രതി പ്രവർത്തനങ്ങൾ വിശദീകരിച്ചു. 19 വനിതകളും 7 പുരുഷന്മാരുമാണ് പങ്കെടുത്തത്.. റിപോർട്ട്: https://tinyurl.com/329ryna3

## 1.76 പാലക്കാട് - മോക്ക് ഡ്രിൽ

2024 ഫെബ്രുവരി 6-ന് പാലക്കാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ദേശീയ ദുരന്ത പ്രതികരണ സേന (NDRF)യും ചേർന്ന് Universal Arts and Science College, മണ്ണാർക്കാട്-ൽ CSSR മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. അതിന് മുന്നോടിയായി ഫെബ്രുവരി 5-ന് മണ്ണാർക്കാട് മിനി സിവിൽ സ്റ്റേഷനിലെ കോൺഫറൻസ് ഹാളിൽ എല്ലാ ബന്ധപ്പെട്ട വകുപ്പുകളുടെയും പങ്കാളിത്തത്തോടെ ടേബിൾടോപ്പ് അഭ്യാസം നടന്നു. മോക്ക് ഡ്രിൽ കോളേജ് വിദ്യാർത്ഥികൾക്ക് ദുരന്തപ്രതികരണ പ്രവർത്തനങ്ങൾ നേരിട്ട് കാണാനും പഠിക്കാനും അവസരം നൽകി. SDMA-യെ പ്രതിനിധീകരിച്ച് ഹസാർഡ് അനലിസ്റ്റ് ശ്രീമതി ലേഖ ചാക്കോ പരിശീലന പരിപാടി koordination ചെയ്തു. NDRF, DDMA, മണ്ണാർക്കാട് താലൂക്ക്, താലൂക്ക് IRT തുടങ്ങിയ വകുപ്പുകൾ പങ്കെടുത്തു. 554 വനിതകളും 515 പുരുഷന്മാരുമാണ് പങ്കെടുത്തത്. പരിപാടി, CSSR തത്വങ്ങൾ പ്രായോഗികമായി അവതരിപ്പിച്ചുകൊണ്ട്, വിദ്യാർത്ഥികളുടെയും ഉദ്യോഗസ്ഥരുടെയും ശേഷി വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. റിപോർട്ട്: https://tinyurl.com/2mzfx25p

### 1.77 സന്ദർശനം - Student Police Cadets

SPC സംസ്ഥാനതല വാർഷിക താമസ ക്യാമ്പിന്റെ ഭാഗമായി, 2024 ഫെബ്രുവരി 6-നും 7-നും 600 മുതിർന്ന കേഡറ്റുകൾ (300 ആൺകുട്ടികളും 300 പെൺകുട്ടികളും) KSDMA ഓഫീസിൽ സന്ദർശനം നടത്തി. ഓരോ ദിവസവും 150 കേഡറ്റുകൾ വീതം രണ്ട് ബാച്ചുകളായി രാവിലെ 10 മുതൽ 1 വരെ സന്ദർശനം നടത്തി. സന്ദർശനത്തിൽ KSDMAയുടെ പ്രധാന പ്രവർത്തനങ്ങൾ, അടിയന്തര പ്രവർത്തന കേന്ദ്രം (EOC), KaWaCHaM, എമർജൻസി കോളുകൾ, മുൻകൂട്ടി മുന്നറിയിപ്പ് സംവിധാ നങ്ങൾ എന്നിവയെക്കുറിച്ച് വിദഗ്ദർ വിശദീകരിച്ചു. ജലസുരക്ഷയുടെ പ്രാധാന്യം ചർച്ചചെയ്യുന്നതിനായി Neerarivu എന്ന ഹ്രസ്വചിത്രം പ്രദർശിപ്പിക്കുകയും Clint Mathew നയിച്ച capacity building സെഷനിൽ കേഡറ്റുകൾ പങ്കുചേരുകയും ചെയ്തു. SPC കേഡറ്റുകൾക്ക് disaster management games (word puzzle, snake & ladder) വഴി താത്പര്യപൂർണ്ണമായ പഠനാനുഭവം ഒരുക്കി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി. സന്ദർശനം Dr. മിഥില മല്ലികയുടെ സമാപന പ്രസംഗത്തോടും SPC കേഡറ്റുകളുടെ നന്ദിപ്രസംഗത്തോടും കൂടി സമാപിച്ചു. ഈ പരിപാടി, SPC കേഡറ്റുകൾക്ക് ദുരന്തനിവാരണത്തിൽ നേതൃപാടവം വളർത്തുന്നതിനുള്ള ഒരു പ്രായോഗിക പഠനാനുഭവമായി മാറി. റിപോർട്ട്: https://tinyurl.com/4awshsw3

### 1.78 സന്ദർശനം - Nehru College of Management, Pampady-യിൽ MBA ആദ്യ വർഷ വിദ്യാർത്ഥികൾ

2024 മാർച്ച് 21-നും 22-നും Nehru College of Management, Pampady-യിൽ MBA ആദ്യ വർഷ വിദ്യാർത്ഥികൾക്കായി "Expert Talk Series"ന്റെ ഭാഗമായി "Integrated Disaster Management" വിഷയത്തിൽ രണ്ട് ദിവസത്തെ അക്കാദമിക് സെഷൻ സംഘടിപ്പിച്ചു. SDMA-യെ പ്രതിനിധീകരിച്ച് ജില്ലാ ഹസാർഡ് അനലിസ്റ്റ് ശ്രീമതി ലേഖ ചാക്കോ സെഷൻ നയിച്ചു. ദുരന്തനിവാരണ ചക്രം - തയ്യാറെടുപ്പ്, ശമനം, പ്രതികരണം, പുനരധിവാസം - എന്നിവയുടെ സമഗ്ര അവലോകനവും, ബിസിനസ് നേതാക്കളും സ്ഥാപനങ്ങളും സമൂഹ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിലും പ്രതിസന്ധിക്കാലത്ത് ബിസിനസ് തുടർച്ച ഉറപ്പാക്കുന്നതിലും വഹിക്കുന്ന തന്ത്രപരമായ പങ്കും സെഷനിൽ വിശദീകരിച്ചു. 43 വനിതകളും 17 പുരുഷന്മാരുമാണ് പങ്കെടുത്തത്. സെഷൻ, മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് ദുരന്തനിവാരണത്തിൽ തന്ത്രപരമായ





സമീപനം വളർത്തുന്നതിനുള്ള ഒരു പ്രായോഗിക പഠനാനുഭവമായി മാറി. റിപ്പോർട്ട്: https://tinyurl.com/3u3ztm39

## 1.79 JTO ട്രെയിനിമാരുടെ സന്ദർശനം

2024 ഫെബ്രുവരി 13-ന് JTO ട്രെയിനിമാരായ ശ്രീ. ബോജൻകി വിനയ് ചന്ദ്ര മൗലി എന്നിവർ DOT-യിലെ സീനിയർ ടെലികമ്മ്യൂണിക്കേഷൻ കൺസൾട്ടന്റിനോടൊപ്പം KSDMA ഓഫീസിൽ സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി, KSDMA-യുടെ കമ്മ്യൂണിക്കേഷൻ എഞ്ചിനീയറായ ശ്രീമതി ഗീതു എസ്. എസ് വിവിധ ദുരന്തസമയ കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളെക്കുറിച്ച് വിശദീകരിച്ചു - VSAT, ISAT, ഹോട്ട്ലൈൻ, IPPBX, ERSS, CAP, Citizen Help Desk എന്നിവ ഉൾപ്പെടെ. ഓഫീസ് ടൂർ വഴി ഈ സംവിധാനങ്ങൾ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ എങ്ങനെ പ്രയോഗിക്കപ്പെടുന്നു എന്നത് പ്രായോഗികമായി കാണിച്ചു. കൂടാതെ, KaWaCHaM പദ്ധതിയും അതുമായി ബന്ധപ്പെട്ട സൈറൺ സംവിധാനവും വിശദീകരിച്ചു. 3 പുരുഷന്മാരാണ് പങ്കെടുത്തത്. ഈ സന്ദർശനം, ടെലികമ്മ്യൂണിക്കേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കായി SDMAയുടെ സാങ്കേതിക ശേഷിയും പ്രായോഗിക പ്രയോഗങ്ങളും നേരിട്ട് മനസ്സിലാക്കാൻ അവസരം ഒരുക്കി. റിപ്പോർട്ട്: https://tinyurl.com/bdht4v9y

## 1.80 Inclusive Disaster Management for Migrant Workers - പോളിസി വർക്ക്ഷോപ്പ്

2024 ഡിസംബർ 18-ന് SDMA, UNICEF, KILA, IMG, Excise, Health, LSGD തുടങ്ങിയ വകുപ്പുകളിലെ പ്രതിനിധികളും ഗവേഷകരും സിവിൽ സൊസൈറ്റി സംഘടനകളിലെ വിദഗ്ധരും ഉൾപ്പെടെ 27 പേർ പങ്കെടുത്ത് "Inclusive Disaster Management for Migrant Workers" എന്ന വിഷയത്തിൽ പോളിസി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. Rural Development Specialist ശ്രീമതി അനഘ ഇ. സ്വാഗതം പറഞ്ഞു; Dr. മിധില മല്ലിക കേരളത്തിലെ ദുരന്തനിവാരണത്തിന്റെ പുരോഗതിയും SDMAയുടെ പങ്കും വിശദീകരിച്ചു. Dr. ജോയ് എലമൺ വർക്ക്ഷോപ്പിന്റെ ലക്ഷ്യങ്ങൾ അവതരിപ്പിച്ചു. രാവിലെ തുറന്ന ഫോറം, ഉച്ചയ്ക്ക് ഗ്രൂപ്പ് ചർച്ചകൾ എന്നിവയിലൂടെ കുടിയേറ്റ തൊഴിലാളികളുടെ അപകടസാധ്യതകളും DRR-ൽ അവരെ ഉൾപ്പെടുത്താനുള്ള നയ നിർദ്ദേശങ്ങളും ചർച്ച ചെയ്തു. Dr. പ്രതീഷ് സി. മാമ്മൻ നന്ദിപ്രസംഗം നടത്തി. 15 വനിതകളും 12 പുരുഷന്മാരുമാണ് പങ്കെടുത്തത്.



പരിപാടിയിൽ migrant-inclusive DRR നയങ്ങൾക്കായുള്ള ഡ്രാഫ്റ്റ് മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി, പങ്കാളിത്ത സഹകരണവും ശക്തിപ്പെടുത്തി.. റിപ്പോർട്ട്: https://tinyurl.com/mph2798r

### 1.81 Basics of Disaster Management and its Applications - കേന്ദ്രിയ വിദ്യാലയ, പട്ടം-ൽ സ്കൂൾ വിദ്യാർത്ഥികൾക്കായി വർക്ക്ഷോപ്പ്

2024 ഫെബ്രുവരി 20-ന് കേന്ദ്രിയ വിദ്യാലയ, പട്ടം-ൽ സ്കൂൾ വിദ്യാർത്ഥികൾക്കായി "Basics of Disaster Management and its Applications" എന്ന വിഷയത്തിൽ രണ്ട് മണിക്കൂർ ദൈർഘ്യമുള്ള അവബോധ സെഷൻ സംഘടിപ്പിച്ചു. SDMA-യുടെ ഭാഗമായ ഹസാർഡ് അനലിസ്റ്റ് ശ്രീ മതി ദേവിക ബി. എസ് സെഷൻ നയിച്ചു. വിവിധ തരത്തിലുള്ള ദുരന്തങ്ങൾ, അവയുമായി ബന്ധപ്പെട്ട പദങ്ങൾ, ഹസാർഡ് ക്ലാസിഫിക്കേഷൻ, സംസ്ഥാനത്തെ ഹസാർഡ് പ്രൊഫൈൽ, മുന്നറിയിപ്പുകൾ എന്നിവയെക്കുറിച്ചുള്ള വിശദീകരണങ്ങൾ ഉൾപ്പെടുത്തി. ഭൂകമ്പത്തിൽ നിന്ന് സ്വയം സംരക്ഷിക്കാനുള്ള പ്രായോഗിക മാർഗങ്ങൾ അവതരിപ്പിക്കുകയും, ഫയർ എക്സ്റ്റിംഗ്വിഷർ ഉപയോഗിക്കുന്നതിന്റെ ഡെമോൺസ്ട്രേഷൻ നടത്തുകയും ചെയ്തു. 245 പെൺകുട്ടികളും 215 ആൺകുട്ടികളും ഉൾപ്പെടെ മൊത്തം 460 കുട്ടികൾ പങ്കെടുത്തു. സെഷൻ, വിദ്യാർത്ഥികൾക്ക് ദുരന്തനിവാരണത്തിന്റെ അടിസ്ഥാന ധാരണ നൽകുന്നതിനുള്ള ഉദ്ദേശത്തോടെ നടന്നു, സംശയങ്ങൾ വ്യക്തമാക്കുന്നതിനുള്ള ഇടപെടലുകളും ഉൾപ്പെടുത്തി. റിപ്പോർട്ട്: https://tinyurl.com/4wa7tn5d

### 1.82 INICIO 2024 - അന്താരാഷ്ട്ര സമ്മേളനം

2024 ഫെബ്രുവരി 27-28 തീയതികളിൽ തൃശൂർ ഇരിഞ്ഞാലക്കുടയിലെ സെന്റ് ജോസഫ്സ് കോളേജിൽ നടന്ന INICIO 2024 അന്താരാഷ്ട്ര സമ്മേളനം "Disaster Management-ന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ: സാമൂഹ്യപ്രവർത്തന നവോത്ഥാനങ്ങൾ, സഹകരണങ്ങൾ, പ്രതിരോധശേഷി നിർമ്മാണം" എന്ന വിഷയത്തെ ആധാരമാക്കി സംഘടിപ്പിച്ചു. സെന്റ് ജോസഫ്സ് കോളേജിന്റെ



സോഷ്യൽ വർക്ക് വിഭാഗം, കേരള സ്റ്റേറ്റ് ദുരന്തനിവാരണ അതോറിറ്റി (KSDMA), റോഡ്സ് യൂണിവേഴ്സിറ്റി (South Africa) എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന ഈ സമ്മേളനം, സാമൂഹ്യപ്രവർത്തനത്തിന്റെ ദൃശ്യത്തിൽ

ദുരന്തനിവാരണ തന്ത്രങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള ആശയവിനിമയത്തിനും നയരൂപീകരണത്തിനും വേദിയായി മാറി. റിപ്പോർട്ട്: https://tinyurl.com/bddu9thx.

### 1.83 കോട്ടയം - മെഡിക്കൽ ഓഫീസർമാരും നഴ്സിംഗ് ഓഫീസർമാരും പങ്കെടുത്ത "Disaster Management and Disaster Preparedness" പരിശീലന പരിപാടി

2024 മാർച്ച് 12-ന് കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ NHM കോൺഫറൻസ് ഹാളിൽ മെഡിക്കൽ ഓഫീസർമാരും നഴ്സിംഗ് ഓഫീസർമാരും പങ്കെടുത്ത "Disaster Management and Disaster Preparedness" വിഷയത്തിലുള്ള പരിശീലന പരിപാടി നടന്നു. രാവിലെ 10:30 മുതൽ 11:30 വരെ നടന്ന സെഷനിൽ SDMA/DDMAയെ പ്രതിനിധീകരിച്ച് ഹസാർഡ് അനലിസ്റ്റ് ശ്രീമതി ഗായത്രി പി. നായർ ക്ലാസുകൾ നയിച്ചു. ജില്ലാ ദുരന്തനിവാരണ പദ്ധതി, ആശുപത്രി സുരക്ഷാ മാർഗങ്ങൾ, അടിയന്തര പ്രതികരണ തത്വങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. പങ്കെടുത്ത 34 ഉദ്യോഗസ്ഥർ (26 വനിതകളും 8 പുരുഷന്മാരും) സജീവമായി സംവദിക്കുകയും നിരവധി ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. സെഷൻ, ആശുപത്രി തലത്തിൽ ദുരന്തപ്രതികരണ ശേഷി വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. റിപ്പോർട്ട്: https://tinyurl.com/4ddjeu78

### 1.84 മലപ്പുറം - മോക്ക് ഡ്രിൽ

2024 മാർച്ച് 15-ന് മലപ്പുറം സിവിൽ സ്റ്റേഷനിലെ JD LSGD ബിൽഡിംഗിൽ SDMA/DDMAയുടെ നേതൃത്വത്തിൽ ഫയർ മോക്ക് ഡ്രിൽ പരിശീലന പരിപാടി നടന്നു. ഉയർന്ന താപനിലയും തീപിടിത്ത സാധ്യതകളും മുന്നിൽ കണ്ട് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. ഫയർഫോഴ്സ് വിഭാഗത്തിൽ നിന്നുള്ള 10 പേരും സിവിൽ ഡിഫൻസ് വിഭാഗത്തിൽ നിന്നുള്ള 5 പേരും ആരോഗ്യ, പോലീസ് വകുപ്പുകളിലെ ലിയാസൺ ഓഫീസർമാരും പങ്കെടുത്തു. ഒരു ഫയർ എഞ്ചിനും ആംബുലൻസും വിന്യസിച്ചായിരുന്നു പരിശീലനം. JD LSGD ബിൽഡിംഗിന് സമീപം ഉണങ്ങിയ ഇലകളിൽ തീപിടിത്തം ഉണ്ടായതിന്റെ സിമുലേഷൻ നടത്തി; പുക നിറഞ്ഞതോടെ അലാറങ്ങൾ പ്രവർത്തിച്ചു, പൊതുജനങ്ങളും ഉദ്യോഗസ്ഥരും സേഫ് പോയിന്റുകളിലേക്ക് ഒഴിഞ്ഞു. മൊത്തം 80 പേർ (20 വനിതകളും 50 പുരുഷന്മാരും) പങ്കെടുത്തു. പരിശീലനത്തിന് ശേഷം CEO DDMAയും JD LSGDയും പങ്കെടുത്തവരെ അഭിസംബോധന ചെയ്തു. പരിപാടി, തീപിടിത്ത

പ്രതിരോധത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ഒരു മാതൃകയായി മാറി. റിപോർട്ട്: https://tinyurl.com/344n6cu6

### 1.85 മലപ്പുറം - ഉഷ്ണതരഗം സാഹചര്യങ്ങളും തീപിടുത്തവും - പരിശീലന പരിപാടി

2024 മാർച്ച് 16-ന് മലപ്പുറം സിവിൽ സ്റ്റേഷനിലെ ജില്ലാ പ്ലാനിംഗ് സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ SDMA/DDMAയുടെ നേതൃത്വത്തിൽ ഉഷ്ണതരഗം സാഹചര്യങ്ങളും തീപിടുത്തം സംബന്ധിച്ച മുന്നൊരുക്കങ്ങളും സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിച്ചു. 35 വകുപ്പുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത പരിപാടിയിൽ CEO, DDMA ഉദ്ഘാടനം നിർവഹിച്ചു, ജില്ലാ ഫയർ ഓഫീസർ അധ്യക്ഷനായി. DEOC മലപ്പുറത്തിന്റെ ഹസാർഡ് അനലിസ്റ്റ് ഉഷ്ണതരഗം പ്രതിരോധം സംബന്ധിച്ച സെഷൻ കൈകാര്യം ചെയ്തു, അതേസമയം മലപ്പുറം ഫയർ സ്റ്റേഷൻ ഓഫീസർ തീപിടുത്തം അപകടങ്ങൾക്കും സുരക്ഷാ മാർഗങ്ങൾക്കുമായി സെഷൻ നടത്തി. ഫയർ എക്സ്റ്റിംഗ്വിഷർ ഉപയോഗത്തിൽ പ്രായോഗിക പരിശീലനവും നടന്നു. 21 സ്ത്രീകളും 37 പുരുഷന്മാരും പങ്കെടുത്ത പരിപാടി വിവിധ വകുപ്പുകളെ തീപിടുത്തവും ഉഷ്ണതരഗവും എങ്ങനെ പ്രതികരിക്കാമെന്നതിൽ കൂടുതൽ സജ്ജമാക്കി. റിപോർട്ട്: https://tinyurl.com/yc6ahn5p

### 1.86 നെഹ്റു കോളേജ് ഓഫ് മാനേജ്മെൻറ് - Expert Talk Series

2024 മാർച്ച് 21-22 തീയതികളിൽ പാമ്പാടിയിലെ നെഹ്റു കോളേജ് ഓഫ് മാനേജ്മെന്റിൽ SDMAയുടെ നേതൃത്വത്തിൽ "Expert Talk Series" എന്ന പേരിൽ ഇന്റഗ്രേറ്റഡ് ദുരന്തനിവാരണ വിഷയത്തിൽ അക്കാദമിക് സെഷൻ സംഘടിപ്പിച്ചു. MBA ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ലക്ഷ്യമിട്ടുള്ള ഈ സെഷൻ ജില്ലാ ഹസാർഡ് അനലിസ്റ്റായ ലേഖാ ചാക്കോ നയിച്ചു. ദുരന്തനിവാരണ ചക്രത്തിലെ വിവിധ ഘട്ടങ്ങൾ - തയ്യാറെടുപ്പ്, ശമനം, പ്രതികരണം, പുനരധിവാസം - വിശദീകരിച്ചതോടൊപ്പം, ബിസിനസ് തുടർച്ച ഉറപ്പാക്കലിലും സമൂഹ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിലും സ്ഥാപനങ്ങൾക്കും നേതാക്കൾക്കും ഉള്ള തന്ത്രപരമായ പങ്ക് ചർച്ച ചെയ്തു. 43 സ്ത്രീകളും 17 പുരുഷന്മാരും പങ്കെടുത്ത ഈ സെഷൻ വിദ്യാർത്ഥികളിൽ ദുരന്തനിവാരണത്തെക്കുറിച്ചുള്ള ബോധവത്കരണവും പ്രായോഗിക സമീപനങ്ങളും വളർത്താൻ സഹായകമായി. റിപോർട്ട്: https://tinyurl.com/3pwu3pva

## 1.87 ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ - സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും, Capacity Building Commissionനും ചേർന്ന് 2023 ഏപ്രിൽ 4ആം തീയതി ഡെൽഹിയിൽ സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം സംബന്ധിച്ച വിശദമായ ചർച്ചകൾ നടത്തി. കേരളാ സംസ്ഥാനത്തിനായി പരമാവധി 87 സാങ്കേതിക വിധകതരെ സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണത്തിനായി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ വിനിയോഗിക്കുവാൻ ശുപാർശ നല്കി. ദേശീയ തലത്തിൽ ഇത്തരം ഒരു കേഡർ സൃഷ്ടിക്കുവാൻ ആയി ഇവരുടെ സേവന വേതന വ്യവസ്ഥകളും ഏകീകരിച്ച ശുപാർശയാണ് സംസ്ഥാനങ്ങൾക്ക് യോഗം നല്കിയത്. സംസ്ഥാന സർക്കാരിന് വേണ്ടി ദുരിതാശ്വാസ കമ്മീഷണർ ചർച്ചയിൽ പങ്കെടുത്തു. യോഗം ശുപാർശകൾ അംഗീകരിച്ച് അതാത് സംസ്ഥാനങ്ങൾക്ക് ഈ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനായി അയച്ചു നല്കുവാൻ തീരുമാനിച്ചു.

## 1.88 Expert Talk Series - Forest, Water & Meteorological Days

2024 മാർച്ച് 23-ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ Talk Series ഭാഗമായി "Forest, Water & Meteorological Days" ഓർമ്മപ്പെടുത്തുന്ന സംയുക്ത വെബിനാർ സംഘടിപ്പിച്ചു. ഉച്ചയ്ക്ക് 2 മുതൽ 4 വരെ നടന്ന ഈ സെഷനിൽ കാലാവസ്ഥാ വ്യതിയാനങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം, വനസംരക്ഷണത്തിലെ നവീനത എന്നിവയുടെ പരസ്പരബന്ധവും ദുരന്തനിവാരണത്തിൽ അവയുടെ പങ്കും വിശദമായി ചർച്ച ചെയ്തു. വേൾഡ് മീറ്റിയറോളജിക്കൽ ഡേയുടെ ഭാഗമായി ഉണ്ണികൃഷ്ണൻ ദിവാകരൻ നായർ കാലാവസ്ഥാ പ്രവർത്തനങ്ങൾക്ക് മുൻനിരയിൽ നിൽക്കുന്ന നയങ്ങൾ, സാമ്പത്തിക പിന്തുണ, സ്ഥാപന ശേഷി എന്നിവയുടെ ആവശ്യകത വിശദീകരിച്ചു. വേൾഡ് വാട്ടർ ഡേ സെഷനിൽ ഡോ. അമർനാഥ് ഗിരിരാജ് ജലപ്രശ്നങ്ങൾ, ഇക്കോസിസ്റ്റം സംരക്ഷണം, പ്രളയ-വിയർപ്പ് മുന്നറിയിപ്പുകൾ എന്നിവ ചർച്ച ചെയ്തു. അന്താരാഷ്ട്ര വനദിന സെഷനിൽ ഡോ. റെമി ചന്ദ്രൻ വന്യജീവി-മനുഷ്യ സംഘർഷം, കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനം,




സാങ്കേതിക പരിഹാരങ്ങൾ എന്നിവ അവതരിപ്പിച്ചു. ഡോ. മിഥില മാലിക (State Project Officer, KSDMA) നന്ദിപ്രസംഗം നടത്തി. Talk Series സംഘാടനത്തിൽ കുമാരി രമ്യ ആർ (മീറ്റിയറോളജിസ്റ്റ്), കുമാരി ഷെനു ജോസ് കെ (ഹൈഡ്രോളജിസ്റ്റ്) എന്നിവർ പങ്കാളികളായിരുന്നു. റിപോർട്ട്: https://tinyurl.com/4u3jsdf4

## 1.89 മനുഷ്യ-വന്യജീവി സംഘർഷം – സംസ്ഥാന സവിശേഷ ദുരന്തം

GO (Ms) No. 4/2024/DMD dated 7-3-2024 (https://tinyurl.com/5n7zpx7x) പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം ഒരു സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിച്ചു. 2024 മാർച്ച് 25-ന് തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മനുഷ്യ-വന്യജീവി സംഘർഷം (Human-Wildlife Conflict) സംബന്ധിച്ച ഉന്നതതല കൺസൾട്ടേഷൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. മനുഷ്യ-വന്യജീവി സംഘർഷത്തെ സംസ്ഥാനതല ദുരന്തമായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ, വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനാണ് ഈ സംവാദം സംഘടിപ്പിച്ചത്. വിവിധ വകുപ്പുകളുടെ സെക്രട്ടറിമാരും തലവന്മാരും പങ്കെടുത്ത ഈ സെഷനിൽ, മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച മുൻകരുതൽ, പ്രതികരണം, ശമനം, പുനരധിവാസം എന്നിവയ്ക്കുള്ള മാർഗരേഖകളും സാമ്പത്തിക സഹായ നിബന്ധനകളും രൂപപ്പെടുത്താൻ ലക്ഷ്യമിട്ടിരുന്നു. വനവകുപ്പ്, മൃഗസംരക്ഷണ, ജല, ആരോഗ്യ, കാർഷിക, പോലീസ്, LSGD, പട്ടികജാതി, Advocate General's Office, Irrigation, Fire & Rescue, Revenue വകുപ്പുകൾ തങ്ങളുടെ നിർദ്ദേശങ്ങളും ആവശ്യങ്ങളും പങ്കുവെച്ചു. SEOC/FDEOC സ്ഥാപിക്കൽ, RRTs-ന് പ്രത്യേക മൊബൈൽ നമ്പറുകൾ, WhatsApp ഏകീകരണം, GIS mapping, SOPs ("Orange Book"), IEC campaign, rescue centers, Kunki elephants' deployment എന്നിവ ഉൾപ്പെടുന്ന Action Plan രൂപീകരിക്കപ്പെട്ടു. ഈ സംവാദം മനുഷ്യ-വന്യജീവി സംഘർഷത്തെ സംയോജിത ദുരന്തനിവാരണ വിഷയമായി കൈകാര്യം ചെയ്യുന്നതിനുള്ള നയപരമായ വഴികൾ തുറക്കുന്നു. റിപോർട്ട്: https://tinyurl.com/bdhm9t23

## 1.90 തൃശൂർ പൂരം - ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ

തൃശൂർ പൂരം 2023-നായി തൃശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ, ജനസമൂഹ നിയന്ത്രണവും അടിയന്തര പ്രതികരണവും ഉറപ്പാക്കുന്നതിനുള്ള സമഗ്ര മാർഗ്ഗരേഖയാണ്. ഈ പ്ലാൻ തൃശൂർ പൂരം ആഘോഷങ്ങളുടെ സാംസ്കാരിക പശ്ചാത്തലവും ചടങ്ങുകളുടെ സമയക്രമവും


Thrissur Pooram 2023

CRISIS MANAGEMENT PLAN

THRISSUR POORAM-2023

DISTRICT DISASTER MANAGEMENT AUTHORITY
THRISSUR

Crisis Management Plan    Page No. 1

വിശദീകരിക്കുന്നു. മാടത്തിൽ വരവ്, ഇളഞ്ഞിത്തറ മേളം, കുടമാറ്റം, പടക്കം, പകൽ പൂരം തുടങ്ങിയ പ്രധാന ചടങ്ങുകൾ ഏപ്രിൽ 24 മുതൽ മേയ് 1 വരെ നടക്കും. ജനക്കൂട്ടം മൂലമുള്ള അപകടങ്ങൾ, ആനകളുടെ അക്രമം, പഴയ കെട്ടിടങ്ങൾ തകർന്നുവീഴൽ, തീപിടിത്തം, ഭീകരാക്രമണ ഭീഷണി, കോവിഡ് വ്യാപനം, ചൂട് ബാധിത രോഗങ്ങൾ തുടങ്ങിയ അപകട സാധ്യതകൾ വിശദമായി വിലയിരുത്തിയിട്ടുണ്ട്.

സുരക്ഷാ ക്രമീകരണങ്ങൾക്കായി പോലീസ്, ഫയർഫോഴ്സ്, മെഡിക്കൽ, ഭക്ഷ്യസുരക്ഷാ വിഭാഗങ്ങൾ ഉൾപ്പെടുന്ന വിവിധ വകുപ്പുകൾ ചേർന്ന് പ്രവർത്തിക്കും. ജനസമൂഹ നിയന്ത്രണത്തിനായി ബാരിക്കേഡുകൾ സ്ഥാപിക്കുകയും ആനകളുടെ ക്ഷേമം ഉറപ്പാക്കുകയും ചെയ്യും. അടിയന്തര ഓപ്പറേഷൻ സെന്റർ (EOC) സജീവമാക്കുകയും ഇൻസിഡന്റ് കമാൻഡ് സിസ്റ്റം (ICS) വഴി പ്രതികരണ സംവിധാനം ഏകോപിപ്പിക്കുകയും ചെയ്യും. അനുബന്ധ പട്ടികകളിൽ ആന സ്കാഡുകൾ, ആമേചർ റേഡിയോ ഓപ്പറേറ്റർമാർ, മെഡിക്കൽ, ഭക്ഷ്യസുരക്ഷാ ടീമുകൾ, അപകട സാധ്യതയുള്ള കെട്ടിടങ്ങൾ, ഉദ്യോഗസ്ഥർക്ക് വകുപ്പുനിർണ്ണയം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ: https://tinyurl.com/mthebytc

## 1.91 സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചു

GO (Ms) No. 6/2023/DMD dated 18-6-2023 പ്രകാരം 2022-23 മുതൽ 2025-26 വരെയുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പാരിഷ്കരിച്ചു. ഉത്തരവ് ഇവിടെ ലഭ്യമാണ്. http://sdma.kerala.gov.in/wp-content/uploads/2023/08/GO-MS-6-2023_SDRF-Norms.pdf

## 1.92 സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ പരിശോധനാ കമ്മിറ്റി

സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ പരിശോധനാ കമ്മിറ്റി GO (Ms) No. 3/2022/DMD dated 8-5-2022 (https://tinyurl.com/4zfra7c7) പ്രകാരം സർക്കാർ നിയോഗിച്ചു. ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷൻ ആയ കമ്മിറ്റിയിൽ, കമ്മീഷണർ ദുരന്ത നിവാരണം, മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ചീഫ് എൻജിനിയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ് എന്നിവർ ആണ് അംഗങ്ങൾ. സമിതി യോഗം ചേർന്ന തീയതികൾ: 24.05.2023, 13.07.2023, 30.10.2023.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഈ സാമ്പത്തിക വർഷം വരെ അനുവദിച്ച പദ്ധതികൾ ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/sdmf-projects/.

## 1.93 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി

ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി GO (Rt) No. 453/2021/DMD dated 3-6-2021 പ്രകാരം ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി രൂപീകരിക്കപ്പെട്ടു. ഈ സാമ്പത്തിക വർഷം സമിതി 23-5-2023, 24-11-2023, 18-12-2023 തീയതികളിൽ യോഗങ്ങൾ ചേർന്നു.

## 1.94 കാര്യാലയ പ്രവർത്തനങ്ങൾ

ഈ സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാര്യാലയം 1066 ഫയലുകൾ കൈകാര്യം ചെയ്തു. 23 കോടതി കേസുകൾ കൈകാര്യം ചെയ്തു. 47 നിയമസഭ, പാർലിമെന്റ് ചോദ്യങ്ങൾക്ക് ഉത്തരം നല്കി.

## 1.95 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി

- ടെലികമ്യൂണിക്കേഷൻസ് വകുപ്പ് നേതൃത്വം നല്കുന്നു.
- പ്രധാന ലക്ഷ്യം: ദുരന്തസമയങ്ങളിൽ ടെലികോം സേവനങ്ങൾ തടസ്സമില്ലാതെ തുടരാൻ ടെലികോം സേവനദാതാക്കളും ദുരന്തനിവാരണ അതോറിറ്റികളും അടിയന്തര പ്രതികരണ സംഘങ്ങളും തമ്മിൽ ഏകോപനം ഉറപ്പാക്കുക.
- നോഡൽ ഏജൻസി: ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് (DoT), ടെലികോം അടിയന്തര സേവനങ്ങൾ (ESF) ഏകോപിപ്പിക്കുന്നതിൽ നേതൃത്വം നൽകുന്നു.
- യോഗം ചേർന്ന തീയതികൾ: 16-6-2023, 8-11-2023
- അംഗങ്ങൾ:
  - പ്രധാന ടെലികോം സേവനദാതാക്കൾ
  - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA)
  - നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (NDRF)
  - DoT-യുടെ ലോക്കൽ സർവീസ് ഏരിയ (LSA)
  - മറ്റ് ബന്ധപ്പെട്ട ഏജൻസികൾ (പോലീസ്, ഫയർഫോഴ്സ്, സിവിൽ ഡിഫൻസ് മുതലായവ)

**പ്രധാന പ്രവർത്തനങ്ങൾ**

- ദുരന്തത്തിന് മുമ്പ്:

    - ടെലികോം പുനസ്ഥാപനത്തിനും അടിയന്തര പ്രവേശനത്തിനും SOPs തയ്യാറാക്കുക
    - TSPs തമ്മിൽ ഇൻഫ്രാസ്ട്രക്ചർ പങ്കുവെക്കലും ഇന്ററോപ്പറബിലിറ്റിയും ഉറപ്പാക്കുക
    - മൊബൈൽ ടവറുകൾക്കും സാറ്റലൈറ്റ് ബാക്കപ്പിനും പ്രധാന സ്ഥലങ്ങൾ തിരിച്ചറിയുക
- ദുരന്തസമയത്ത്:
    - അടിയന്തര ടെലികോം പ്രോട്ടോകോളുകൾ സജീവമാക്കുക
    - ബാധിച്ച പ്രദേശങ്ങളിൽ ടെലികോം സേവനങ്ങൾ പുനസ്ഥാപിക്കാൻ മുൻഗണന നൽകുക
    - SDMA, NDRF എന്നിവരുമായി ഫീൽഡ് തലത്തിൽ സഹകരിക്കുക
- ദുരന്തത്തിന് ശേഷം:
    - ടെലികോം ഇൻഫ്രാസ്ട്രക്ചറിന്റെ നാശനഷ്ടം വിലയിരുത്തുക
    - മൊബൈൽ യൂണിറ്റുകളും സാറ്റലൈറ്റ് ലിങ്കുകളും വേഗത്തിൽ വിന്യസിക്കുക
    - SOP-കളുടെ പുതുക്കലിനായി പഠനങ്ങൾ രേഖപ്പെടുത്തുക

## 1.96 നീരറിവ് - മുങ്ങിമരണ അവബോധ സിനിമ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കേരള ഫിലിം ഡെവലപ്മെൻറ് കോർപ്പറേഷനുമായി ചേർന്ന് നീരറിവ് എന്ന പേരിൽ മുങ്ങിമരണ പ്രതിരോധ അവബോധ സിനിമ നിർമ്മിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസർഡ് അനലിസ്റ്റ് ആയ ശ്രീ. സത്യകുമാർ സി.ജെ ആണ് പ്രസ്തുത സിനിമയുടെ തിരക്കഥ തയ്യാറാക്കിയത്. പ്രസ്തുത സിനിമ കേരളത്തിലെ എല്ലാ സ്കൂളുകളിലും പ്രദർശിപ്പിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യൂട്യൂബ് ചാനലിൽ സിനിമ പൊതുജനങ്ങൾക്കായി അപ്‌ലോഡ് ചെയ്തിട്ടുണ്ട്. സിനിമ ഇവിടെ ലഭ്യമാണ് https://youtu.be/KFiM5jR8sHc

## 1.97 ERSS112 - രാജ്യത്തെ അടിയന്തിര സഹായ നംബർ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലും

GO (Rt) No. 492/2022/DMD dated 1-6-2022 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ERSS112 - രാജ്യത്തെ അടിയന്തിര സഹായ നംബർ പ്രവർത്തനം ആരംഭിക്കുവാൻ ഉള്ള ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതി സംസ്ഥാന

ദുരന്ത നിവാരണ അതോറിറ്റിയിലും പ്രവർത്തനം ആരംഭിച്ചു. പദ്ധതിക്കായി 6 കോൾ സെന്റർ എക്സിക്യൂട്ടീവുകളെയും, ഒരു സൂപ്പർവൈസറെയും നിയോഗിച്ചു. സവിശേഷമായ ഒരു പോർട്ടൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സംവിധാനത്തിൽ ഇവ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് പരിശീലനം നല്കി.




### 1.98 കോമൺ അലേർട്ട് പ്രോട്ടോക്കോൾ - സ്ഥലാദ്ധിഷ്ഠിത മുന്നറിയിപ്പ് സംവിധാനം

ദേശീയ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ കോമൺ അലേർട്ട് പ്രോട്ടോക്കോൾ - സ്ഥലാദ്ധിഷ്ഠിത മുന്നറിയിപ്പ് സംവിധാനം - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പ്രവർത്ത നം GO (Rt) No. 641/2022/DMD dated 21-8-2022 പ്രകാരം ആരംഭിച്ചു. സച്ചേത് ആപ്പിലൂടെ ഉപയോ ക്താവിന്റെ സ്ഥലം അടിസ്ഥാനമാക്കി കൃത്യമായ മുന്നറിയിപ്പുകൾ ഈ സംവിധാനത്തിന്റെ ഭാഗമായി ലഭിക്കും; പല സംസ്ഥാനങ്ങളിലേക്കും ജില്ലകളിലേക്കും സബ്സ്ക്രൈബ് ചെയ്യാം. വിവിധ ദുരന്തങ്ങൾക്ക് അനുയോജ്യമായ "ചെയ്യേണ്ടതും ചെയ്യരുതാത്തതും" എന്ന മാർഗ്ഗനിർദ്ദേശങ്ങൾ – 12 ഇന്ത്യ ൻ ഭാഷകളിൽ ലഭ്യമാണ്, വാചക വായനാ സൗകര്യവും ഉൾപ്പെടുന്നു. മൊബൈൽ ആപ്പ്, SMS (XX-NDMAEW), ബ്രൗസർ notifications, മീഡിയാ പാർട്ണർമാർക്കുള്ള RSS feeds എന്നിവ വഴി അറിയിപ്പുകൾ ഈ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നു. രാജ്യത്ത് തന്നെ കേരളത്തിൽ ആണ് ഈ സംവിധാനം ആദ്യമായി ദേശീയ ദുരന്ത നിവാരണ അതോറിറ്റി 2018ൽ പരിശോധിച്ച് പ്രവർത്തന ശേഷി വിലയിരുത്തിയത്. ഈ സംവിധാനവും ERSS112വും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ എമർജൻസി ഓപ്പറേഷൻസ് സെന്റർ ആണ് പ്രവർത്തിപ്പിക്കുന്നത്.

### 1.99 അടിസ്ഥാന സൌകര്യ വികസന പ്രക്രിയയിൽ ദുരന്തം തടയുന്നതിനുള്ള ചെക്ക് ലിസ്റ്റ്

2016ലെ സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിൽ ഉള്ളടക്കം ചെയ്ത അടിസ്ഥാന സൌകര്യ വികസന പ്രക്രിയയിൽ ദുരന്തം തടയുന്നതിനുള്ള ചെക്ക് ലിസ്റ്റ് ബഹു. ഹൈക്കോടതി അംഗീകരിച്ചു.

അടിസ്ഥാന സൌകര്യ വികസന പ്രക്രിയയിൽ ദുരന്തം തടയുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സംയോജിപ്പിക്കുന്ന പ്രക്രിയക്കായി ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 22 (2) (h) പ്രകാരം വിശദമായ നടപടി ക്രമം

തയ്യാറാക്കി സർക്കാർ സർക്കുലർ ആയി പുറപ്പെടുവിച്ചു. അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ മുന്നോട്ട് വയ്ക്കുന്ന എൻജിനിയർ ഈ സർക്കുലറിൽ ഉള്ള ചെക്ക് ലിസ്റ്റ് പൂർണ്ണമായും പൂരിപ്പിക്കുകകയും സെൽഫ് സർട്ടിഫൈ ചെയ്യുകയും ചെയ്യണം. ദുരന്തം തടയുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള ഇൻഡ്യൻ സ്റ്റാഡേർഡ് കോഡ്, വിവിധ മർഗ്ഗ നിർദേശങ്ങൾ എന്നിവ പാലിച്ച് ആണ് പ്രൊപ്പോസൽ എന്നത് ഉറപ്പ് വരുത്തേണ്ടത് എൻജിനിയറുടെ ചുമതല ആണ്. ബഹു. ഹൈക്കോടതി ഈ നിർദേശം അംഗീകരിക്കുകയും സർക്കാർ സർക്കുലർ കണിശമായി പാലിക്കണം എന്നും നിർദേശിച്ചു. Circular No. DMB1/82/2023/DMD dated 18-12-2023 (https://sdma.kerala.gov.in/wp-content/uploads/2024/01/Circular-DMB1-82-Natural-Disaster-Impact-Assessment-Checklist.pdf)

### 1.100 ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ജല-കാലാവസ്ഥാ കൂട്ടായിമയായ South Asian Hydro-Met Forumത്തിന്റെ നാലാം സമ്മേളനം

ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ജല-കാലാവസ്ഥാ കൂട്ടായിമയായ South Asian Hydro-Met Forumത്തിന്റെ നാലാം സമ്മേളനത്തിൽ രാജ്യത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് (IMD), ദേശീയ സമുദ്ര വിവര കേന്ദ്രം (INCOIS), നാഷനൽ റിമോട്ട് സെൻസിങ് കേന്ദ്രം (NRSC), നാഷനൽ സെന്റർ ഫോർ മെഡിയം റേഞ്ച് വെതർ ഫോർകാസ്റ്റ് (NCMRWF), കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവരുടെ ഒരു സംഘത്തെ ആണ് നിയോഗിച്ചത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് വേണ്ടി മെംബർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് യോഗത്തിൽ പങ്കെടുത്തു. ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ എല്ലാം ജല-കാലാവസ്ഥാ വിശകലന സ്ഥാപനങ്ങളുടെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 3 ദിവസം വിശദമായ ചർച്ചകൾ നടന്നു. പ്രധാനമായും ചർച്ച കേന്ദ്രീകരിച്ചത് നാലാം സമ്മേളനം അംഗീകരിക്കേണ്ട ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ജല-കാലാവസ്ഥാ നിരീക്ഷിണ, അനുബന്ധ പ്രവർത്തങ്ങളുടെ മാർഗ്ഗ രേഖയായി പ്രവർത്തിക്കേണ്ട പ്രസ്ഥാവനയിൽ ഊന്നി ആയിരുന്നു.

കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തനങ്ങളുടെയും, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെയും അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രധാനമായും 3 കാര്യങ്ങൾ ആണ് പൊതു പ്രസ്ഥാവനയിൽ ഉൾപ്പെടുത്തണം എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടത്.

മീനച്ചിൽ മഴ-പുഴ നിരീക്ഷണ സംഘം, മലപ്പുറം മഴ നിരീക്ഷണ സംഘം, വയനാട് മഴ നിരീക്ഷണ സംഘം എന്നിവയുടെ അനുഭവങ്ങൾ ഉൾകൊണ്ടുകൊണ്ട് പൊതു സമൂഹം, സന്നദ്ധ പ്രവർത്തകർ, കാലാവസ്ഥാ നിരീക്ഷണ കുതുകികൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള നിരീക്ഷണ സംവിധാനങ്ങളും മുഖ്യധാരാ സംവിധാനങ്ങൾ പോലെ അതിജീവന ശേഷി വർദ്ധിപ്പിക്കുന്നതിൽ പങ്ക് വഹിക്കുന്നു എന്നതിനാൽ അവയേയും ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ മുഖ്യധാരയിൽ പൊതു പണം ഉപയോഗിച്ച് ശാക്തീകരിക്കണം. അവരിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും കാലാവസ്ഥാ അവലോകനത്തിന് ഔദ്യോഗിക ഏജെൻസികൾ വിനിയോഗിക്കണം.

കേരളത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഭൂമിശാസ്ത്ര അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ നടക്കുന്ന കാലാവസ്ഥാ നിരീക്ഷണ ശൃംഘലയുടെ അനുഭവം ഉൾകൊണ്ട് സ്കൂൾ കേന്ദ്രീകരിച്ച് ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ഒരു ജല-കാലാവസ്ഥാ നിരീക്ഷണ പഠന ശൃംഘല ഉണ്ടാകേണ്ടുന്നത് ജല-കാലാവസ്ഥാ വിവരങ്ങൾ പൊതുമണ്ഡലത്തിൽ കൂടുതൽ മുഖ്യധാരാ വൽകരിക്കുവാൻ ഉപയോഗയുക്തം ആയിരിക്കും എന്നതിനാൽ ഈ അനുഭവം പൊതുവായി ഉൾക്കൊള്ളണം.

കേരളത്തിലെ സ്റ്റാർട്ട്അപ്പ് (MISTEO, ZARA BIOTEC, Augsenselab, STRAVA etc) പ്രസ്ഥാനങ്ങൾ ജല-കാലാവസ്ഥാ നിരീക്ഷണ, അവലോകന, കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ ഉൾക്കൊണ്ട്, ഇത്തരം സ്റ്റാർട്ട്അപ്പ് സ്ഥാപനങ്ങളുടെ സേവനങ്ങളും മുഖ്യധാരയിൽ ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ഉപയോഗപ്പെടുത്തുക.

ഇവ എഴുതി, തെളിവുകൾ സഹിതം നല്കുകയും, ചർച്ചകളിൽ ഇടപെടലുകളിലൂടെ അവതരിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ ജല-കാലാവസ്ഥാ കൂട്ടായിമയുടെ നാലാം സമ്മേളനം അംഗീകരിച്ച പൊതു പ്രസ്താവനയിൽ ഈ വിഷയങ്ങൾ മൂന്നും ഉൾക്കൊള്ളിക്കപ്പെട്ടിടുണ്ട്.

### 1.101 അന്താരാഷ്ട്ര പരിശീലനം - ഫ്രാൻസ്

ദുരന്ത ലഘൂകരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ഫ്രെഞ്ച് വികസന ഏജെൻസിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിയ അന്താരാഷ്ട്ര പരിശീലന പരിപാടിയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും GO (Rt) No. 2026/2023/LSGD dated 13-10-2023 പ്രകാരം ശ്രീ. പ്രദീപ് ജി.എസ്, ഹസർഡ് & റിസ്ക് അനലിസ്റ്റ് പങ്കെടുത്തു. 12-11-2023മുതൽ 24-11-2023 വരെ ആയിരുന്നു പരിശീലനം. നഗരകേന്ദ്രീകൃത ദുരന്ത ലഘൂകരണം ആയിരുന്നു പരിശീലന വിഷയം.

## 1.102 അൾട്രാ വയലറ്റ് സൂചിക നിരീക്ഷണ സംവിധാനം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, International Centre for Free and Open Source Solutions (ICFOSS) എന്നിവർ സഹകരിച്ച് 2023ൽ സ്ഥാപിച്ച 14 സ്റ്റേഷനുകളിലെ തത്സമയ UV സൂചിക വിവരങ്ങൾ https://l1nq.com/kdfZb എന്ന ലിങ്കിൽ ലഭ്യമാണ്. തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായേക്കാം. ആയതിനാൽ ദിനവും പകൽ പൊതുജനങ്ങൾക്കായി ഈ വിവരം പ്രസിദ്ധീകരിക്കുകയും സുരക്ഷാമുൻകരുതലുകൾ നിർദ്ദേശ രൂപേണ പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നു.

| കേരളത്തിൽ കഴിഞ്ഞ 24 മണിക്കൂറിൽ രേഖപ്പെടുത്തപ്പെട്ട ഉയർന്ന അൾട്രാവയലറ്റ് സൂചിക (UV INDEX) | | | |
|---|---|---|---|
| ക്രമനമ്പർ | സ്റ്റേഷൻ | ജില്ല | UV ഇൻഡക്സ് |
| 1 | വിളപ്പിൽശാല | തിരുവനന്തപുരം | 5 |
| 2 | കൊട്ടാരക്കര | കൊല്ലം | 7 |
| 3 | കോന്നി | പത്തനംതിട്ട | 8 |
| 4 | ചങ്ങനാശ്ശേരി | കോട്ടയം | 8 |
| 5 | ചെങ്ങന്നൂർ | ആലപ്പുഴ | 8 |
| 6 | മൂന്നാർ | ഇടുക്കി | 9 |
| 7 | കളമശ്ശേരി | എറണാകുളം | 6 |
| 8 | ഒല്ലൂർ | തൃശ്ശൂർ | 6 |
| 9 | തൃത്താല | പാലക്കാട് | NA |
| 10 | പൊന്നാനി | മലപ്പുറം | 9 |
| 11 | ബേപ്പൂർ | കോഴിക്കോട് | 6 |
| 12 | മാനന്തവാടി | വയനാട് | 6 |
| 13 | ധർമ്മടം | കണ്ണൂർ | 5 |
| 14 | ഉദുമ | കാസറഗോഡ് | 4 |
| UV ഇൻഡക്സ് | അലർട്ട് | ജാഗ്രത നിർദേശം | |
| 6 മുതൽ 7 വരെ | മഞ്ഞ അലർട്ട് | മുൻകരുതൽ സ്വീകരിക്കുക | |
| 8 മുതൽ 10 വരെ | ഓറഞ്ച് അലർട്ട് | അതീവ ജാഗ്രത – ഗൗരവകരമായ മുൻകരുതലുകൾ സ്വീകരിക്കുക | |
| 11 ന് മുകളിൽ | റെഡ് അലർട്ട് | ഏറ്റവും ഉയർന്ന/ഗുരുതരമായ സാഹചര്യം – നേരിട്ട് ശരീരത്തിൽ സൂര്യപ്രകാശം കൂടുതൽ സമയം ഏൽക്കുന്നത് ഒഴിവാക്കുക. | |
| തുടർച്ചയായി കൂടുതൽ സമയം ഉയർന്ന അളവിലുള്ള അൾട്രാവയലറ്റ് റേഡിയേഷൻ ഏൽക്കുന്നത് സൂര്യാതപത്തിനും ചർമരോഗങ്ങൾക്കും കാരണമായേക്കാം. | | | |
| മേൽ സ്റ്റേഷനുകളിലെ തത്സമയ വിവരങ്ങൾ https://visualize.openiot.in/d/2I1RLOVJ3/lorawan-kerala-cluster?orgId=2&refresh=30s ലിങ്കിൽ ലഭ്യമാണ്. | | | |
| KSDMA-ICFOSS | | പുറപ്പെടുവിച്ച സമയം | 23/04/2025 പകൽ 09 മണി |
| *ഉഷ്ണമേഖലാ പ്രദേശങ്ങളിലും ഉയരം കൂടിയ മലമ്പ്രദേശങ്ങളിലും സാധാരണയായി ഉയർന്ന UV സൂചിക അനുഭവപ്പെടുന്നു* | | | |

## 1.103 വേനൽക്കാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ

മുൻ വർഷത്തേക്കാൾ ചൂട് കൂടിയ പകലുകളും രാത്രികളും റിപ്പോർട്ട് ചെയ്യപ്പെട്ട വർഷമാണ് 2023. ഏപ്രിൽ മാസത്തിൽ കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ പാലക്കാട്, വെള്ളാനിക്കര സ്റ്റേഷനുകളിൽ 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ പലകുറി താപനില രേഖപ്പെടുത്തപ്പെട്ടു. തീരദേശ സ്റ്റേഷനുകളായ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ സ്റ്റേഷനുകളിൽ പലകുറി 37°C ന് മുകളിലേക്ക് താപനില ഉയർന്നു. രാത്രി താപനില (Minimum Temperature) 29°C വരെയൊക്കെ ഉയരുന്ന സാഹചര്യവും പലപ്പോഴും ഉണ്ടാക്കി. ചൂട് മൂലമുള്ള അസ്വസ്ഥതകൾ പൊതുജനങ്ങളുടെ ഇടയിൽ ചൂട് എന്ന പ്രശ്നത്തെ ഒരു സജീവ ചർച്ചയാക്കി മാറ്റി. മാധ്യമങ്ങൾ ഉൾപ്പെടെ ചൂടിനെ ഗൗരവമായ ചർച്ചക്ക് വിധേയമാക്കി. കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം (ICCS) പ്രസിദ്ധീകരിച്ച 2023 ലെ 'ക്ലൈമറ്റ് സ്റ്റേറ്റ്മെൻറ്' പ്രകാരം ദീർഘകാല ശരാശരിയെ അപേക്ഷിച്ച് 2022 ൽ കേരളത്തിൻറെ വാർഷിക ശരാശരി താപനില 0.66°C






കൂടുതലായിരുന്നു. അതോടെ 1901 മുതലുള്ള കേരളത്തിൻറെ ചരിത്രത്തിലെ ഏറ്റവും ചൂടേറിയ 5 മത്തെ വർഷമായി 2023 മാറി.

ബ്രഹ്മപുരം മാലിന്യ നിക്ഷേ പ കേന്ദ്രത്തിലുണ്ടായ തീപിടുത്തം ഉൾപ്പെടെ നിരവധി ചെറുതും വലുതുമായ തീപിടുത്തങ്ങൾ സീസണിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. അഗ്നിശമന രക്ഷാസേനയുടെ കാൾ സെന്റർ ഡാറ്റ പ്രകാരം 15156 കോളുകളാണ് തീപിടുത്തവുമായി സേനയുടെ കോൺട്രോൾ റൂമിലേക്ക് എത്തിയത്. വന്യജീവി ആക്രമണവും കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ആരോഗ്യ വകുപ്പിൻറെ കണക്ക് പ്രകാരം ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങളുമായി സർക്കാർ ആരോഗ്യ സംവിധാനങ്ങളെ സമീപിച്ചത് 98 പേരാണ്. ഏറ്റവും സക്രിയവും ഗൗരവകരമായതുമായ ഇടപെടലുകളാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2023 വേനൽക്കാല ദുരന്ത ലഘൂകരണത്തിനായി സ്വീകരിച്ചത്. ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ 2023 മാർച്ച് 11 പ്രത്യേകം യോഗം വിളിച്ചു ചേർത്ത് സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു.

- കേരളത്തിൽ ചൂട് വർധിച്ചു വരുന്ന സാഹചര്യം മുൻകൂട്ടി കണ്ട് ഫെബ്രുവരി മാസം മുതൽ തന്നെ SEOC യുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഫെബ്രുവരി 25 മുതൽ മുഖ്യധാരാ മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയവ വഴി പൊതുജനങ്ങൾക്ക് സുരക്ഷാമാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി.
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2020 ൽ സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. 27 സർക്കാർ വകുപ്പുകൾക്കും പൊതുജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കുമുള്ള മാർഗനിർദേശങ്ങൾ ഹീറ്റ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പ് സീസണിൽ ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്താൻ എല്ലാ



വകുപ്പുകളോടും ദുരന്ത നിവാരണ വകുപ്പ് ആവശ്യപ്പെട്ടു. (G.O.(Rt)No.199/2023/DMD, dated 28-03-2023)




- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചൂടിനെ നേരിടാൻ ആവശ്യമായ ദീർഘകാല പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ തദ്ദേശ സ്ഥാപനങ്ങളോട് ആവശ്യപ്പെടുകയും സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിൽ നിന്ന് ഇതിനായി ഫണ്ട് അനുവദി ക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് (G.O.(Rt)No.199/2023/DMD, dated 28-03-2023) ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിക്കുകയും ചെയ്തു. കാലാവസ്ഥ വ്യതിയാനത്തിൻറെ ഭാഗമായി പ്രതീക്ഷിക്കപ്പെടുന്ന ഇത്തരത്തിലുള്ള ദുരന്തസാധ്യതകളെ ദീർഘ വീക്ഷണത്തോടെ സമീപിക്കുകയും അവയുടെ മിറ്റിഗേഷനു വേണ്ടി ദീർഘകാല പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ വിഭാവനം ചെയ്യുകയും അതിനായി സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിൽ (SDMF) നിന്ന് പണം വിനിയോഗിക്കാൻ നയപരമായ തീരുമാനമെടുക്കുകയും ചെയ്തു. ചൂടിനെ നേരിടുന്നതിനായി SDMF അനുവദിക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം.
- സംസ്ഥാന വ്യാപകമായി 'തണ്ണീർ പന്തലുകൾ' ആരംഭിച്ചു. കവലകൾ, മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങി ആളുകൾ കൂടുന്ന ഇടങ്ങളിലെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലാളി യൂണിയനുകൾ, യുവജന സാംസ്കാരിക സംഘടനകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെയെല്ലാം നേതൃത്വത്തിൽ കേരളത്തിൽ വ്യാപകമായി ഇത്തരം സംവിധാനം സ്ഥാപിക്കപ്പെട്ടു. ശുദ്ധമായ കുടിവെള്ളവും വിശ്രമിക്കാൻ ആവശ്യമായ തണലും ORS ഉൾപ്പെടെയുള്ള ലായനികളും ഇവിടങ്ങളിൽ ലഭ്യമാക്കി. തണ്ണീർ പന്തലുകൾ സ്ഥാപിക്കുന്നതിനായി ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്ന് പണം അനുവദിക്കാൻ തീരുമാനിച്ചിരുന്നു. മുഖ്യമന്ത്രിയുടെ ആഹ്വാനം കേരളീയ സമൂഹം ഏറ്റെടുത്തതോടെ ആയിരക്കണക്കിന് ചെറുതും വലുതുമായ തണ്ണീർ പന്തലുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കപ്പെട്ടു.

- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകൾ അറ്റകുറ്റപ്പണികളും ശുചീകരണവും നടത്തി പ്രവർത്തനക്ഷമമാക്കി. ഇതിനായി SDRF പണം അനുവദിച്ചു.
- അഗ്നിശമന സേനക്ക് Fire Fighting ഉപകരണങ്ങൾ മേടിക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചു.
- 'ഈ ചൂടിനെ നമുക്ക് എങ്ങനെ നേരിടാം' എന്ന പേരിൽ വിപുലമായ ഒരു ക്യാമ്പയിൻ സംഘടിപ്പിച്ചു.
- പൊതുവിദ്യഭ്യാസ വകുപ്പിന് കീഴിലുള്ള Kite Victors ചാനെലുമായി ചേർന്ന് ഉഷ്ണകാല ദുരന്ത സാധ്യത ലഘൂകരണം ലക്ഷ്യമിട്ടുള്ള വീഡിയോകൾ തയ്യാറാക്കി സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു. ഉഷ്ണകാല ദുരന്ത ലഘൂകരണമെന്ന പ്രമേയത്തിൽ താഴെ പറയുന്ന വീഡിയോകൾ തയ്യാറാക്കി യൂട്യൂബി വഴി പ്രചരിപ്പിച്ചു. പൊതുജനങ്ങ ളെയും സവിശേഷമായി വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുക എന്നതായിരുന്നു ക്യാമ്പയിനിൻ്റെ ഒരു പ്രധാന ലക്ഷ്യം.
  - ചൂട് കൂടുന്ന കേരളം https://youtu.be/_uJbCRGb8lE?si=8iT9q6PDudN1GpsV
  - തീപിടുത്തം https://youtu.be/mMyQ3vmwC6I?si=Z-VBop6lqkaQev1j
  - ഇടിമിന്നൽ https://youtu.be/SG76HPU6AOA?si=fNV1G9X82iCzB5Ig
  - വരൾച്ച https://youtu.be/LEsaQ643nb8?si=x5Px44GD8rZxP7Vw
- 2023 ഏപ്രിൽ 4 & 5 തീയതികളിൽ വേനൽക്കാല ദുരന്തങ്ങൾ, ചൂട്, തീപിടുത്തങ്ങൾ എന്നിവ ലഘൂകരിക്കുന്നതിന് ആലപ്പുഴ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ വ്യാപാരികൾ, വ്യവസായികൾ എന്നിവർക്കായി ഒരു പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു
- സംസ്ഥാനത്ത് 'കൂൾ റൂഫ്' മാതൃകകൾ വ്യാപിപ്പിക്കുന്നതിനായി വിദഗ്ദ്ധരുടെ ആലോചന യോഗം (Consultation Workshop) സംഘടിപ്പിക്കുകയും ആദ്യഘട്ട ചർച്ചകൾ നടക്കുകയും ചെയ്തു.



- ICFOSS ൻറെ സഹകരണത്തോടെ കേരളത്തിലെ 14 ജില്ലകളിലും അൾട്രാവയലറ്റ് (UV) സെൻസറുകൾ സ്ഥാപിച്ച് UV ഇൻഡക്സ് വിവര ശേഖരണം നടത്താൻ ആരംഭിച്ചു. LoraWAN ശ്രിംഖല ഉപയോഗപ്പെടുത്തി ICFOSS സ്ഥാപിച്ച ദിനാവസ്ഥ മാപിനികളോടൊപ്പമാണ് UV സെൻസറുകൾ ഉൾപ്പെടുത്തിയത്. താപനില സെൻസറുകളും ഇതോടൊപ്പമുണ്ട്. ഇതോടെ സംസ്ഥാനത്തു താപനില നിരീക്ഷണ സംവിധാനവും മെച്ചപ്പെട്ടു. വിവരങ്ങൾ പൊതുസമക്ഷം https://visualize.openiot.in/d/21I1RLOVJ3/lorawan-kerala-cluster?orgId=2&refresh=30s എന്ന പോർട്ടൽ വഴി ഇടമുറിയാതെ ലഭ്യമാകുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്ത് ഔദ്യോഗിക UV നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നത്. നടപ്പ് വർഷം ഡാറ്റ നിരീക്ഷിച്ചതിന് ശേഷം ഇവ ജനങ്ങൾക്ക് മുന്നറിയിപ്പുകളും സുരക്ഷാ നിർദേശങ്ങളുമായി അടുത്ത സീസൺ മുതൽ ദിനേന പുറപ്പെടുവിക്കും.
- കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം (CET) ആർക്കിടെക്ചർ ഡിപ്പാർട്മെന്റുമായി ചേർന്ന് മാതൃക 'കൂളിംഗ് സെന്ററുകളുടെ' ഡിസൈനുകൾ തയ്യാറാക്കി. വിദ്യാർഥികൾ പഠന പ്രവർത്തനത്തിൻറെ ഭാഗമായി തയ്യാറാക്കിയ ഡിസൈനുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന് അയച്ചു നൽകി.




- കേരളത്തിൽ 2023 ലെ ഉഷ്ണതരംഗ സമാന അന്തരീക്ഷ താപനിലയിൽ വർദ്ധനവ് ശ്രദ്ധിച്ച പ്രമുഖ അന്താരാഷ്ട്ര ഗവേഷണ സ്ഥാപനമായ 'വുഡ്വെൽ റിസേർച് സെന്റർ' സംസ്ഥാന ദു രന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് കേരളത്തിൻറെ താപനില പ്രൊജക്ഷനുകൾ സംബന്ധിച്ചുള്ള ഒരു പഠനം നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചു. ജിയോഹസാഡ് ഇന്റർനാഷണൽ, ജിയോ ഹസാഡ് സൊസൈറ്റി എന്നിവരുടെ സഹകരണത്തോടെ പ്രസ്തുത പഠനം ആരംഭിച്ചു. വിവിധ കാലാവസ്ഥ സെനാറിയോകൾ അനുസരിച്ചു ഭാവിയിൽ എങ്ങനെയായിരിക്കും കേരളത്തിലെ താപനില വർദ്ധനവ് എന്ന്

പരിശോധിക്കുകയും കണ്ടെത്തുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ലഭ്യമാക്കലുമാണ് ലക്ഷ്യം

- അംഗൻവാടികളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സാമൂഹികക്ഷേമ വകുപ്പിന് ഒരു കത്ത് നൽകി.
- തീപിടുത്തം ഒഴിവാക്കാൻ, താമസ പ്രദേശങ്ങളിലെ ഉണങ്ങിയ പുല്ല് നിയന്ത്രിതമായി മുറിക്കുന്നതിനുള്ള പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിച്ചു.
- ഷോർട്ട് സർക്യൂട്ടുകൾ തീപിടുത്തത്തിന് കാരണമാകുന്നതിനാൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും കെഎസ്ഇബിയുടെയും നേതൃത്വത്തിൽ എല്ലാ ആശുപത്രികളുടെയും പ്രധാന സർക്കാർ ഓഫീസുകളുടെയും വൈദ്യുത ഓഡിറ്റുകൾ നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി.
- സംസ്ഥാനത്തെ ജോലി സമയം പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. എംജിഎൻആർഇജിഎ തൊഴിലാളികളുടെ ജോലി സമയത്തിലും മാറ്റം വരുത്തി.
- ഓഫീസുകൾ, ആശുപത്രികൾ, പടക്ക ഫാക്ടറികൾ, പടക്ക വിൽപ്പന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, വ്യാവസായിക പ്ലാന്റുകൾ തുടങ്ങി തീപിടുത്ത സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും ഒരു ഫയർ ഓഡിറ്റ് നടത്താൻ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന് നിർദ്ദേശം നൽകി.
- ചൂടുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ, പൊള്ളൽ, വേനൽക്കാല പകർച്ചവ്യാധികൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ആരോഗ്യ പ്രവർത്തകർക്ക് പുറമെ ആശാ വർക്കർമാർക്കും പാരാ മെഡിക്കൽ ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകുന്നതിന് ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തി.
- പരീക്ഷാകാലമായതിനാൽ, പരീക്ഷാർത്ഥികളുടെ മാനസിക സമ്മർദ്ദം കൂടുതലായിരിക്കുമെന്നതിനാൽ, പരീക്ഷാ ഹാളുകളിൽ വായുസഞ്ചാരവും കുടിവെള്ളവും ഉറപ്പാക്കാനുള്ള നിർദ്ദേശം വിദ്യാഭ്യാസ വകുപ്പിനും പബ്ലിക് സർവീസ് കമ്മീഷനും നൽകി.
- ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തനങ്ങളുടെ അവലോകനം നടത്തി.

# സാമ്പത്തിക വിനിയോഗം 2023-2024

| | | FY 2023-24 | | | | | |
|---|---|---|---|---|---|---|---|
| Sl No | Particulars | Opening Balance (A) | Amount received (B) | Total (C=A+B) | Amount Expended (D) | Surrender (E) | Balance (F=C-(D+E)) |
| | | | Amount allotted in the Head of Account | | | | |
| **I** | **H/A 2053-00-094-50-PV** | | | | | | |
| a. | KSDMA PLAN | ₹ - | ₹ 5,86,00,000.00 | ₹ 5,86,00,000.00 | ₹ 5,19,66,186.00 | ₹ 66,33,814.00 | ₹ - |
| | **Total (I)** | ₹ - | ₹ **5,86,00,000.00** | ₹ **5,86,00,000.00** | ₹ **5,19,66,186.00** | ₹ **66,33,814.00** | ₹ - |
| **II** | **H/A 2245-80-102-93-02-00-00-P-V** | | | | | | |
| a. | Niti Ayog (GoI)* | ₹ - | ₹ 4,20,000.00 | ₹ 4,20,000.00 | ₹ 4,20,000.00 | ₹ - | ₹ - |
| | **Total (II)** | ₹ - | ₹ **4,20,000.00** | ₹ **4,20,000.00** | ₹ **4,20,000.00** | ₹ - | ₹ - |
| | | | | | | | |
| | | | **Treasury TSB & STSB Accounts** | | | | |
| **III** | **PSTSB-799012700000232** | | | | | | |
| | SDMA PLAN 2020-21 | ₹ 27,681.00 | ₹ 3,780.00 | ₹ 31,461.00 | ₹ 25,439.00 | ₹ - | ₹ **6,022.00** |
| | **Total (III)** | ₹ **27,681.00** | ₹ **3,780.00** | ₹ **31,461.00** | ₹ **25,439.00** | ₹ - | ₹ **6,022.00** |
| **IV** | **STSB-701011400000188** | | | | | | |
| a. | SDMA PLAN FUND 2020-21 | ₹ 24,63,919.00 | ₹ - | ₹ 24,63,919.00 | ₹ 24,63,919.00 | ₹ - | ₹ - |
| b. | Aapadamtira(GoI)* | ₹ 2,91,395.00 | ₹ - | ₹ 2,91,395.00 | ₹ 2,91,395.00 | ₹ - | |
| c. | CMDRF Prathyuthanam | ₹ 4,31,56,750.00 | ₹ - | ₹ 4,31,56,750.00 | ₹ - | ₹ 4,31,56,750.00 | ₹ - |
| d. | SDRF | ₹ 29,844.00 | ₹ - | ₹ 29,844.00 | ₹ 26,579.00 | ₹ - | ₹ 3,265.00 |
| e. | Miscellaneous Receipts | ₹ 57,069.00 | ₹ - | ₹ 57,069.00 | ₹ - | ₹ - | ₹ 57,069.00 |
| f. | Security deposit | ₹ 2,09,098.00 | ₹ - | ₹ 2,09,098.00 | ₹ - | ₹ - | ₹ 2,09,098.00 |
| g. | Salary Deductions | ₹ 16,500.00 | ₹ 2,00,200.00 | ₹ 2,16,700.00 | ₹ 2,16,700.00 | ₹ - | ₹ - |
| h. | Plan Fund 2016-17* | ₹ - | ₹ 3,47,274.00 | ₹ 3,47,274.00 | ₹ 3,47,274.00 | ₹ - | ₹ - |
| i. | Petty Cash | ₹ - | ₹ 29,364.00 | ₹ 29,364.00 | ₹ 29,364.00 | ₹ - | ₹ - |
| j. | SDMF | ₹ - | ₹ 1,95,85,296.00 | ₹ 1,95,85,296.00 | ₹ - | ₹ - | ₹ 1,95,85,296.00 |
| | **Total (IV)** | ₹ **4,62,24,575.00** | ₹ **2,01,62,134.00** | ₹ **6,63,86,709.00** | ₹ **33,75,231.00** | ₹ **4,31,56,750.00** | ₹ **1,98,54,728.00** |
| **V** | **STSB-701041400000028** | | | | | | |
| a. | SEOC Fund | ₹ 69,70,724.00 | ₹ - | ₹ 69,70,724.00 | ₹ 1,72,496.00 | ₹ - | ₹ 67,98,228.00 |
| | **Total (V)** | ₹ **69,70,724.00** | ₹ - | ₹ **69,70,724.00** | ₹ **1,72,496.00** | ₹ - | ₹ **67,98,228.00** |
| | | | | | | | |
| | | | **Bank Accounts** | | | | |
| **VI** | **SEOC Bank Account No 33031314643** | | | | | | |
| a. | Interest Accrued | ₹ 3,06,971.00 | ₹ 4,67,694.00 | ₹ 7,74,665.00 | ₹ 6,32,509.00 | ₹ - | ₹ 1,42,156.00 |
| b. | Guralph Seismograph* | ₹ 72,27,378.00 | ₹ 6,37,200.00 | ₹ 78,64,578.00 | ₹ 74,92,454.00 | ₹ - | ₹ 3,72,124.00 |
| c. | Mullapriyar | ₹ 38,13,158.00 | ₹ 7,14,125.00 | ₹ 45,27,283.00 | ₹ 9,14,458.00 | ₹ - | ₹ 36,12,825.00 |
| d. | Strengthening SDMA&DDMA | ₹ 1,47,066.00 | ₹ - | ₹ 1,47,066.00 | ₹ 96,200.00 | ₹ - | ₹ 50,866.00 |
| e. | Admin Cost | ₹ 73,203.00 | ₹ 3,65,254.00 | ₹ 4,38,457.00 | ₹ 63,557.00 | ₹ - | ₹ 3,74,900.00 |
| f. | RKI -LSGD DM Plan | ₹ 1,26,417.00 | ₹ - | ₹ 1,26,417.00 | ₹ 1,26,417.00 | ₹ - | ₹ - |
| g. | NIDM Fund Received | ₹ 170.00 | ₹ - | ₹ 170.00 | | ₹ - | ₹ 170.00 |
| h. | Strengthening ERCEDAP | ₹ 47,677.00 | ₹ - | ₹ 47,677.00 | ₹ 13,651.00 | ₹ - | ₹ 34,026.00 |
| i. | Weather Company | ₹ 8,79,372.00 | ₹ - | ₹ 8,79,372.00 | ₹ 6,42,600.00 | ₹ - | ₹ 2,36,772.00 |
| j. | Security deposit | ₹ 84,478.00 | ₹ - | ₹ 84,478.00 | ₹ - | ₹ - | ₹ 84,478.00 |
| k. | Remittance of Balance amount of Advance | ₹ 5,100.00 | ₹ 35,654.00 | ₹ 40,754.00 | ₹ 32,434.00 | ₹ - | ₹ 8,320.00 |
| l. | Fund received from NDMA | ₹ 7,00,000.00 | ₹ 3,28,887.00 | ₹ 10,28,887.00 | ₹ 10,28,887.00 | ₹ - | ₹ - |
| m. | Miscellaneous Receipts | ₹ 45,840.00 | ₹ 1,84,484.00 | ₹ 2,30,324.00 | ₹ - | ₹ - | ₹ 2,30,324.00 |
| n. | NGI | ₹ - | ₹ 75,00,000.00 | ₹ 75,00,000.00 | ₹ 73,96,437.00 | ₹ - | ₹ 1,03,563.00 |
| o. | RKI Building Assessment App | ₹ - | ₹ 8,56,800.00 | ₹ 8,56,800.00 | ₹ 8,51,400.00 | ₹ - | ₹ 5,400.00 |
| p. | NCRMP III* | ₹ - | ₹ 71,27,200.00 | ₹ 71,27,200.00 | ₹ 6,07,729.00 | ₹ - | ₹ 65,19,471.00 |
| | **Total (VI)** | ₹ **1,34,56,830.00** | ₹ **1,82,17,298.00** | ₹ **3,16,74,128.00** | ₹ **1,98,98,733.00** | ₹ - | ₹ **1,17,75,395.00** |

| | | | | | | | |
|---|---|---|---|---|---|---|---|
| **VII** | **Externally Funded Project** | | | | | | |
| a. | UNICEF | ₹ 16,78,070.00 | ₹ 8,86,050.00 | ₹ 25,64,120.00 | ₹ 20,45,227.00 | | ₹ 5,18,893.00 |
| | **Total (VII)** | **₹ 16,78,070.00** | **₹ 8,86,050.00** | **₹ 25,64,120.00** | **₹ 20,45,227.00** | **₹ -** | **₹ 5,18,893.00** |
| **VIII** | **Corpus Fund** | | | | | | |
| a. | A/c No 35718875550 | ₹ 11,97,257.00 | ₹ 13,898.00 | ₹ 12,11,155.00 | ₹ 13,898.00 | ₹ - | ₹ 11,97,257.00 |
| b. | A/c No 38858756719 | ₹ 3,18,070.00 | ₹ 3,853.00 | ₹ 3,21,923.00 | ₹ 3,853.00 | ₹ - | ₹ 3,18,070.00 |
| | **Total (VIII)** | **₹ 15,15,327.00** | **₹ 17,751.00** | **₹ 15,33,078.00** | **₹ 17,751.00** | **₹ -** | **₹ 15,15,327.00** |
| **IX** | **SDMF CSR** | | | | | | |
| a. | A/c No 39831022443 | ₹ 91,14,062.00 | ₹ 4,80,249.00 | ₹ 95,94,311.00 | ₹ 34,14,784.00 | ₹ - | ₹ 61,79,527.00 |
| | **Total (IX)** | **₹ 91,14,062.00** | **₹ 4,80,249.00** | **₹ 95,94,311.00** | **₹ 34,14,784.00** | **₹ -** | **₹ 61,79,527.00** |
| **X** | **PM Cares (GoI)** | | | | | | |
| a. | Fund Received | ₹ 1,60,13,687.00 | ₹ - | ₹ 1,60,13,687.00 | ₹ 1,60,13,687.00 | ₹ - | ₹ - |
| b. | Interest | ₹ 70,10,208.00 | ₹ 1,44,852.00 | ₹ 71,55,060.00 | ₹ 44,53,441.00 | ₹ - | ₹ 27,01,619.00 |
| | **Total (X)** | **₹ 2,30,23,895.00** | **₹ 1,44,852.00** | **₹ 2,31,68,747.00** | **₹ 2,04,67,128.00** | **₹ -** | **₹ 27,01,619.00** |
| **XI** | **A/c No 32179340388 and A/c No 41136726272** | | | | | | |
| a. | Aapadamtira Upscaling (GoI) | ₹ 2,06,77,090.00 | ₹ 6,03,40,807.00 | ₹ 8,10,17,897.00 | ₹ 6,43,65,673.00 | ₹ - | ₹ 1,66,52,224.00 |
| b. | Interest (GoI) | ₹ 20,36,156.00 | ₹ 6,62,759.00 | ₹ 26,98,915.00 | ₹ - | ₹ - | ₹ 26,98,915.00 |
| | **Total (XI)** | **₹ 2,27,13,246.00** | **₹ 6,10,03,566.00** | **₹ 8,37,16,812.00** | **₹ 6,43,65,673.00** | | **₹ 1,93,51,139.00** |
| **XII** | **A/C No 41136726272** | | | | | | |
| a. | SENDAI FRAME WORK (GoI) | ₹ 17,93,395.00 | ₹ - | ₹ 17,93,395.00 | ₹ 15,94,490.00 | ₹ - | ₹ 1,98,905.00 |
| b. | Interest (GoI) | ₹ 6,973.00 | ₹ 26,500.00 | ₹ 33,473.00 | ₹ - | | ₹ 33,473.00 |
| | **Total (XII)** | **₹ 18,00,368.00** | **₹ 26,500.00** | **₹ 18,26,868.00** | **₹ 15,94,490.00** | **₹ -** | **₹ 2,32,378.00** |
| **XIII** | **A/C No 4113682967 *** | | | | | | |
| a. | Niti Ayog (GoI) | ₹ 33,871.00 | ₹ 4,20,000.00 | ₹ 4,53,871.00 | ₹ 4,20,000.00 | ₹ - | ₹ 33,871.00 |
| b. | Interest (GoI) | ₹ 533.00 | ₹ 2,562.00 | ₹ 3,095.00 | ₹ - | | ₹ 3,095.00 |
| | **Total (XIII)** | **₹ 34,404.00** | **₹ 4,22,562.00** | **₹ 4,56,966.00** | **₹ 4,20,000.00** | **₹ -** | **₹ 36,966.00** |
| **XIV** | **A/C No 41207763587** | | | | | | |
| a. | ERSS (GoI) | ₹ 16,53,666.00 | ₹ - | ₹ 16,53,666.00 | ₹ 15,26,039.00 | ₹ - | ₹ 1,27,627.00 |
| b. | Interest (GoI) | ₹ 19,192.00 | ₹ 22,744.00 | ₹ 41,936.00 | ₹ - | | ₹ 41,936.00 |
| | **Total (XIV)** | **₹ 16,72,858.00** | **₹ 22,744.00** | **₹ 16,95,602.00** | **₹ 15,26,039.00** | **₹ -** | **₹ 1,69,563.00** |
| | **Grand Total (I+II+III+IV+V+VI+VII+VIII+IX+X+XI+XII+XIII+XIV)** | **₹ 12,82,32,040.00** | **₹ 16,04,07,486.00** | **₹ 28,86,39,526.00** | **₹ 16,97,09,177.00** | **₹ 4,97,90,564.00** | **₹ 6,91,39,785.00** |

*** The amount received in the H/A 2245-80-102-93-02-PV for Niti Ayog is transferred to Single Nodal Account (SNA) A/c No. 4113682967**

*** The Aapdamitira Fund in the STSB 701011400000188 recouped to Plan Fund 2016-17 (Book adjusted )**

*** The amount in the Guralph Seismograph is book adjusted to the NCRMP III in the SEOC Bank A/c No 33031314643**

**സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ കോർപ്പസ് ഫണ്ട്**: GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കോർപ്പസ് ഫണ്ട് fixed deposit ആയി State Bank of Indiaയിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-03-2020 വരെ ഇതിൽ ₹12,91,726/- (Twelve lakh ninety-one thousand seven hundred and twenty-six only) രൂപയുടെ നിക്ഷേപമാണ് ഉള്ളത്. GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരമാണ് ഇതിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നത്. നികുതി ഒടുക്കൽ അല്ലാതെ ഒരു തുകയും ഇതിൽ നിന്നും 2021-22 കാലഘട്ടത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടില്ല.

# ഉപസംഹാരം

2023-2024 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ സജീവമായും കാര്യക്ഷമമായും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.